# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂൺ 2017 വാല്യം 44 ലക്കം 3 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 12 വില 5.00 രൂപ




കാൾ മാർക്സ് 200-ാം ജന്മവാർഷികാചരണ സമ്മേളനം കൽക്കത്തയിൽ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ഇടതുനിന്ന്, സഖാവ് മൊബിനുൾ ഹൈദർ ചൗധരി(ജനറൽ സെക്രട്ടറി ബസാദ് (മാർക്സിസ്റ്റ്)), പൊളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ മണിക് മുഖർജി, അസിത് ഭട്ടാചാര്യ, രഞ്ജിത് ധർ, കേന്ദ്രകമ്മിറ്റിയംഗങ്ങളായ സഖാക്കൾ ദേബ പ്രസാദ് സർക്കാർ, സൗമൻബോസ്, ഛായാമുഖർജി (പുറകിൽ) സിപിഐ(എം) നേതാക്കളായ ശ്രീദീപ് ഭട്ടാചാര്യ, സുകേന്ദു പാണിഗ്രാഹി എന്നിവർ.

## തൊഴിലാളിവർഗ്ഗ വിമോചനത്തിന്റെ മാർഗ്ഗദീപവും ശാസ്ത്രങ്ങളുടെ ശാസ്ത്രവുമായ മാർക്സിസത്തിന്റെ അജയ്യത ഉദ്ഘോഷിച്ചുകൊണ്ട്

# മഹാനായ കാൾ മാർക്സിന്റെ ഇരുനൂറാം ജന്മവാർഷികം

**മ**നുഷ്യചരിത്രത്തിൽ ആദ്യമായി, ഭൗതികലോകത്തെ സംബന്ധിച്ച്, വിവിധ ശാസ്ത്രശാഖകൾ കണ്ടെത്തിയതും സാമൂഹ്യശാസ്ത്രങ്ങൾ സമാഹരിച്ചവയുമായ സത്യങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടും ഇഴ ചേർത്തുകൊണ്ടും സാമാന്യവൽക്കരിച്ചുകൊണ്ടും പുതുയുഗസൃഷ്ടിക്കുതകുന്ന ശാസ്ത്രീയ തത്വചിന്തയായ വൈരുദ്ധ്യാത്മക ഭൗതികവാദം മഹാനായ കാൾ മാർക്സ് അവതരിപ്പിച്ചപ്പോൾ, മുതലാളിത്തത്തിന്റെ അന്ത്യം അനിവാര്യമാണെന്നും മനുഷ്യരാശിയുടെ ലക്ഷ്യസ്ഥാനം കമ്മ്യൂണിസമാണെന്നും അദ്ദേഹം പ്രഖ്യാപിച്ചപ്പോൾ, ലോകത്തെ മുഴുവൻ അത് ഇളക്കിമറിക്കുകയും മുതലാളിത്ത ഭരണാധികാരികളുടെ ഇടനെഞ്ചിൽ മിന്നൽ പിണർ പായിക്കുകയും ചെയ്തു.

**പി**ന്നീട്, 1917 നവംബർ 7 ന് ഐതിഹാസികമായ റഷ്യൻ വിപ്ലവം അതിന്റെ ശിൽപ്പിയും മാർക്സിന്റെ അർഹനായ ശിഷ്യനുമായ മഹാനായ ലെനിന്റെ നേതൃത്വത്തിൻ കീഴിൽ വിജയംവരിച്ചപ്പോൾ, മാർക്സിസ്റ്റ് തത്വശാസ്ത്രത്തെ ശരിയായി മനസ്സിലാക്കി, കൃത്യമായി പ്രയോഗിക്കുന്നതിലൂടെ മാത്രമേ എല്ലാ പീഡനങ്ങളിലും അടിച്ചമർത്തലിലും നിന്ന് മോചനമുണ്ടാവുകയുള്ളൂ എന്ന് ലോകമൊട്ടാകെയുള്ള അധ്വാനിക്കുന്ന ജനങ്ങൾ തിരിച്ചറിഞ്ഞു. തന്റെ ലോകവീക്ഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായി മാർക്സ് അടിവരയിട്ട് ഉറപ്പിച്ചിട്ടുള്ള സത്യത്ത സോവിയറ്റ് വിപ്ലവം ഒന്നുകൂടി ഊട്ടിയുറപ്പിച്ചു. "തത്വചിന്തകർ നാളിതുവരെ ലോകത്തെ പലരീതിയിൽ വ്യാഖ്യാനിച്ചിട്ടേയുള്ളൂ. എന്നാൽ അതിനെ മാറ്റുകയെന്നതാണ് കാര്യം" (ഫോയർബാഹിനെ കുറിച്ചുള്ള തീസിസ്, തീസിസ് 11 (1845)) ഭൗതികലോകത്തിന്റെയും സമൂഹത്തിന്റെയും വികാസനിയമങ്ങൾ കണ്ടെത്തിക്കൊണ്ട്, തെളിയിക്കപ്പെട്ട സത്യങ്ങളുടെ അടിസ്ഥാനത്തിൽ മാർക്സ് സമഗ്രവും ശാസ്ത്രീയവുമായ ലോകവീക്ഷണം വികസിപ്പിച്ചെടുത്തു. ഇത് ലോകത്തെ ശരിയായി വ്യാഖ്യാനിക്കാൻ മാത്രമായിരുന്നില്ല അതിനെ മാറ്റിത്തീർക്കാ

*(ശേഷം 2-ാം പേജിൽ)*

## കന്നുകാലി വിൽപ്പന നിരോധിച്ച നടപടി പിൻവലിക്കുക

*2017 മേയ് 27 ന് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന*

**യാ**തൊരു നിയന്ത്രണവും വ്യവസ്ഥയുമില്ലാത്ത കാലി വ്യാപാരം തടയാനെന്നപേരിൽ പശു, കാള, എരുമ, പോത്ത്, ഒട്ടകം എന്നിവയെ കശാപ്പിനായി കാലിച്ചന്തകളിൽ വിൽക്കുന്നത് നിരോധിക്കാനുള്ള കേന്ദ്ര ബിജെപി സർക്കാരിന്റെ അങ്ങേയറ്റം ഏകാധിപത്യപരവും തികച്ചും ജനാധിപത്യവിരുദ്ധവുമായ തീരുമാനത്തെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. ഇത് രാജ്യത്തെ പൗരന്മാരുടെ മൗലികാവകാശങ്ങളിലുള്ള നഗ്നമായ കടന്നുകയറ്റവും, ജാതി, മതം, വംശം, വർണ്ണം എന്നിവയ്ക്കെല്ലാമതീതമായി മുഴുവൻ പൗരന്മാരുടെയും ഭരണഘടനാപരമായ അവകാശങ്ങൾ കവർന്നെടുക്കാൻ പോകുന്നതിന്റെ ദുസ്സൂചനയുമാണ്. ജനങ്ങൾ എന്ത് കഴിക്കണമെന്ന് ആജ്ഞാപിക്കുന്നതിലൂടെ സ്വന്തം ഭക്ഷണം തെരഞ്ഞെടുക്കാനുള്ള അവകാശം തട്ടിത്തെറിപ്പിക്കുകമാത്രമല്ല, പ്രോട്ടീൻ സമൃദ്ധമായ ഒരു ആഹാരം നിഷേധിക്കുകകൂടിയാണ് ചെയ്യുന്നത്. എന്നുമാത്രമല്ല, വലിയൊരു ജനവിഭാഗത്തിന്റെ ഉപജീവന മാർഗ്ഗം കൂടി ഇതിലൂടെ കൊട്ടിയടയ്ക്കുകയാണ്. അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങളുടെ ഐക്യത്തിനും സാഹോദര്യത്തിനുമൊക്കെ കടുത്ത ഭീഷണിയുയർത്തുന്ന ആർഎസ്എസ്-ബിജെപി ശക്തികളുടെ കടുത്ത വർഗ്ഗീയ അജണ്ട നടപ്പാക്കുന്നതിൽ അവർ എത്രത്തോളം മുന്നേറിയിരിക്കുന്നു എന്ന ഗൗരവാവഹമായ പ്രശ്നം ഇത് വെളിപ്പെടുത്തുന്നുണ്ട്. ഈ ഹീന നടപടിയെ ചെറുത്തുതോൽപ്പിക്കാൻ നേരായി ചിന്തിക്കുന്നവരും ജനാധിപത്യബോധമുള്ളവരുമായ മുഴുവൻ ജനങ്ങളും മുന്നോട്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ○

# പൊതുവിദ്യാഭ്യാസത്തിന്റെ ചുമതലയൊഴിയാൻ സർക്കാർ വക യജ്ഞം

**പ**തിവുപോലെ കൊട്ടും കുരവയുമായി പുതിയ അദ്ധ്യയനവർഷമാരംഭിച്ചു. കോടികൾ മുടക്കിയാണ് സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ ക്യാമ്പയിൻ നടത്തികൊണ്ടിരിക്കുന്നത്. അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് നമ്മുടെ പൊതുവിദ്യാലയങ്ങളെ കൊണ്ടെത്തിക്കുമെന്ന വമ്പൻ വാഗ്ദാനങ്ങളുടെ പെരുമഴ പെയ്തുകൊണ്ടിരിക്കുന്നു. ജൂൺ 1 ന് എല്ലാ പത്രമാധ്യമങ്ങളിലുമായി സർക്കാർ കോടികൾ മുടക്കി നൽകിയ പരസ്യത്തിൽ, പൊതുവിദ്യാലയങ്ങളെ ഹൈടെക്ക് ആക്കുമെന്ന വീരവാദവുമുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റെ സ്വയം സംരക്ഷകരായി അഭിനയിക്കുന്ന ഇടതുമുന്നണി സർക്കാർ, യഥാർത്ഥത്തിൽ ലക്ഷ്യം വെയ്ക്കുന്നതെന്ത്?

**പൊ**തുവിദ്യാലയങ്ങൾ നടത്താനാവശ്യമായ പണം പ്രാദേശികമായി സമാഹരിക്കുകയെന്ന നിർദ്ദേശം ആദ്യം അവതരിപ്പിച്ച ഡിപിഇപി/എസ്എസ്എ പദ്ധതികളുടെ കൃത്യമായ നടപ്പിലാക്കലെന്നോണം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് ഫണ്ട് സമാഹരണം സർക്കാർ ആരംഭിച്ചിരിക്കുന്നു. ആയിരം സ്കൂളുകളെ ഹൈടെക്ക് ആക്കി മാറ്റുന്നതിനുവേണ്ടിയാണ് ഫണ്ട് കളക്ഷൻ. കേരളത്തിൽ ആകെയുള്ള പന്ത്രണ്ടായിരത്തി നാനൂറ് സ്കൂളുകളിൽ നിന്ന് ഏത് മാനദണ്ഡമുപയോഗിച്ചാണ് ആയിരം സ്കൂളുകളെ തെരഞ്ഞെടുത്തതെന്ന് അറിയില്ല. അവശേഷിക്കുന്ന പൊതുവിദ്യാലയങ്ങളുടെ ഭാവിയെ സംബന്ധിച്ച് ഒരു വ്യക്തതയുമില്ല. ആദ്യ ഘട്ടമെന്ന നിലയിൽ ആയിരം സ്കൂളുകൾ; ബാക്കിയുള്ളവയുടെ കാര്യം പിന്നീട് നോക്കാം എന്നൊക്കെയാണ് സംവാദ വേളകളിൽ ന്യായീകരണവിദഗ്ധർ വാദങ്ങൾ പറയുന്നത്.

ധനകാര്യവകുപ്പ് മന്ത്രി തോമസ് ഐസക്ക് അവതരിപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളിലും ആയിരം സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുവേണ്ടി ആയിരം കോടി രൂപ വകയിരുത്തിയതായി പറയുകയും ചെയ്തു. (ബഡ്ജറ്റിൽ ഇതിനായി തുക നീക്കിവെയ്ക്കാതെയാണ് പ്രഖ്യാപനം നടത്തിയത്). അതായത്, സംസ്ഥാന സർക്കാർ ഫണ്ട് ഇതിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നില്ല. എസ്.എസ്.എ ഫണ്ടിന്റെ ബാക്കിയും ആർഎംഎസ്എയ്ക്കുവേണ്ടിയുള്ള പതിനായിരം കോടി രൂപയും കേന്ദ്രവിഹിതവും ഉപയോഗിച്ച് ചില ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുകയും ഓരോ സ്കൂളിനും ഓരോ കമ്പ്യൂട്ടർ വാങ്ങി നൽകുകയും ചെയ്യുന്നതോടെ ഡിജിറ്റൽ യുഗം ആരംഭിച്ചതായി വാഴ്ത്തപ്പെടും. ഹൈടെക്ക് വിദ്യ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കമ്പ്യൂട്ടറൈസേഷൻ ആണോ? അക്ഷരങ്ങൾ ഡിജിറ്റൽ രൂപത്തിൽ, ചില ക്ലാസ്സുറൂമുകളിൽ തെളിയുന്നതോടെ വിദ്യാഭ്യാസം അന്തർദ്ദേശീയമായതായി പാവം രക്ഷിതാക്കൾ വിശ്വസിച്ചുകൊള്ളണമെന്നാണോ?

എഴുത്തിലും വായനയിലും ഗണിതത്തിലും അവശ്യനിലവാരം ആർജ്ജിക്കാൻ കഴിയുന്നില്ലായെന്ന അടിസ്ഥാന പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. അഞ്ചാം ക്ലാസ്സിലെ 37 ശതമാനം വിദ്യാർത്ഥികൾക്കും രണ്ടാം ക്ലാസ്സിലെ മലയാളപാഠങ്ങൾ പോലും വായിക്കാനറിയില്ലെന്ന ദേശീയ സ്കൂൾ വിദ്യാഭ്യാസ പഠനറിപ്പോർട്ട് (ASER report 2016) കേരളത്തിലെ സർക്കാർ

*(ശേഷം 2-ാം പേജിൽ)*

# കാൾ മാർക്സിന്റെ ഇരുനൂറാം ജന്മവാർഷികം

( 1-ാം പേജിൽ നിന്ന്)

നുള്ള വസ്തുനിഷ്ഠവും ചരിത്രപരമായി നിർണ്ണയിക്കപ്പെട്ടതുമായ പ്രക്രിയ കാണിച്ചുതരാൻകൂടി വേണ്ടിയായിരുന്നു. മറ്റുവാക്കുകളിൽ, മനുഷ്യരാശിക്ക് സാർവ്വലൗകിക വീക്ഷണം പ്രദാനം ചെയ്യുന്നതും ലോകത്തെയാകെ ഉൾക്കൊള്ളുന്നതുമായ തത്വചിന്തയാണത്. അതുകൊണ്ടാണ്, മാർക്സിസം കേവലം അക്കാദമിക് ശാസ്ത്രമാകാതെ, ബോധപൂർവ്വം ഉപയോഗിക്കുന്ന മനുഷ്യന് ലോകത്തെ മാറ്റുന്നതിനുള്ള സമഗ്രമായ വിജ്ഞാനമായി മാറുന്നത്. അത് കേവലം വരട്ടുതത്വവാദമല്ല, മറിച്ച്, പ്രവർത്തനത്തിനുള്ള വഴികാട്ടിയാണ്, ശാസ്ത്രങ്ങളുടെ ശാസ്ത്രമാണ്. മാർക്സിസത്തിന്റെ അന്തഃസത്തയെ ശാസ്ത്രീയ വീക്ഷണമായി ഉൾക്കൊണ്ടുകൊണ്ട്, മാറുന്ന ലോകസാഹചര്യത്തിൽ അത് ശരിയായി പ്രയോഗിച്ച് കാലത്തിന്റെ സത്യത്തെ വെളിവാക്കുവാനുള്ള സമരമാണ് ലെനിൻ നടത്തിയത്. നിലവിലുള്ള സാമൂഹിക നിയമങ്ങളെയും, ശക്തികൾ തമ്മിലുള്ള ബന്ധത്തേയും പഠിക്കുവാനുള്ള വഴികാട്ടിയായി മാർക്സിസത്തെ ഏറ്റെടുത്ത്, റഷ്യൻ മണ്ണിൽ അതിനെ ഉറപ്പിച്ചു. ചൂഷക മുതലാളിത്ത വ്യവസ്ഥയെ തകർത്തെറിയുന്നതിനായി ആഗ്രഹിക്കുന്ന വിപ്ലവകരമായ മാറ്റം നടപ്പിൽ വരുത്താനുള്ള സാഹചര്യം പൂർത്തിയായിട്ടുണ്ടോ എന്നു തിരിച്ചറിയാനും അത് ഉപയോഗിച്ചു. ഇതിലൂടെ സമൂഹത്തിന്റെ പുരോഗതിയിലേയ്ക്കുള്ള പാത വെട്ടിത്തുറക്കുകയും, അതുവഴി ചരിത്രഗതിയെ മുന്നോട്ടുനയിക്കുകയും ചെയ്യും. അങ്ങനെ ചരിത്രത്തിലെ ദീപസ്തംഭമായി മാർക്സിസം വർത്തിക്കുന്നു മഹത്തായ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് മുന്നേറ്റത്തിനു നേരിട്ട താൽക്കാലിക തിരിച്ചടിയായിരുന്നു സോവിയറ്റ് യൂണിയന്റെയും ചൈനയുടെയും ലോക സോഷ്യലിസ്റ്റ് ചേരിയുടെയും തകർച്ച. എന്നാൽ ഇതാകട്ടെ, തൊഴിലാളിവർഗ്ഗ മുന്നേറ്റങ്ങളിലെ ബൂർഷ്വാ ഏജന്റുമാർ എന്ന് ലെനിൻ കൃത്യമായി വിളിച്ച തിരുത്തൽവാദികളും പരിഷ്ക്കരണവാദികളും, മാർക്സിസത്തെയും, അതിന് സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെയും കാലഘട്ടത്തിൽ ലെനിൻ നൽകിയ വ്യാഖ്യാനത്തെയും, ഉപേക്ഷിച്ചുകൊണ്ട് മുതലാളിത്തത്തെ തിരിച്ചുകൊണ്ടുവരാനായി അഹോരാത്രം പണിയെടുത്തതുകൊണ്ടാണ്. അതുകൊണ്ട് ഈ തിരിച്ചടിയിൽ വിഷാദംവേണ്ട. മറിച്ച്, മാർക്സിസം-ലെനിനിസത്തിന്റെ പാതയിൽനിന്നും വ്യതിചലിച്ചാൽ അത് വിനാശകരമായിരിക്കും എന്ന് എല്ലാ മാർക്സിസ്റ്റ് പ്രാമാണികരും തന്ന മുന്നറിയിപ്പ് ആവർത്തിക്കുകയാണ് ഈ തിരിച്ചടി. ഇപ്പോൾ സ്വേച്ഛാധിപതികളായ സാമ്രാജ്യത്വ-മുതലാളിത്ത ഭരണാധികാരികൾ ഈ ഏക ധ്രുവ ലോകത്തിൽ നിറഞ്ഞാടുന്നു. നിസ്സഹായരായ മനുഷ്യരോ, മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ഈ ചൂഷണത്തിന്റെ നുകത്തിൽനിന്നുള്ള മോചനത്തിനായി കേഴുന്നു. ഇവിടെ മാർക്സിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെല്ലാം വീണ്ടെടുത്ത് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് മുന്നേറ്റത്തെ വർദ്ധിത വീര്യത്തോടെ ഉണർത്തിയെടുത്ത്, എല്ലാ തിന്മകളുടെയും തായ്‌വേരായ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ അടിത്തറയിളക്കണം.

### മാർക്സിസത്തിന്റെ ആവിർഭാവം

മാർക്സിന്റെ ഉദയം യാദൃശ്ചികമായിരുന്നില്ല, തികച്ചും ചരിത്രപരമായ ആവശ്യകതയായിരുന്നു. സാമൂഹിക സാഹചര്യങ്ങൾ പാകമായപ്പോഴാണ്-അത് ശാസ്ത്രത്തിന്റെ മതിയായ വികാസം, മുതലാളിത്തത്തിന്റെ വളർച്ച , തൊഴിലാളിവർഗ്ഗത്തിന്റെ ഉത്ഭവം, മാർക്സിസം ആവിർഭവിച്ചത്. വഴിത്തിരിവായ മൂന്നു ശാസ്ത്രകണ്ടുപിടുത്തങ്ങൾ സംഭവിച്ചു. ഡാർവിന്റെ പരിണാമസിദ്ധാന്തം, വിദ്യുത്-കാന്തികശക്തിയെ മാക്സ്‌വെൽ കണ്ടുപിടിക്കുന്നു, ജീവന്റെ അടിസ്ഥാന കണിക ജൈവകോശം ആണെന്ന് ഷ്‌ളെയിഡെൻ കണ്ടെത്തുന്നു.-ഇതെല്ലാം പ്രകൃതിയെ നിയന്ത്രിക്കുന്ന പുതിയ നിയമങ്ങളെ തുറന്നുകാണിക്കുകയും, ഭൗതിക ലോകത്തെ നിയന്ത്രിക്കുന്ന പൊതുശാസ്ത്രീയ നിയമങ്ങളെ വെളിവാക്കി മാർക്സിസത്തിന്റെ അടിത്തറ നൽകുകയും ചെയ്തു.

മാർക്സിസത്തിനുമുമ്പേ ജർമ്മൻ തത്വചിന്തകനായ ഹെഗൽ വൈരുദ്ധ്യാത്മകവാദത്തിന്റെ പ്രധാനഘടകങ്ങളെ, ഭൗതികലോകത്തിന്റെ വികാസത്തിന്റെയും, മാറ്റത്തിന്റെയും താക്കോലായി അവതരിപ്പിച്ചിരുന്നു. വൈരുദ്ധ്യാത്മകതയുടെ പ്രയോഗത്തെക്കുറിച്ച് ആദ്യമായി പറഞ്ഞത് ഹെഗൽ ആണ്. ലോകത്ത് എല്ലാം, തീസിസ്, ആന്റി തീസിസ് എന്നിങ്ങനെ രണ്ടു വിപരീതങ്ങളുടെ വൈരുദ്ധ്യങ്ങളിൽ നിലകൊള്ളുകയും അത് ആത്യന്തികമായി സിന്തസിസിലേയ്ക്ക് നയിക്കുമെന്നും അദ്ദേഹം കാട്ടിത്തന്നു. മാറ്റത്തിനുള്ള വൈരുദ്ധ്യാത്മകത പിന്തുടരുന്നതിലൂടെയാണ് ഭൗതികലോകം വികസിക്കുന്നതെന്നും അദ്ദേഹം സ്ഥാപിച്ചു. എന്നാൽ എന്താണ് ചിന്തയും ആശയവുമെന്ന് മനസ്സിലാക്കുന്നതിൽ അദ്ദേഹം കുടുങ്ങിപ്പോയി. ആ പ്രഹേളികയിൽനിന്നും പുറത്തുവരാനായി ഹെഗൽ കണ്ടെത്തിയ മാർഗ്ഗം ആശയം ആണ് പരമം, ദ്രവ്യമെന്നത് ആശയത്തിന്റെ വൈരുദ്ധ്യപരമായ പ്രകാശനമാണ് എന്ന് കരുതുകയായിരുന്നു. ദ്രവ്യവും ആശയവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ട ഹെഗൽ, ഭൗതികലോകത്തെ ഒരു പരമമായ ആശയത്തിന്റെ പ്രകാശനമായി മാത്രം കാണുകയും ചെയ്തു. ഇതിലൂടെ, തന്റെ കണ്ടെത്തലിനെ വൈരുദ്ധ്യാത്മക ആശയവാദമായി അദ്ദേഹം ചുരുക്കി. ഹെഗലിന്റെ ശിഷ്യനായ ഫോയർബാഗ് ഹെഗലിയൻ വൈരുദ്ധ്യവാദത്തിലെ 'പരമമായ ആശയം' എന്ന തത്വത്തെ ഒഴിവാക്കിക്കൊണ്ട് അതിനെ തിരുത്തുവാൻ ശ്രമിച്ചു. എന്നാൽ ചിന്തയുടെ ഉൽപ്പത്തിയെയും ദ്രവ്യവും ആശയവും തമ്മിലുള്ള ശരിയായ ബന്ധത്തെയും വ്യക്തമായി വ്യാഖ്യാനിക്കുവാൻ അദ്ദേഹത്തിനും സാധിച്ചില്ല. നൈതികതയും സദാചാരവും പോലെയുള്ള അടിസ്ഥാന മനുഷ്യമൂല്യങ്ങൾ നിശ്ചലവും മാറ്റമില്ലാത്തതുമാണെന്നും അദ്ദേഹം വിശ്വസിച്ചു. ഭൗതികലോകത്തെ രണ്ടാമതും, ആശയത്തിനും ബോധത്തിനും മുൻഗണനയും നൽകുന്ന ആശയവാദത്തിന്റെ സീമകൾ മറികടക്കുന്നതിലും അദ്ദേഹം പരാജയപ്പെട്ടു.

അവസാനം മാർക്സ് തന്നെയാണ് ഈ കടങ്കഥയ്ക്കുള്ള ഉത്തരവും കണ്ടെത്തിയത്. മനുഷ്യമനസ്സും ചുറ്റുമുള്ള ഭൗതികലോകവും തമ്മിലുള്ള വൈരുദ്ധ്യാത്മക കൊടുക്കൽ വാങ്ങലുകളുടെ ഫലമായാണ് ചിന്തയും ആശയവും ഉടലെടുക്കുന്നതെന്നും, അതുകൊണ്ടുതന്നെ അത് ഒരു ദ്രവ്യപ്രക്രിയയുടെ ഉൽപ്പന്നവുമാണെന്ന് മാർക്സ് കാട്ടിത്തന്നു. അപ്പോൾ, ദ്രവ്യം അല്ലെങ്കിൽ ഭൗതികലോകമാണ് പ്രഥമം, ആശയമല്ല. ഈ സത്യം ശാസ്ത്രീയവിശകലനരീതി ഉപയോഗിച്ച് അദ്ദേഹം കണ്ടെത്തിയതാണ്. അപ്പോഴും പരീക്ഷണത്തിലൂടെ ശാസ്ത്രജ്ഞർ അത് സ്ഥിരീകരിച്ചിരുന്നില്ല. പിന്നീട്, പരീക്ഷണത്തിലൂടെ തെളിയിക്കപ്പെട്ട തള്ളിക്കളയാനാകാത്ത സത്യമായി, മാർക്സിന്റെ നിരീക്ഷണത്തെ ശാസ്ത്രജ്ഞരും അംഗീകരിച്ചു. മാർക്സ് പിന്നീട് ചൂണ്ടിക്കാണിച്ചു, ഭൗതികലോകം മാറ്റങ്ങൾക്കു വിധേയമാവുകയും ആ മാറ്റങ്ങളിലൂടെ വികസിക്കുകയും ചെയ്യുന്നു. ആശയങ്ങളും ചിന്തകളും മാറ്റത്തിനുവിധേയമാകുന്നു. ബാഹ്യലോകത്തെ മാറ്റങ്ങളെ നിയന്ത്രിക്കുന്ന പൊതുതത്വങ്ങൾക്ക് അവയും വിധേയമാണ്. "എന്റെ വൈരുദ്ധ്യാത്മകരീതി", മാർക്സ് പറഞ്ഞു; "ഹെഗലിന്റേതിൽ നിന്ന് വ്യത്യസ്തമാണെന്നു മാത്രമല്ല; അതിന് കടകവിരുദ്ധവുമാണ്. ഹെഗലിനെ സംബന്ധിച്ചിടത്തോളം, ആശയം എന്നപേരിൽ ചിന്താപ്രക്രിയതന്നെ ഒരു സ്വതന്ത്രവിഷയമാക്കി മാറ്റിയെടുക്കുകയും, യഥാർത്ഥ ലോകത്തിന്റെ സൃഷ്ടാവായി അതിനെ കാണുകയും, യഥാർത്ഥ ലോകം ബാഹ്യമാണെന്നും ആശയത്തിന്റെ വികസിച്ച രൂപമാണെന്നുമുള്ള രീതിയാണ്" മറുവശത്ത് എനിക്കാകട്ടെ, ആശയമെന്നാൽ മനുഷ്യമനസ്സിൽ ഭൗതിക ലോകത്തിന്റെ പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല, അതിനെ ചിന്തയുടെ രൂപങ്ങളായി പരിവർത്തനപ്പെടുത്തുന്നു. (മാർക്സ് -മൂലധനം ഒന്നാംവോള്യം, രണ്ടാം ജർമ്മൻ എഡിഷൻ) ദൃഷ്ടാന്തമായി അദ്ദേഹം പറയുന്നു.'യുക്തി എപ്പോഴും നിലനിന്നിരുന്നു എപ്പോഴും യുക്തിപരമായ രീതിയിൽ അല്ലെങ്കിലും'.(കത്ത് -റൂസ് 1843). മാർക്സിന്റെ അജീവനാന്ത സഖാവും, മാർക്സിനോടൊപ്പം പല മാർക്സിയൻ ക്ലാസ്സിക്കുകളും എഴുതിയയാളും അതിലൂടെ മാർക്സിസത്തിന്റെ പ്രാമാണിക സ്ഥാനത്തേയ്ക്ക് ഉയർന്നയാളുമായ ഫെഡറിക് എംഗൽസ് ഒന്നിലേറെ തവണ പ്രഖ്യാപിച്ചിട്ടുണ്ട് "ഭൗതികവാദപരമായ അടിത്തറ ഉണ്ടായിട്ടുകൂടിയും ഫോയർബാഗ് പരമ്പരാഗത ആശ്യവാദ ചട്ടക്കൂടിനുള്ളിൽ നിലകൊള്ളുകയായിരുന്നു." കൂടാതെ,"മതവും നൈതികതയുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ തത്വചിന്തയിലേയ്ക്കുവരുമ്പോൾതന്നെ ഫോയർബാഗിന്റെ യഥാർത്ഥ ആശയവാദം വ്യക്തമാകുന്നു.(മാർക്സ്-എംഗൽസ്-വോള്യം(14. പേജ് 652-52). കൂടുതൽ വിശദീകരിച്ചുകൊണ്ട്; മറ്റൊരു മഹാനായ മാർക്സിസ്റ്റ് പ്രാമാണികനായ സ്റ്റാലിൻ നിരീക്ഷിക്കുന്നു "മാർക്സും ഏംഗൽസും ഹെഗലിയൻ വൈരുദ്ധ്യവാദത്തിൽ നിന്നും "യുക്തിപരമായ അകക്കാമ്പ്" മാത്രം എടുത്തു, ആശയവാദപരമായ പുറന്തോട് ഉപേക്ഷിച്ചു, പിന്നീട് വൈരുദ്ധ്യവാദത്തെ ഭൈതികവാദത്തിന്റെ ശാസ്ത്രീയ തത്വചിന്തയായി വികസിപ്പിച്ച് അതിന്റെ ആശയവാദ-മതപരമായ-നൈതികമായ ബാദ്ധ്യതകൾ ഒഴിവാക്കുകയും ചെയ്തു. (വൈരുദ്ധ്യാത്മകവും-ചരിത്രപരവുമായ ഭൗതികവാദം- ലെനിനിസത്തിന്റെ പ്രശ്നങ്ങൾ- page 836)

(ശേഷം 10-ാം പേജിൽ)

# 5537 പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിൽ

( 1-ാം പേജിൽ നിന്ന്)

-എയ്ഡഡ് വിദ്യാലയങ്ങളിലെ പഠനനിലവാരമെന്തെന്ന് ചൂണ്ടികാണിക്കുന്നുണ്ട്. അതിന് പരിഹാരമുണ്ടാക്കാൻ ഒരു നടപടിയും പാഠ്യപദ്ധതിയിലോ പഠനസമ്പ്രദായങ്ങളിലോ വരുത്തുന്നതായി കാണുന്നില്ലായെന്ന് മാത്രമല്ല, എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിലവിലുള്ള പാഠഭാഗങ്ങളുടെ ഉള്ളടക്കം പോലും വെട്ടിക്കുറയ്ക്കാനും മാറ്റിയെഴുതാനും ശ്രമങ്ങൾ ആരംഭിക്കുകയും ചെയതിരിക്കുന്നു. പാഠ്യപദ്ധതിയിലും ബോധനരീതിയിലും കാര്യമായ അഴിച്ചുപണികൾ നടത്താതെ, വിദ്യാഭ്യാസ നിലവാരം ഉയരില്ലായെന്ന വസ്തുത മറച്ചുവെയ്ക്കാനാണ് എസ്.സി.ഇ.ആർ.ടി.യും പൊതുവിദ്യാഭ്യാസ വകുപ്പും മിനുക്ക്പണികൾ മാത്രം നടത്തുന്നത്.

7-ാം ക്ലാസ്സുകാരനെ 55 മണിക്കൂർ കൊണ്ട് എഴുത്തും വായനയും പഠിപ്പിക്കാനാണല്ലോ സാക്ഷരം പരിപാടിക്ക് കാസർകോട് ഡയറ്റ് നേതൃത്വം നൽകിയത്. അപ്പോൾ അതിനർത്ഥം 7-ാം ക്ലാസ്സുകാരൻ നിരക്ഷരൻ ആണെന്നല്ലേ? എന്തുകൊണ്ടാണ് പത്താം ക്ലാസ്സിലെ എ പ്ലസ് കാർക്കുപോലും മലയാളം നേരെചൊവ്വേ എഴുതാനറിയാത്തത്? പ്രശ്നം പുതിയ പഠന രീതികൾ കൊണ്ടുവന്ന വൈകല്യങ്ങൾ ആണ്. അതിലൂടെ കൊഴിഞ്ഞുപോക്ക് വർദ്ധിച്ചു. എന്നാൽ, സർക്കാർ ഇപ്പോൾ നടത്തിയ പ്രചണ്ഡമായ പ്രചരണ പ്രവർത്തനങ്ങളിലൂടെ ഒന്നാം ക്ലാസ്സിൽ ഒരു ശതമാനം വിദ്യാർത്ഥികളുടെ എണ്ണം കഴിഞ്ഞവർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ട്. അത്രയും ആശ്വാസകരമായ കാര്യം എന്നു പറയണമെങ്കിൽ, ആ കുഞ്ഞുങ്ങൾക്ക് ഏറ്റവും പ്രാഥമികമായ അക്ഷരജ്ഞാനം ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ബോധനരീതികൾ ശാസ്ത്രീയമാക്കാൻ നിർദ്ദേശിക്കണം. ഡിപിഇപി മോഡൽ പഠനം തിരിച്ചുകൊണ്ടുവരാൻ സർക്കാർ നടത്തുന്ന എല്ലാ തലതിരിഞ്ഞ ശ്രമങ്ങളും ഉടനടി നിർത്തുകയും വേണം.

സ്കൂൾ നടത്താൻ പിടിഎ കമ്മിറ്റികളും പൂർവ്വവിദ്യാർത്ഥികളും ജീവകാരുണ്യപ്രവർത്തകരും സംഭാവനകൾ നൽകണമെന്ന ആഹ്വാനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ നൽകുന്നത്. അങ്ങനെ ഫണ്ട് സമാഹരിക്കാൻ കഴിയാത്ത വിദ്യാലയങ്ങൾ അനാദായകരമായി, സ്വാഭാവിക മരണത്തിന് കീഴടങ്ങേണ്ടിവരും. 5,537 സർക്കാർ/ എയ്ഡഡ് സ്കൂളുകൾ ഇതിനകം അൺ-എക്കണോമിക് പട്ടികയിൽപ്പെട്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ആ സ്കൂളുകൾക്ക് സഹായം നൽകാൻ ഒരു പരിപാടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. പകരം, നടക്കാവ് മാതൃക സ്വീകരിക്കാനുള്ള ആഹ്വാനം മാത്രമാണ് സർക്കാർ നൽകുന്നത്. എത്ര സ്കൂളുകൾക്കാണ് നടക്കാവ് മോഡൽ എന്ന പേരിൽ, പൊതുജനസഹായത്തോടെ, എത്രകാലം സ്കൂൾ നടത്താൻ കഴിയുക? സ്കൂളുകളുടെ സാമ്പത്തികചുമതല സർക്കാർ വഹിക്കുന്നില്ലായെങ്കിൽ മഹാഭൂരിപക്ഷം വിദ്യാലയങ്ങളും കാലക്രമത്തിൽ അടച്ചുപൂട്ടേണ്ടിവരും. യഥാർത്ഥത്തിൽ, പൊതുവിദ്യാലയങ്ങളുടെ സാമ്പത്തികചുമതലയിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ആഗോളീകരണതന്ത്രങ്ങൾ വിദഗ്ദ്ധമായി നടപ്പാക്കുകയാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്.

പൊതുവിദ്യാലയങ്ങളെ അനാകർഷകമാക്കുന്ന മറ്റൊരു പ്രധാന പ്രശ്നമായിരുന്നു ചോദ്യപേപ്പർ ചോർച്ചയും പത്താം ക്ലാസ്സിലെ ഗണിതപരീക്ഷ വീണ്ടും നടത്തേണ്ടിവന്നതും. എസ്എൽഎസ്സി, ഹയർസെക്കണ്ടറി പരീക്ഷകളിലെ ചോദ്യങ്ങൾ സ്വകാര്യസ്ഥാപനങ്ങൾ ഇതിനകം മോഡൽ പരീക്ഷകൾക്ക് ഉപയോഗിച്ചതായിരുന്നു. ചോദ്യപേപ്പർ ചോർത്തുന്ന ലോബിയുമായി പരീക്ഷാബോർഡിനുള്ള ബന്ധവും പുറത്തുവന്നു. ഫിസിക്സ്, ഗണിത പരീക്ഷകളിലെ തെറ്റായ ചോദ്യങ്ങൾക്ക് പകരം എല്ലാ വിദ്യാർത്ഥികളെയും ആ വിഷയങ്ങളിൽ ജയിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. എന്തായാലും, പഠിച്ചാലും ഇല്ലെങ്കിലും ആൾ പ്രമോഷൻ ആണല്ലോ എന്ന ന്യായവും ഉണ്ട്. അങ്ങനെയാണ് 96.5 ശതമാനം വിജയം ഇത്തവണ എസ്എസ്എൽസിയിൽ ഉണ്ടായി വന്നത്.

സമാനമായ കുത്തഴിഞ്ഞ സ്ഥിതി ഹയർസെക്കണ്ടറി പരീക്ഷകളിലും ആവർത്തിക്കപ്പെട്ടതോടെ, വിശ്വാസ്യത തകർക്കാൻ അധികാരികൾ കരുതിക്കൂട്ടി ചെയ്തവയാണ് ചോദ്യപേപ്പർ ചോർച്ചയെന്നും വ്യക്തമാകുന്നു. താരതമ്യേന മികച്ച പഠനനിലവാരം പുലർത്തുന്ന ഹയർസെക്കണ്ടറിയെ തകർത്ത്, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാൻ സർക്കാർ നടത്തിവരുന്ന ഗൂഢനീക്കങ്ങളുടെ ഭാഗമായിരുന്നു അവയെല്ലാം. 8-ാം ക്ലാസ്സുവരെ പ്രാഥമിക സ്കൂൾ വിദ്യാഭ്യാസവും അതിനുശേഷം 9,10,11,12 ക്ലാസ്സുകൾ സംയോജിപ്പിച്ച് സെക്കണ്ടറി വിദ്യാഭ്യാസവും ആരംഭിക്കാനുള്ള സംരംഭം നടന്നുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്എ) ഫണ്ടുപയോഗിച്ച് പ്ലസ് ടു ഘട്ടത്തെ പൂർണ്ണമായും സ്കൂളിന്റെ കൂടെ ലയിപ്പിക്കാനുള്ള നീക്കത്തിനെതിരെ അദ്ധ്യാപകർ പ്രക്ഷോഭത്തിലാണ്. ഒരു ദിവസത്തെ ക്ലസ്റ്റർ ബഹിഷ്കരണ സമരം നടത്തിയതിന് ശേഷമാണ് സർക്കാർ ഒരു കാൽ പിന്നോട്ട് വെച്ചിട്ടുള്ളത്. എന്തായാലും, ഞങ്ങൾ മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തെ സ്കൂളിന്റെ ഭാഗമാക്കിയാൽ താരതമ്യേന മികച്ച നിലവാരമുള്ള പ്ലസ് ടു കോഴ്സുകളുടെ നാശത്തിന് അത് കാരണമാകും.

(ശേഷം 3-ാം പേജിൽ)

# പ്രൊഫ: കെ.ബി.ഉണ്ണിത്താൻ അനുസ്മരണ സമ്മേളനം




അനുസ്മരണസമ്മേളനത്തിൽ എം.ഷാജർഖാൻ പ്രസംഗിക്കുന്നു

**ന**മ്മുടെ നാടിന്റെ വിദ്യാഭ്യാസ- സാംസ്കാരിക മേഖലകളുടെ രക്ഷയ്ക്കായി അവസാന ശ്വാസം വരെ പൊരുതിയ മഹദ് വ്യക്തിത്വമായിരുന്നുപ്രൊഫ: കെ. ബി.ഉണ്ണിത്താൻ എന്ന് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജൂൺ 3 ന്, തൃശ്ശൂർ വയലാകൾച്ചറൽ സെന്ററിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം അഭിപ്രായപ്പട്ടു സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ്പ്രസിഡന്റ് ജി.നാരായണൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനസെക്രട്ടറി എം. ഷാജർഖാൻ പ്രമേയം അവതരിപ്പിച്ചു. മംഗളം ബ്യൂറോ ചീഫ് ജോയി എം.മണ്ണൂർ, പ്രൊഫ.കെ.ബി.ഉണ്ണിത്താന്റെ മകൾ വന്ദന, മരുമകൻ പ്രദീപ്, പേരക്കുട്ടികളായ മീനാക്ഷി, പൗർണ്ണമി, വത്സലാവാസുദേവൻ പിള്ള, ഡോ.ആനന്ദൻ, സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന നേതാവ് ഷൈല കെ.ജോൺ, നാടകപ്രവർത്തകൻ കെ.വി. ഗണേഷ്, സേവ് എജൂക്കേഷൻ ജില്ലാ വൈസ് പ്രസിഡന്റ് ഡോ.പി.എസ്.ബാബു, മനു പ്രകാശ്, സി.ആർ. ഉണ്ണികൃഷ്ണൻ, ഡോ.മുകുന്ദൻ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി എം.പ്രദീപൻ സ്വാഗതവും അഡ്വ. സുജ ആന്റണി നന്ദിയും പറഞ്ഞു. ○

# സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന പഠന ക്യാമ്പ്

**കേ**രളത്തിലെ സ്വാശ്രയ മേഖലയിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കെതിരായി സുശക്തമായ സമരം സംഘടിപ്പിക്കുവാൻ സേവ് എജ്യുക്കേഷൻ കമ്മിറ്റി മൂഴിക്കുളം ശാലയിൽ മെയ് 14,15 തീയതികളിൽ നടത്തിയ ക്യാമ്പിൽ തീരുമാനിച്ചു. ജിഷ്ണു പ്രണോയിയുടെ ഘാതകരെ രക്ഷിക്കുവാനായി അവശേഷിക്കുന്ന തെളിവുകൾ പോലും നശിപ്പിക്കുവാൻ ഉന്നത പോലീസ് ഉദ്യോഗസ്ഥരും ആഭ്യന്തരവകുപ്പും നടത്തുന്ന ഗൂഢാലോചനകൾ അവസാനിപ്പിക്കണം. ജിഷ്ണു കേസ് പുനരന്വേഷിച്ച് പുതിയ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുവാൻ സർക്കാർ തയ്യാറാവണം

മെഡിക്കൽ പി.ജി. കോഴ്സുകളിലെ മെരിറ്റ് ഫീസ് പോലും 6.5 ലക്ഷം രൂപയിൽ നിന്ന് 14 ലക്ഷമായി വർദ്ധിപ്പിക്കാനുള്ള സർക്കാർ തീരുമാനം ഒരു പകൽകൊള്ളയാണ്. ഫീസ് ഏകീകരിക്കുന്നു എന്ന പേരിലാണ് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ ഇത്തരമൊരു തീരുമാനം കൈക്കൊണ്ടത്. വാസ്തവത്തിൽ ഫീസ് പതിന്മടങ്ങ് വർദ്ധിപ്പിച്ച് വിദ്യാർത്ഥികളെ കൊള്ളയടിക്കാൻ മാനേജ്മെന്റും സർക്കാരും തമ്മിലുണ്ടാക്കിയ ധാരണപ്രകാരമാണ് മെഡിക്കൽ പി.ജി. കോഴ്സുകളിലെ ഈ പുതിയ ഫീസ് ഘടനയിൽ ഒപ്പ് വയ്ക്കാൻ രാജേന്ദ്രബാബു കമ്മീഷനെ സർക്കാർ നിർബന്ധിച്ചത്. ഫീസ് വർദ്ധിപ്പിച്ചുകൊണ്ടുള്ള പുതിയ കരാർ എത്രയും വേഗം റദ്ദാക്കണം.ഫീസ് വർദ്ധനവ് പിൻവലിക്കുന്നതു വരെ പ്രക്ഷോഭരംഗത്ത് സേവ് എജ്യുക്കേഷൻ കമ്മിറ്റി ശക്തമായി നിലകൊള്ളും. സ്വകാര്യ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡിറ്റി ഡാമേജസ് (Liquidity Damages)എന്ന പേരിൽ കോഴ്സ് കാലയളവിൽ തന്നെ മുഴുവൻ ഫീസും പിടിച്ചെടുക്കാൻ പ്രോസ്പക്ടസിലൂടെ സർക്കാർ അനുമതി നൽകിയിരിക്കുന്നു. കോഴ്സിനിടയിൽ പല കാരണങ്ങളാൽ കോഴ്സ് നിർത്തി പോകുകയോ മറ്റ് കോഴ്സുകളിലേക്ക് ചേരുകയോ ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്ന് മുഴുവൻ ഫീസും തട്ടിയെടുക്കുന്ന അങ്ങേയറ്റം ദ്രോഹകരമായ തീരുമാനം പിൻവലിക്കണം. അതുപോലെ സാങ്കേതിക സർവ്വകലാശാല, വിദ്യാർത്ഥികളെ ദ്രോഹിക്കാനും മാനേജുമെന്റുകളെ സഹായിക്കാനും ഏർപ്പെടുത്തിയിരിക്കുന്ന സമ്പ്രദായം വലിയ ദുരന്തങ്ങളാണ് സൃഷ്ടിക്കാൻ പോകുന്നത്. യഥാസമയം റിസൾട്ട് പ്രസിദ്ധീകരിക്കാത്തതിനാൽ ഇയർഔട്ട് ആയ വിദ്യാർത്ഥികളുണ്ട്. അവരെല്ലാം ആത്മഹത്യാമുനമ്പിലാണ്. തോന്നിയപടി പരീക്ഷ നടത്തുകയും റിസൾട്ട് പ്രസിദ്ധീകരിക്കാതിരിക്കുകയും ചെയ്യുന്ന സാങ്കേതിക സർവ്വകലാശാല കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ അവതാളത്തിലാക്കിയിരിക്കുകയാണ്. സാങ്കേതിക സർവ്വകലാശാലയിലെ വിദ്യാർത്ഥിദ്രോഹ നടപടികൾക്ക് നേതൃത്വം നൽകുന്നത് സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസിലറുടെ നേതൃത്വത്തിലാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ സ്വാശ്രയ കോളേജുകളിലും സ്വതന്ത്ര വിദ്യാർത്ഥി വേദികൾ രൂപവത്കരിക്കാനും സ്വാശ്രയ വിദ്യാർത്ഥി കൺവൻഷനുകൾ എല്ലാ കോളേജുകളിലും വിളിച്ച് ചേർക്കാനും മെയ് 13,14 തീയതികളിൽ മൂഴിക്കുളം ശാലയിൽ നടന്ന സേവ് എജ്യുക്കേഷൻ സംസ്ഥാനക്യാമ്പ് തീരുമാനിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ പേരിൽ സർക്കാർ നടത്തുന്ന തട്ടിപ്പ് തുറന്നു കാണിക്കാനും സേവ് എജ്യുക്കേഷൻ കമ്മിറ്റി തീരുമാനിച്ചു. കേരളത്തിലെ വിവിധ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളും വിദ്യാഭ്യാസ പ്രവർത്തകരും പങ്കെടുത്ത ക്യാമ്പ് സമീപകാല സമരങ്ങൾ അവലോകനം ചെയ്യുകയും സമഗ്രമായ ഭാവിപരിപാടികൾക്ക് രൂപം കൊടുക്കുകയും ചെയ്തു.

പഠനക്യാമ്പ് ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. എം.ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ചു. വിവിധ സെഷനുകളിലായി സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് ജി.നാരായണൻ, ഡോ. ഇ.ശ്രീകുമാരൻ, പി.കെ.പ്രഭാഷ്, ബിനു ബേബി, അഡ്വ.ഇ.എൻ.ശാന്തിരാജ്, അലീന എസ്., അപർണ്ണ ആർ., എം.കെ. ഷെഹസാദ്, എ.ഷൈജു, മേധ സുരേന്ദ്രനാഥ്, അകിൽ മുരളി, ജെ. മാനവ് എന്നിവർ സംസാരിച്ചു. വിദ്യാഭ്യാസ വിഷയങ്ങളിൽ വിവിധ പേപ്പറുകൾ അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടാണ് കർമ്മപരിപാടികൾക്ക് രൂപം നൽകിയത്. ○

## പൊതുവിദ്യാഭ്യാസത്തിന്റെ ചുമതല....

(2-ാം പേജിൽ നിന്ന്)

പൊതുവിദ്യാഭ്യാസ മേഖല കടുത്ത വെല്ലുവിളികൾ തന്നെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. യുഡിഎഫ് സർക്കാരിൽ നിന്ന് മൗലികമായി വ്യത്യസ്തമായ ഒരു നയം സ്വീകരിക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. ലോകബാങ്കിന്റെ ഡിപിഇപിയിൽ തുടങ്ങിയ എല്ലാ പരിഷ്കാരങ്ങളും പുതിയ പുതിയ രീതികളിലൂടെ ക്ലാസ്സുമുറികളിൽ വീണ്ടും പരീക്ഷിക്കപ്പെടുകയാണ്. പിണറായി സർക്കാർ വന്നതോടെ വീണ്ടും സ്കൂൾ നടത്തിപ്പിന്റെ എല്ലാ തലങ്ങളിലും വികേന്ദ്രീകരണം ശക്തി പ്രാപിച്ചുവരുന്നു. വിദ്യാലയസംരക്ഷണത്തിന്റ എല്ലാ ചുമതലകളും രക്ഷാകർത്താക്കളും സമൂഹവും ഏറ്റെടുക്കണമെന്ന ആഹ്വാനത്തിന്റെ പേരായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മാറികൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ വിദഗ്ധർക്കു പകരം സർക്കാർ നയം നടപ്പിലാക്കുന്ന ഗുഢസംഘങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭരണം കൈയേറി കഴിഞ്ഞു. എല്ലാം പഴയപടിയോ കൂടുതൽ വികലമായോ നടപ്പാക്കപ്പെടുന്ന സ്ഥിതിയിലേയ്ക്ക് പൊതുവിദ്യാഭ്യാസ മേഖല കൂപ്പുകുത്തുന്നതിന്റെ മുനമ്പിലാണ് നിൽക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിന് അതിന്റെ പൂർണ്ണ ചുമതല പൊതുഖജനാവിൽ നിന്നായിരിക്കണമെന്ന ജനാധിപത്യസങ്കൽപ്പം ഒരിക്കൽ കൂടി ആവർത്തിച്ചുറക്കെ പറയാൻ ആളുണ്ടായേ മതിയാവൂ. ○

# പ്രൊഫ. കെ. ബി. ഉണ്ണിത്താൻ അനുസ്മരണ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയം

**ന**മ്മുടെ നാടിന്റെ വിദ്യാഭ്യാസ- സാംസ്കാരിക മേഖലകളുടെ ജീവൻ നിലനിർത്തനായി അവസാന ശ്വാസം വരെ പൊരുതിയ അഖിലേന്ത്യാ സേവ് എജൂക്കേഷൻ കമ്മിറ്റിയുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫ: കെ.ബി.ഉണ്ണിത്താൻ നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. പ്രൊഫ: കെ.ബി.ഉണ്ണിത്താന്റെ ദീപ്തമായ ഓർമ്മകൾക്കുമുന്നിൽ ഈ അനുസ്മരണ സമ്മേളനം പ്രണാമങ്ങൾ അർപ്പിക്കുന്നു. അധ്യാപകനായി ജീവിതം ആരംഭിച്ച് വിദ്യാഭ്യാസ-സാംസ്കാരിക മേഖലയുടെ തകർച്ചയിൽ മനോവ്യഥയോടെ കഴിഞ്ഞ ഉണ്ണിത്താൻ സാർ മാനുഷിക മൂല്യങ്ങൾ വീണ്ടെടുക്കാൻ വേണ്ടിയുള്ള എല്ലാ പ്രക്ഷോഭങ്ങളിലും മുൻനിരയിൽ ഉണ്ടായിരുന്നു. തന്റെ രാഷ്ട്രീയ വിശ്വാസങ്ങൾ മാറ്റിവച്ച് പൊതുപ്രശ്നങ്ങളിൽ സാധാരണ ജനങ്ങളോടൊപ്പം അടിയുറച്ച് നിന്ന് പൊരുതാൻ അദ്ദേഹം ജീവിതാവസാനംവരെ ശ്രമിച്ചിരുന്നു. മാനുഷിക മൂല്യങ്ങൾ സ്വാംശീകരിച്ച പ്രൊഫ: കെ.ബി.ഉണ്ണിത്താൻ ആ മൂല്യങ്ങൾ സർവ്വാർത്ഥത്തിലും പ്രകാശിപ്പിച്ച അപൂർവ്വ മനുഷ്യരിൽ ഒരാളായിരുന്നു.

1997-ൽ അധ്യാപക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും ഒരു വിദ്യാഭ്യാസ പ്രവർത്തകനായി അദ്ദേഹത്തിന്റെ സേവനങ്ങൾ സമൂഹത്തിന് തുടർന്നും ലഭിച്ചുകൊണ്ടിരുന്നു. അക്കാദമികമായി സ്വായത്തമാക്കാൻ കഴിഞ്ഞ ബോധനശാസ്ത്ര സങ്കൽപ്പങ്ങളും സുദീർഘമായ അധ്യാപന അനുഭവങ്ങളും വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങളെ സൂക്ഷ്മമായി വിമർശന വിധേയമാക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. അക്കാലയളവിൽ സർക്കാരുകളുടെ ഔദ്യോഗിക ഉത്തരവുകളിലൂടെയും സന്നദ്ധ സംഘടനകളുടെ വൻതോതിലുള്ള പ്രചാരണങ്ങളിലൂടെയും പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് കടന്നു വന്ന വിധ്വംസക പരിഷ്ക്കാരങ്ങൾക്കെതിരെയുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും തുടക്കം കുറിച്ചിരുന്നു. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ ജനകീയ പ്രതിരോധ സമിതിയും സേവ് എജൂക്കേഷൻ കമ്മിറ്റിയുമാണ് ഈ ചർച്ചകളെ നയിച്ചത്. പരിഷ്ക്കാരങ്ങളുടെ അപകടം അധ്യാപക ലോകം മനസ്സിലാക്കിയിരുന്നെങ്കിലും പ്രൊഫ:കെ.ബി.ഉണ്ണിത്താനെപ്പോലെ അപൂർവ്വം ചിലരാണ് സധൈര്യം തങ്ങളുടെ അഭിപ്രായങ്ങൾ തുറന്ന് അവതരിപ്പിച്ചത്. അങ്ങനെ വിദ്യാഭ്യാസരംഗത്തെ ഒരു പ്രതിരോധ പ്രവർത്തകനായി അദ്ദേഹം മാറുകയായിരുന്നു. പരിഷ്ക്കാരങ്ങൾ അധ്യാപകരുടെ ജീവിതത്തെയും പ്രതികൂലമായി ബാധിക്കുമെന്ന ഘട്ടമെത്തിയപ്പോൾ അവർക്കും പ്രക്ഷോഭരംഗത്തേക്ക് കടന്നുവരേണ്ടിവന്നു. അധ്യാപകരിൽ ധാരാളം ശിഷ്യന്മാരുള്ള ഒരു അധ്യാപക ശ്രേഷ്ഠനായ പ്രൊഫ: കെ.ബി.ഉണ്ണിത്താന്റെ പ്രക്ഷോഭ വേദിയിലെ സാന്നിധ്യം അധ്യാപകർക്ക് വലിയൊരു പ്രചോദനമായിരുന്നു. ദീർഘകാലം സേവ് എജൂക്കേഷൻ കമ്മിറ്റിയുടെ വൈസ്പ്രസിഡന്റായി പ്രവർത്തിക്കുകയും ഡോ.എൻ.എ.കരീമിന്റെ വിയോഗത്തെ തുടർന്ന് സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയുമായിരുന്നു.

വിദ്യാഭ്യാസരംഗത്ത് കടന്നുവന്ന വിധ്വംസക പരിഷ്ക്കാരം രണ്ട് പതിറ്റാണ്ട് പിന്നിട്ടതിന്റെ അനന്തരഫലമായി പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടപ്പോൾ സേവ് എജൂക്കേഷൻ കമ്മിറ്റിയുടെ നേതാവ് എന്ന നിലയിൽ ഉണ്ണിത്താൻ സാർ സജീവമായി രംഗത്തുണ്ടായിരുന്നു. കിരാലൂർ സ്കൂൾ തുറന്നുപ്രവർത്തിക്കണമെന്നാവശ്യപ്പെട്ടു നടന്ന പ്രക്ഷോഭത്തിൽ സജീവ സാന്നിധ്യമായിരുന്നു. പ്രൊഫ: കെ.ബി.ഉണ്ണിത്താൻ വ്യവഹരിച്ച എല്ലാ മണ്ഡലങ്ങളിലും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരുന്നു. അധ്യാപന കാലയളവിൽ, രാഷ്ട്രീയ പ്രവർത്തനവേളയിൽ, താൻ പ്രവർത്തിച്ച പ്രസ്ഥാനത്തിൽ, ഗൃഹനാഥനെന്ന നിലയിൽ, കുടുംബത്തിൽ എല്ലായിടത്തും കലാ-സാംസ്കാരികോന്നമനത്തിനായി അദ്ദേഹം പ്രവർത്തിച്ചു.

വിദ്യാഭ്യാസകാലം മുതൽക്കേ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ തുടങ്ങിയ രാഷ്ട്രീയ പ്രവർത്തനം കോൺഗ്രസ്സ് എസ്സിലും അതിന്റെ തുടർച്ചയായ നാഷണലിസ്റ്റ് കോൺഗ്രസ്സ് പാർട്ടിയിലും എത്തി. പാർട്ടിയുടെ സാംസ്ക്കാരിക വിഭാഗമായ ദേശീയ കലാസംസ്കൃതിയുടെ സംസ്ഥാന ചെയർമാൻ, ശക്തൻതമ്പുരാൻ പ്രതിമാനിർമ്മാണ രക്ഷാധികാര സമിതിയംഗം, എസ്.ആർ.വി.മ്യൂസിക് കോളേജ് വികസന പൗരസമിതി ചെയർമാൻ, കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല തൃശ്ശൂർ പ്രാദേശികകേന്ദ്രം വികസനസമിതി ചെയർമാൻ, ആൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി ജില്ലാ-സംസ്ഥാന പ്രസിഡന്റ്, അയ്യങ്കാളി ആചരണ സമിതി രക്ഷാധികാരി, ഡിജിറ്റൽ ഫിലിം മേക്കേഴ്സ് ഫോറം മുഖ്യരക്ഷാധികാരി, തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം ഒക്യൂപ്പേഷൻ തെറാപ്പി ആന്റ് റീഹാബിലിറ്റേഷൻ സൊസൈറ്റി പ്രസിഡന്റ്, സർഗസ്വരം വൈസ് പ്രസിഡന്റ്, നവതരംഗം ചെയർമാൻ, തൃശ്ശൂർ മാസ്റ്റേഴ്സ് കോളേജ് ഡയറക്ടർ, വിദ്യാപോഷിണിയുടെ എക്സിക്യൂട്ടീവ് എഡിറ്റർ, ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ്, മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ പ്രസിഡന്റ്, സ്ത്രീ സുരക്ഷാ സമിതി രക്ഷാധികാരി എന്നിങ്ങനെ പലമേഖലകളിലും പ്രവർത്തിച്ചു വന്നിരുന്നു. ഇടപെട്ട എല്ലാ മേഖലയിലും തനിക്കു സത്യമെന്നു തോന്നുന്ന കാര്യങ്ങൾ തുറന്നവതരിപ്പിക്കുവാൻ ആർജ്ജവം കാണിച്ച പ്രൊഫ: കെ.ബി.ഉണ്ണിത്താൻ സാറിന്റെ വേർപാടിൽ സേവ് എജൂക്കേഷൻ കമ്മിറ്റി സംഘടിപ്പിക്കുന്ന ഈ സമ്മേളനം അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

**പ്രൊഫ: കെ.ബി. ഉണ്ണിത്താന് പ്രണാമങ്ങൾ** ○

# ചൂഷണമുക്ത സമൂഹത്തിനായുള്ള പോരാട്ടത്തിൽ നൂറ്റാണ്ടിനുശേഷവും ആവേശത്തിന്റെ അഗ്നിപടർത്തി

# മഹത്തായ നവംബർ വിപ്ലവം



*(ലോകത്തെ ആദ്യ സോഷ്യലിസ്റ്റ് രാഷ്ട്രമായ യുഎസ്എസ്ആറിന്റെ സ്ഥാപനത്തിലേയ്ക്ക് നയിച്ച മഹത്തായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദി ആചരിക്കുന്ന ഈ വേളയിൽ, മാനവ ചരിത്രത്തിലെ യുഗനിർണ്ണായകമായ ഈ സംഭവത്തെക്കുറിച്ചുള്ള വിവിധ ലേഖനങ്ങൾ 'പ്രോലിറ്റേറിയൻ ഇറ' 2017 മാർച്ച് 15 ലക്കം മുതൽ പ്രസിദ്ധീകരിച്ചുവരികയാണ്. ആദ്യലേഖനത്തിന്റെ പരിഭാഷ യൂണിറ്റി ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. രണ്ടും മൂന്നും ലേഖനങ്ങളുടെ പരിഭാഷയാണ് ഇവിടെ കൊടുക്കുന്നത്. ബോൾഷെവിക് പാർട്ടിയുടെ രൂപീകരണം, മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ലെനിന്റെ നേതൃത്വത്തിൽ വിപ്ലവത്തിനുവേണ്ടി നടത്തിയ തയ്യാറെടുപ്പുകൾ തുടങ്ങിയ വിഷയങ്ങളാണ് ഈ ലേഖനങ്ങളിൽ ചർച്ച ചെയ്യുന്നത്.)*

പാർലമെന്ററി തെരഞ്ഞെടുപ്പിലെ പങ്കാളിത്തം, പാർലമെന്ററി സമരങ്ങളെ പാർലമെന്റേതര സമരങ്ങളുമായി കോർത്തിണക്കൽ തുടങ്ങിയ വിഷയങ്ങളിൽ ആശയക്കുഴപ്പം നിലനിൽക്കുന്ന ഇന്ന്, ഇക്കാര്യങ്ങളിലുള്ള ലെനിന്റെ വിലപ്പെട്ട പാഠങ്ങൾ മാർഗ്ഗദായകമായിരിക്കും. വിപ്ലവസമരങ്ങൾ രാജ്യവ്യാപകമായി പടരാത്തിടത്തോളം ബൂർഷ്വാ രാഷ്ട്രീയത്തിലുള്ള ആഴമാർന്ന വ്യാമോഹം ജനങ്ങളിൽ നിലനിൽക്കുവോളം പാർലമെന്റേതര സമരങ്ങളുടെ ശബ്ദം പാർലമെന്റിൽ എത്തിക്കേണ്ടത് ഒരു ആവശ്യകതയായി തുടരും. ജനങ്ങളുടെ മോചനത്തിലേയ്ക്ക് നയിക്കാൻ ബൂർഷ്വാ പാർലമെന്ററി വ്യവസ്ഥയ്ക്ക് കഴിയില്ല എന്ന യാഥാർത്ഥ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. പാർലമെന്ററി സംവിധാനത്തിന്റെ പൊള്ളത്തരം ജനങ്ങൾക്കുമുമ്പാകെ പൂർണ്ണമായി തുറന്നുകാട്ടപ്പെടുകയും അവർ വിപ്ലവ പ്രത്യയശാസ്ത്രത്താൽ പ്രചോദിതരായി വിപ്ലവത്തിന് സജ്ജരാകുകയും ചെയ്താൽപ്പിന്നെ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കേണ്ട ആവശ്യമില്ല. അതാണ് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കേണ്ട സമയം.

വിപ്ലവസമരം പിന്നോട്ടടിക്കപ്പെട്ട സന്ദർഭത്തിൽ രണ്ടാം ദൂമയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ ബോൾഷെവിക്കുകൾ തീരുമാനിച്ചു. വിപ്ലവ താല്പര്യം സംരക്ഷിക്കാനായി ആ വേദിയെ ഉപയോഗപ്പെടുത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. മെൻഷെവിക്കുകളും, വിപ്ലവവിരുദ്ധ ശക്തിയായ കോൺസ്റ്റിറ്റ്യൂഷണൽ ഡെമോക്രാറ്റുകളെപ്പോലുള്ളവരുമായി സഖ്യത്തിലേർപ്പെട്ടുകൊണ്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നു. എന്നാലത് വിപ്ലവസമരങ്ങളെ അടിച്ചമർത്തുക എന്ന സാർ ഭരണത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. മെൻഷെവിക്കുകൾക്ക് പാർട്ടി കേന്ദ്ര കമ്മിറ്റിയിൽ ഭൂരിപക്ഷമുണ്ടായിരുന്നതുകൊണ്ട് നയപരമായ തീരുമാനങ്ങൾ അവർക്കനുകൂലമായിരുന്നു. ഈ ഒത്തുതീർപ്പുകാരിൽനിന്ന് തൊഴിലാളിവർഗ്ഗ മുന്നേറ്റത്തെ രക്ഷിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ബോൾഷെവിക്കുകൾ, പാർട്ടി കോൺഗ്രസ്സ് വിളിച്ചുചേർക്കണമെന്ന മുദ്രാവാക്യം മുന്നോട്ടുവച്ചു. 1907 മെയ് മാസം ലണ്ടനിൽവച്ച് 5-ാം പാർട്ടി കോൺഗ്രസ്സ് ചേർന്നു. മദ്ധ്യമാർഗ്ഗക്കാരുടെ ഒരു ഗ്രൂപ്പുണ്ടാക്കാൻ ട്രോട്സ്കി ശ്രമിച്ചെങ്കിലും അത് പരാജയപ്പെട്ടു. കോൺസ്റ്റിറ്റ്യൂഷണൽ ഡെമോക്രാറ്റുകളും സോഷ്യലിസ്റ്റ് റെവല്യൂഷണറികളും പോപ്പുലർ സോഷ്യലിസ്റ്റുകളുമടക്കം എല്ലാ ബൂർഷ്വാ, പെറ്റിബൂർഷ്വാ പാർട്ടികൾക്കുമെതിരെ രൂക്ഷമായ പ്രത്യയശാസ്ത്ര സമരം കെട്ടഴിച്ചുവിടാൻ പാർട്ടി കോൺഗ്രസ്സ് തീരുമാനിച്ചു. ബോൾഷെവിക്കുകൾ നേടിയ ഈ വിജയത്തെക്കുറിച്ച് സ്റ്റാലിൻ പറയുന്നു: "റഷ്യയിലാകെയുള്ള തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണി പോരാളികളെ, വിപ്ലവകരമായ സോഷ്യൽ ഡെമോക്രസിയുടെ ബാനറിൻ കീഴിൽ ഒരു പാർട്ടിയിൽ ഏകോപിപ്പിക്കാനായി എന്നതാണ് ലണ്ടൻ കോൺഗ്രസ്സിന്റെ പ്രാധാന്യം." ഈ കോൺഗ്രസ്സിനു തൊട്ടുപിന്നാലെ സാർ ഭരണം രണ്ടാം ദൂമ പിരിച്ചുവിടുകയും വ്യാപകമായ അറസ്റ്റ് ആരംഭിക്കുകയും ചെയ്തു. പോലീസിന് പിടികൊടുക്കാതെ ലെനിൻ 1907ൽ വിദേശത്തേയ്ക്ക് കടന്നു.

### സ്റ്റോളിപ്പിന്റെ പിന്തിരിപ്പൻ ഭരണകാലം

1908നും 12നും ഇടയ്ക്കുള്ള കാലം വിപ്ലവകാരികളെ സംബന്ധിച്ച് ഏറ്റവും കഠിനതരമായിരുന്നു. സാർ ഭരണത്തിലെ ഒരു മന്ത്രിയായിരുന്ന സ്റ്റോളിപ്പിൻ ആയിരങ്ങളെയാണ് തൂക്കിലേറ്റിയത്. 'സ്റ്റോളിപ്പിൻ പ്രതിലോമത്വം' എന്നാണ് ആ കാലയളവ് അറിയപ്പെടുന്നത്. ഈ കാലയളവിൽ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ ക്ഷതമേൽക്കാതെ നടത്താനും പാർട്ടിയെ കഴിയുന്നത്ര ശക്തിപ്പെടുത്താനും ബോൾഷെവിക്കുകൾ നിയമപരമായ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി. സാറിനെതിരായ തുറന്ന വിപ്ലവസമരങ്ങളിൽനിന്ന് നിയമപരമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന പരോക്ഷ സമരങ്ങളിലേയ്ക്ക് ഈ ഘട്ടത്തിൽ പാർട്ടി ചുവടുമാറ്റിയതായി ലെനിൻ പറയുന്നുണ്ട്. മെൻഷെവിക്കുകളാകട്ടെ സമരപാത പൂർണ്ണമായും വെടിഞ്ഞു. പുതിയ സാഹചര്യത്തിൽ മാർക്സിസത്തിൽ തിരുത്തലുകൾ ആവശ്യമാണ് എന്ന് ബുദ്ധിജീവികൾ ഒരു ഫാഷൻപോലെ പറഞ്ഞുനടന്നു. മാർക്സിസത്തെ മെച്ചപ്പെടുത്താനെന്ന പേരിൽ അതിന്റെ സുദൃഢമായ സൈദ്ധാന്തിക അടിത്തറയെ ദുർബലപ്പെടുത്തുന്ന പ്രവൃത്തികളിൽ ബോഗ്ദനോവ്, ലൂനച്ചാർസ്കി തുടങ്ങിയവർ ഏർപ്പെട്ടു. അവരെ നേരിടുന്നതിനുപകരം പ്ലഖനോവടക്കമുള്ളവർ ആയുധം വച്ച് കളമൊഴിഞ്ഞു. ഈ ആക്രമണത്തെ ചെറുക്കാനും മാർക്സിസത്തിന്റെ ധാരണയെ വികസിപ്പിക്കാനുമുള്ള ഉത്തരവാദിത്വം ലെനിന്റെ ചുമലിലായി. 'മെറ്റീരിയലിസം ആന്റ് എംപിരിയോക്രിട്ടിസിസം' എന്ന ലെനിന്റെ വിഖ്യാതകൃതി രചിക്കപ്പെടുന്നത് ഈ കാലയളവിലാണ്. മാക്കും അവനേറിയസുമൊക്കെ മുന്നോട്ടുവച്ച ആശയവാദ ചിന്തകൾക്കെതിരെ ലെനിൻ വിജയകരമായി പോരാടി. വിപ്ലവ വേലിയേറ്റമുണ്ടാകുമ്പോൾ മുന്നേറാൻ കമ്മ്യൂണിസ്റ്റുകൾ പഠിച്ചിരിക്കണം. അതുപോലെതന്നെ പിന്തിരിപ്പത്തം ആധിപത്യം നേടുമ്പോൾ ശരിയാംവണ്ണം പിന്മാറാനും അറിഞ്ഞിരിക്കണം. പാർട്ടി നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെടുമ്പോൾ നിലനിൽക്കുന്ന നിയമപരമായ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും ജനങ്ങളുമായുള്ള ബന്ധം ദൃഢപ്പെടുത്തിക്കൊണ്ടും പാർട്ടിയെ സംരക്ഷിക്കാനും ശക്തിപ്പെടുത്താനുംകൂടി കമ്മ്യൂണിസ്റ്റുകൾ പരിശീലിക്കണമെന്നും ലെനിൻ ചൂണ്ടിക്കാണിച്ചു. ലെനിൻ തുടർന്ന് പറയുന്നു: "തങ്ങളുടെ സേന"യ്ക്ക് ഏറ്റവും കുറച്ച് പരുക്കേല്പിച്ചുകൊണ്ട്, കാതലിന് ഒരു കേടുപാടും പറ്റാതെ ഏറ്റവും ചിട്ടയായി പിന്മാറാൻ ബോൾഷെവിക്കുകൾക്ക് കഴിഞ്ഞു... പിന്മാറേണ്ടിവന്നാൽ അതിന് കഴിയണമെന്ന് മനസ്സിലാക്കാൻ കൂട്ടാക്കാത്ത, ഏറ്റവും പിന്തിരിപ്പനായ പാർലമെന്റിൽ, ഏറ്റവും പിന്തിരിപ്പനായ ട്രേഡ് യൂണിയനിൽ, സഹകരണ സംഘങ്ങളിൽ, ഇൻഷുറൻസ് സൊസൈറ്റികളിൽ ഒക്കെ എങ്ങനെ നിയമവിധേയമായി പ്രവർത്തിക്കണമെന്ന് നന്നായി മനസ്സിലാക്കേണ്ടതുണ്ടെന്ന കാര്യം അംഗീകരിക്കാത്ത, വിപ്ലവ വായാടികളെ തുറന്നുകാട്ടാനും പുറത്താക്കാനും കഴിഞ്ഞതുകൊണ്ടാണ് ബോൾഷെവിക്കുകൾക്ക് ഈ നേട്ടം കൈവരിക്കാനായത്." (ഇടതുപക്ഷ കമ്മ്യൂണിസം, ഒരു ബാലാരിഷ്ടത. പേജ് 16). ഇത്തരമൊരു സാഹചര്യത്തിൽ ഒരു വിപ്ലവപാർട്ടി അതിന്റെ അറിവും ധാരണയുമൊക്കെ മൂർച്ചപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

ഏതാനും വർഷങ്ങൾക്കുള്ളിൽ വിപ്ലവ വേലിയേറ്റം വീണ്ടുമുണ്ടാകുമെന്ന കാര്യം മെൻഷെവിക്കുകൾക്ക് മനസ്സിലായില്ല. ബോൾഷെവിക്കുകൾക്ക് അക്കാര്യത്തിൽ ഉറച്ച ബോദ്ധ്യമുണ്ടായിരുന്നു. പുതിയ പോരാട്ടങ്ങളിൽ പങ്കെടുക്കാൻ പാകത്തിൽ ജനങ്ങളെ തയ്യാറെടുപ്പിക്കേണ്ടത് പാർട്ടിയുടെ ഉത്തരവാദിത്വമാണെന്നും അവർ തിരിച്ചറിഞ്ഞു. ലെനിൻ പറയുന്നു: "ഒറ്റ സംഭവം എന്ന നിലയിൽ ഒരിക്കലും വിപ്ലവത്തെ കാണാനാകില്ല. നിരവധി ശക്തമായ പൊട്ടിത്തെറികളും പരിപൂർണ്ണ നിശബ്ദതയുമൊക്കെ ഉൾക്കൊള്ളുന്ന തുടർ പ്രവർത്തനങ്ങളുടെ ഒരു പ്രക്രിയയാണത്. അതുകൊണ്ടുതന്നെ നമ്മുടെ പാർട്ടി പ്രവർത്തനത്തിന്റെ മുഖ്യാംശം, അതിന്റെ ഊന്നൽ, ശക്തമായ സമരങ്ങളുടെ ചടുലതയിലും സമ്പൂർണ്ണമായ നിശബ്ദതയുടെ ശാന്തതയിലും ഒരുപോലെ സാദ്ധ്യവും അനിവാര്യവുമായ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്നതാണ്". (സമാഹൃത കൃതികൾ വാള്യം 5, പേജ് 14).

വിപ്ലവം ആരംഭിച്ചതിനുശേഷം വിപ്ലവകാരിയാകുന്നയാൾ യഥാർത്ഥ വിപ്ലവകാരിയല്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. പിന്തിരിപ്പത്തം കടുത്ത ആക്രമണങ്ങൾ അഴിച്ചുവിടുകയും ലിബറലുകളും ജനാധിപത്യവാദികളുമൊക്കെ അങ്ങേയറ്റം ചാഞ്ചാടുകയും ചെയ്യുമ്പോൾ വിപ്ലവാദർശങ്ങളും മുദ്രാവാക്യങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുന്നയാളാണ് യഥാർത്ഥ വിപ്ലവകാരി. വിപ്ലവകരമായ രീതിയിൽ എങ്ങനെ സമരങ്ങൾ നടത്താമെന്ന് ജനങ്ങളെ പഠിപ്പിക്കുന്നയാളാണ് യഥാർത്ഥ വിപ്ലവകാരി; ആ പാഠങ്ങൾക്ക് എന്ന് ഫലമുളവാക്കാൻ കഴിയുമെന്ന് ആർക്കും പ്രവചിക്കാനാവില്ല. "നാളെ, മറ്റന്നാൾ, അല്ലെങ്കിൽ മാസങ്ങൾ കഴിഞ്ഞാണോ ഒരു തിരയിളക്കമുണ്ടാകുകയെന്നത് പ്രവചനാതീതമായ നിരവധി സാഹചര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്..." (സമാഹൃത കൃതികൾ, വാള്യം 8, പേജ് 153.) "വിപ്ലവത്തിന് തയ്യാറെടുക്കുന്നവർക്ക് ജനങ്ങളുടെ മേൽ സ്വാധീനമുണ്ടായിരിക്കുകയും സാഹചര്യം കൃത്യമായി വിലയിരുത്താൻ കഴിയുകയും ചെയ്താൽ വിപ്ലവം തുടങ്ങേണ്ട സമയം മുൻകൂറായി തീരുമാനിക്കാനാകു" മെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഈ സന്ദർഭത്തിൽ ലെനിന്റെ മറ്റൊരു പാഠം ഓർക്കുന്നത് നന്നായിരിക്കും: "പൊതുവായി പറഞ്ഞാൽ വിപ്ലവകാരികൾക്ക് ഏറ്റവും അനുയോജ്യമായ മുഹൂർത്തത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്? താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിൽ പിശക് പറ്റിക്കൂടാ.

വിപ്ലവത്തിന് സാഹചര്യം പക്വമാണെന്നതിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണ്? താഴെപ്പറയുന്ന മുഖ്യമായ മൂന്ന് ലക്ഷണങ്ങളുടെ കാര്യത്തിൽ തെറ്റുപറ്റരുത്. 1. ഒരു മാറ്റവുമില്ലാതെ ഭരണവർഗ്ഗങ്ങൾക്ക് അവരുടെ ഭരണം തുടർന്നുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥ; ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിലുള്ള ഒരു പ്രതിസന്ധി ഉടലെടുക്കുന്നു, അത് 'ഉപരിവർഗ്ഗ' ങ്ങളുടെ ഇടയിലുള്ള പ്രതിസന്ധിയാകാം, അടിച്ചമർത്തപ്പെടുന്ന വർഗ്ഗങ്ങൾക്കിടയിലെ അസംതൃപ്തിയും വെറുപ്പും ഒരു പൊട്ടിത്തെറിയിലേയ്ക്ക് നയിക്കുംവിധം ഭരണവർഗ്ഗ നയങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പ്രതിസന്ധിയുമാകാം. 'താഴ്ന്ന വർഗ്ഗങ്ങൾക്ക് പഴയ രീതിയിലുള്ള ജീവിതത്തിൽ താല്പര്യം നഷ്ടപ്പെടുന്ന'തുകൊണ്ടുമാത്രം വിപ്ലവമുണ്ടാകില്ല. 'ഉപരിവർഗ്ഗങ്ങൾക്കും പഴയ ജീവിതം മടുക്കുന്ന' അവസ്ഥയുണ്ടാകേണ്ടതുണ്ട്. 2. അടിച്ചമർത്തപ്പെടുന്ന വർഗ്ഗങ്ങളുടെ ദുരിതങ്ങളും ആവശ്യങ്ങളും പതിവിലേറെ രൂക്ഷമാകുമ്പോൾ; 3. മേല്പറഞ്ഞ കാരണങ്ങൾകൊണ്ടെല്ലാം ജനങ്ങളുടെയിടയിൽ വർദ്ധിച്ച അളവിലുള്ള പ്രവർത്തനങ്ങൾ ഉണ്ടായിവരുന്നു. 'സമാധാന കാലത്ത്' അവർ തങ്ങളെ കൊള്ളയടിക്കാൻ നിശബ്ദം നിന്നുകൊടുക്കുന്നു. എന്നാൽ പ്രക്ഷുബ്ധകാലത്ത് 'ഉപരിവർഗ്ഗ' നിലപാടുകൾ അടക്കം എല്ലാ സാഹചര്യങ്ങളും അവരെ ഐതിഹാസികമായ, സ്വതന്ത്രമായ പ്രവർത്തനങ്ങളിലേയ്ക്ക് വലിച്ചടുപ്പിക്കുന്നു.

ആഗ്രഹങ്ങൾക്കപ്പുറത്ത്, വസ്തുനിഷ്ഠമായ ഈ മാറ്റങ്ങൾ സംഭവിക്കാതെ, ഒരു പൊതുനിയമം എന്നനിലയിൽ പറഞ്ഞാൽ, വിപ്ലവം സാദ്ധ്യമാകില്ല. ഈ വസ്തുനിഷ്ഠ സാഹചര്യങ്ങളുടെ ആകെത്തുകയാണ് 'വിപ്ലവത്തിന് പക്വമായ സാഹചര്യം' എന്ന് പറയുന്നത്. (സമാഹൃതകൃതികൾ, വാള്യം-21, പേജ് 213-214).

### ബോൾഷെവിക് പാർട്ടി രൂപമെടുക്കുന്നു

1912-ൽ എല്ലാ ലെനിൻ വിരുദ്ധ, ബോൾഷെവിക് വിരുദ്ധ ഗ്രൂപ്പുകളെയും പ്രവണതകളെയും ഏകോപിപ്പിച്ചുകൊണ്ട് ട്രോട്സ്കി 'ആഗസ്റ്റ് ബ്ലോക്ക്' എന്നൊരു സംഘടനയ്ക്ക് രൂപം കൊടുത്തു. താൻ ബോൾഷെവിക്കുകൾക്കും മെൻഷെവിക്കുകൾക്കും ഒപ്പമല്ലെന്ന് ട്രോട്സ്കി പ്രഖ്യാപിച്ചു. ഒരു ഇടനിലക്കാരൻ, 'സെൻട്രിസ്റ്റ്' എന്നാണദ്ദേഹം സ്വയം വിശേഷിപ്പിച്ചത്. മറ്റ് ട്രോട്സ്കിയൈറ്റുകളെക്കൂടി വിളിച്ചുകൂട്ടിക്കൊണ്ട് 1910-ൽ അദ്ദേഹം പാർട്ടി കേന്ദ്ര കമ്മിറ്റിയുടെ ഒരു പ്ലീനം വിളിച്ചുചേർത്തു.

*(ശേഷം 5-ാം പേജിൽ)*

# ജനകീയ സമരസംഘടനകളായ സോവിയറ്റുകൾ ബദൽ അധികാരസംവിധാനമായി മാറി

*(4-ാം പേജിൽ നിന്ന്)*

ലെനിന്റെ താല്പര്യത്തിനെതിരായിരുന്നു ഈ നീക്കം. പ്ലീനത്തിന്റെ തീരുമാനപ്രകാരം ബോൾഷെവിക്കുകൾ അവരുടെ മുഖപത്രത്തിന്റെ പ്രസിദ്ധീകരണം നിർത്തിയെങ്കിലും മെൻഷെവിക്കുകളും ട്രോട്സ്കിയൈറ്റുകളും അത് തുടർന്നു. ഈ പാർട്ടിവിരുദ്ധ ശക്തികൾക്കെതിരായ സമരത്തിലൂടെ ബോൾഷെവിക്കുകൾ തിരിച്ചറിഞ്ഞ കാര്യം, എല്ലാ ബോൾഷെവിക്കുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു പ്രത്യേക ബോൾഷെവിക് പാർട്ടി രൂപീകരിക്കണം എന്നതായിരുന്നു. ഈ ലക്ഷ്യത്തോടെ 1912 ജനുവരിയിൽ പ്രാഗിൽവച്ച് 6-ാമത് ആൾ റഷ്യൻ പാർട്ടി കോൺഫറൻസ് കൂടി. ഈ കോൺഫറൻസിനെക്കുറിച്ച് സ്റ്റാലിൻ എഴുതി: “നമ്മുടെ പാർട്ടിയുടെ ചരിത്രത്തിൽ ഈ കോൺഫറൻസിന് അങ്ങേയറ്റം പ്രാധാന്യമുണ്ട്. കാരണം ഈ സമ്മേളനമാണ് ബോൾഷെവിക്കുകളെയും മെൻഷെവിക്കുകളെയും തമ്മിൽ വേർതിരിച്ച് അതിർവരമ്പിട്ടത്. രാജ്യമെമ്പാടുമുള്ള ബോൾഷെവിക് സംഘടനകളെ ഒരു ഏകീകൃത ബോൾഷെവിക് പാർട്ടിയിലേയ്ക്ക് വിളക്കി ചേർത്തതും ഈ സമ്മേളനമായിരുന്നു.” (സിപിഎസ്‌യു(ബി)യുടെ ചരിത്രം എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുള്ള സിപിഎസ്‌യു(ബി) പതിനഞ്ചാം കോൺഗ്രസ് റിപ്പോർട്ടിൽനിന്ന്.) ഇപ്രകാരം ആർഎസ്ഡിഎൽപിയിൽനിന്ന് അവസരവാദികളായ മെൻഷെവിക്കുകളെയും ലിക്വിഡേറ്റർമാരെയും ഒട്സോവിസ്റ്റുകളെയും മറ്റും പുറത്താക്കിക്കൊണ്ട് അതിനെ ‘ബോൾഷെവിക് പാർട്ടി’ എന്ന പേരിൽ ഏകശിലാസമാനമായ ഒരു പാർട്ടിയായി പുനഃസംഘടിപ്പിച്ചെടുത്തു. ഒരു യഥാർത്ഥ വിപ്ലവപാർട്ടിയ്ക്ക് രൂപംകൊടുക്കാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഒരു ലെനിനിസ്റ്റ് മാതൃകയായി ഈ ബോൾഷെവിക് പാർട്ടി.

ലെനിന്റെ അനിതരസാധാരണമായ നേതൃത്വത്തിൽ ബോൾഷെവിക് പാർട്ടി, അവസരവാദികളും ചാഞ്ചാട്ടക്കാരും വഞ്ചകരുമായ എല്ലാ ശക്തികളിൽനിന്നും വിടുതൽ നേടി പുത്തനുണർവ് കൈവരിച്ചതോടെ, സ്റ്റോളിപ്പിന്റെ പിന്തിരിപ്പൻ ഭരണകാലത്ത് രാജ്യത്താകെ കർഷകരുടെയും തൊഴിലാളികളുടെയും മറ്റും മേൽ പടർന്ന നിരാശയുടെ കൂരിരുട്ടകറ്റി പുതുചൈതന്യം പ്രസരിപ്പിച്ചു. വിപ്ലവപ്രസ്ഥാനം വീണ്ടും മുന്നേറാൻ തുടങ്ങി. തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കൾക്കും അവരുടെ പിണിയാളുകൾക്കുമെതിരെ പൊരുതിക്കൊണ്ട് ബോൾഷെവിക് പർട്ടി കൂടുതൽ ദൃഢീകരണം നേടുകയും തൊഴിലാളിവർഗ്ഗവുമായുള്ള ബന്ധം കൂടുതൽ വിപുലമാക്കുകയും ചെയ്തു. 1912 മേയ് 5ന് സത്യം എന്നർത്ഥം വരുന്ന ‘പ്രവദ’ എന്ന പേരിൽ പുതിയ പാർട്ടി ദിനപ്പത്രം പുറത്തുവന്നു. ആ വർഷം തന്നെ സാറിസ്റ്റ് ഗവണ്മെന്റ് 4-ാം സ്റ്റേറ്റ് ദ്യൂമ വിളിച്ചുചേർത്തു. തെരഞ്ഞെടുപ്പിൽ സജീവമായി പ്രവർത്തിച്ച ബോൾഷെവിക് പാർട്ടിയ്ക്ക് ദ്യൂമയിലേയ്ക്ക് 6 പ്രതിനിധികളെ തെരഞ്ഞെടുത്ത് അയയ്ക്കാൻ കഴിഞ്ഞു. വിപ്ലവകരമായ പ്രവർത്തനങ്ങൾക്ക് ദ്യൂമയുടെ വേദി ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ടും അദ്ധ്വാനിക്കുന്നവന്റെ മുഖപത്രമെന്ന നിലയിൽ പ്രവദയെ ഉപയോഗിച്ചുകൊണ്ടും പുതുതലമുറയിൽപ്പെട്ട വിപ്ലവപ്രവർത്തകർക്ക് പരിശീലനവും വിദ്യാഭ്യാസവും നൽകാൻ ബോൾഷെവിക് പാർട്ടിയ്ക്ക് സാധിച്ചു. പ്രവദയുടെ പ്രാധാന്യം സ്റ്റാലിൻ ഇങ്ങനെ വിശദീകരിച്ചു: “1917ലെ ബോൾഷെവിസത്തിന്റെ വിജയത്തിന് ആണിക്കല്ലായത് 1912 ലെ പ്രവദയുടെ പ്രസിദ്ധീകരണമാണ്.”

1914 ആഗസ്റ്റിൽ ജർമ്മനി റഷ്യയ്ക്കുമേൽ യുദ്ധം പ്രഖ്യാപിച്ചു. ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക് പാർട്ടി യുദ്ധത്തിന്റെ വിഷയത്തിലെടുത്ത സവിശേഷ നിലപാട് അല്പം വിശദമാക്കേണ്ടതുണ്ട്.

### ലോകയുദ്ധവും ബോൾഷെവിക് പാർട്ടിയും വിപ്ലവപ്രസ്ഥാനവും

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലോകമുതലാളിത്തം സാമ്രാജ്യത്വ ഘട്ടത്തിലെത്തിയെന്ന് ലെനിൻ ചൂണ്ടിക്കാണിച്ചു. ഫിനാൻസ് മൂലധനത്തിന്റെ വളർച്ചയായിരുന്നു അതിന്റെ സവിശേഷത. ഫിനാൻസ് മൂലധനത്തിന്റെ താല്പര്യാർത്ഥം പുതിയ കമ്പോളങ്ങൾ കണ്ടെത്തുകയെന്നത് സാമ്രാജ്യത്വ രാജ്യങ്ങളുടെ ആവശ്യകതയായി. ഇതിനായി പുതിയ കോളണികളും, ഫിനാൻസ് മൂലധനം കയറ്റുമതി ചെയ്യാനും അസംസ്കൃത വിഭവങ്ങൾ കണ്ടെത്താനും കഴിയുന്ന പുതിയ മേഖലകളും പിടിച്ചടക്കാൻ സാമ്രാജ്യത്വ ശക്തികൾ നിർബ്ബന്ധിതരായി. സാമ്രാജ്യത്വ രാജ്യങ്ങളുടെ സാമ്പത്തിക, സൈനിക ശക്തികളുടെ സന്തുലനത്തിൽ മാറ്റമുണ്ടായി. ലോക കമ്പോളം പുനർവിഭജിക്കാൻ അവർ ആഗ്രഹിച്ചു. രാഷ്ട്രീയ സ്വാധീനം വിപുലപ്പെടുത്തുകയും കുത്തകകൾക്ക് പരമാവധി ലാഭം ഉറപ്പാക്കുകയുമായിരുന്നു ഇതിലൂടെ ലക്ഷ്യം വച്ചത്. ആര്, എത്ര കമ്പോളം പിടിച്ചടക്കണമെന്നതിനെച്ചൊല്ലിയുള്ള രൂക്ഷമായ തർക്കം ഒരു സാമ്രാജ്യത്വ യുദ്ധം അനിവാര്യമാക്കിത്തീർത്തു. അങ്ങനെയാണ് ഒന്നാം ലോകയുദ്ധം ആരംഭിച്ചത്. സാറിസ്റ്റ് റഷ്യ, ഫ്രാൻസ്, ബെൽജിയം, ഗ്രേറ്റ് ബ്രിട്ടൻ എന്നീ രാജ്യങ്ങൾ ചേർന്ന് ഒരു സഖ്യമുണ്ടാക്കി. ജർമ്മനി, ആസ്ട്രിയ, ഹംഗറി, ബൾഗേറിയ, ടർക്കി തുടങ്ങിയവർ മറ്റു ചേരിയിലും സംഘടിച്ചു.

2-ാം ഇന്റർനാഷണലിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ വഞ്ചന കാണിച്ചില്ലായിരുന്നുവെങ്കിൽ യുദ്ധം ഇത്രകണ്ട് ഭീകരമാകുകയില്ലായിരുന്നു എന്നുമാത്രമല്ല ലോകത്തെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് വലിയ നേട്ടമുണ്ടാക്കാൻ കഴിയുമായിരുന്നുതാനും. 1912ൽ ബാസിലിൽ ചേർന്ന കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ കോൺഗ്രസ്സ് ഒരു പ്രഖ്യാപനം നടത്തിയിരുന്നു. “തങ്ങളുടെ രാജ്യങ്ങളിലെ മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കുന്നതിനായി പരസ്പരം വെടിവയ്ക്കുന്നത് ഒരു കുറ്റമായി ലോകത്തെ തൊഴിലാളിവർഗ്ഗം കണക്കാക്കുന്നു” എന്ന ഈ പ്രഖ്യാപനം സധൈര്യം ഉയർത്തിപ്പിടിക്കാൻ 2-ാം ഇന്റർനാഷണലിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് കഴിഞ്ഞില്ല. യുദ്ധം തുടങ്ങിയപ്പോൾ ഒട്ടുമിക്ക കമ്മ്യൂണിസ്റ്റ് പാർട്ടികളും ഈ പ്രഖ്യാപനം വിസ്മരിക്കുകയും സങ്കുചിത ദേശീയവാദത്തിന് ഇരയായി, ‘പിതൃഭൂമിയുടെ സംരക്ഷണം’ എന്ന മുദ്രാവാക്യമുയർത്തുകയും ചെയ്തു. ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക് പാർട്ടി മാത്രമാണ് ഈ പ്രഖ്യാപനത്തോട് കൂറ് പുലർത്തിയത്. റഷ്യയിൽ മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും സങ്കുചിത ദേശീയവാദ മുദ്രാവാക്യങ്ങളുമായി റഷ്യൻ സാമ്രാജ്യത്വ ശക്തികളോടൊപ്പം നിലകൊണ്ടു. വർഗ്ഗ സഹകരണത്തിലൂടെ മുതലാളിവർഗ്ഗത്തിനും തൊഴിലാളിവർഗ്ഗത്തിനും സമാധാനം എന്ന ആശയം മുന്നോട്ടുവച്ചുകൊണ്ട് റഷ്യ മറ്റ് രാജ്യങ്ങൾക്കുമേൽ നടത്തുന്ന യുദ്ധത്തെ അവർ പിന്തുണച്ചു. കോളണികളിൽനിന്ന് കൊള്ളയടിച്ച ധനം ഉപയോഗിച്ച് യൂറോപ്പിലെ തൊഴിലാളികളിലെ മേൽത്തട്ടുകാരെ വിലയ്ക്കെടുത്തുകൊണ്ട് സാമ്രാജ്യത്വ-മുതലാളിത്ത വർഗ്ഗം കുലീനരായ ഒരു തൊഴിലാളി നേതൃത്വത്തെ സൃഷ്ടിച്ചെടുത്തു. ഈ നേതാക്കൾ രണ്ടാം ഇന്റർനാഷണലിലെ പാർട്ടികൾക്കുമേൽ വലിയ സമ്മർദ്ദം ചെലുത്തുകയുണ്ടായി. ഇതേത്തുടർന്ന് രണ്ടാം ഇന്റർനാഷണൽ പിരിച്ചുവിടാൻ ലെനിൻ നിർബ്ബന്ധിതനായി.

റഷ്യയിൽ മെൻഷെവിക്കുകളുടെ അവസരവാദ ചിന്താഗതികൾക്കും ആശയങ്ങൾക്കുമെതിരെ പൊരുതുന്നതോടൊപ്പംതന്നെ, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ കടന്നുകൂടിയ ആശയക്കുഴപ്പങ്ങൾക്കെതിരെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം ലെനിൻ നടത്തി. 1916ൽ ‘സാമ്രാജ്യത്വം - മുതലാളിത്തത്തിന്റെ പരമോന്നതഘട്ടം’ എന്ന വിഖ്യാത കൃതി ലെനിൻ രചിച്ചു. മുതലാളിത്തം അതിന്റെ വികാസത്തിന്റെ അന്ത്യ ദശയിൽ എത്തിയതുവഴി അതിനുണ്ടായിരുന്ന പുരോഗമനപരമായ പങ്ക് നഷ്ടപ്പെട്ട് ജീർണ്ണവും പരാന്നഭോജിയുമായിത്തീർന്നിരിക്കുന്നുവെന്ന് ഈ കൃതിയിൽ ലെനിൻ എഴുതി. മുതലാളിത്തം താനേ നാശമടയുമെന്ന് ഇതിനർത്ഥമില്ല. വിപ്ലവത്തെ ആയുധമാക്കി തൊഴിലാളവർഗ്ഗം ഇതിനെ പിഴുത് കളയണം. “തൊഴിലാളിവർഗ്ഗ സാമൂഹ്യവിപ്ലവത്തിന്റെ തൊട്ടുമുമ്പുള്ള ഘട്ടമാണ് സാമ്രാജ്യത്വമെന്ന് ലെനിൻ പറഞ്ഞു. സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റേതുമായ ഈ ഘട്ടത്തിൽ ഒരു മുതലാളിത്ത രാജ്യത്തുമാത്രമായി സോഷ്യലിസ്റ്റ് വിപ്ലവത്തിന് വിജയിക്കാൻ കഴിയുമെന്നും ലെനിൻ സുവ്യക്തമാക്കി. ലെനിന്റെ ഈ നിഗമനം, വിവിധ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന് അതാതുനാട്ടിലെ മുതലാളിവർഗ്ഗത്തിനെതിരെ വിജയകരമായി വിപ്ലവം നടത്താൻ കഴിയുമെന്ന തിരിച്ചറിവ് നൽകി. വിവിധ രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗത്തെ ഇത് പ്രചോദിപ്പിച്ചു.

യുദ്ധത്തിനുപകരം സമാധാനം സ്ഥാപിക്കുന്നതിനെ ബോൾഷെവിക്കുകൾ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ വിജയവുമായാണ് ബന്ധിപ്പിച്ചത്. തൊഴിലാളിവർഗ്ഗ വിപ്ലവത്തിലൂടെ സാമ്രാജ്യത്വ വാഴ്ചയെ കടപുഴക്കുന്നതിലൂടെ മാത്രമേ യുദ്ധം അവസാനിപ്പിക്കാനും യഥാർത്ഥത്തിൽ സമാധാനം സ്ഥാപിക്കാനും കഴിയൂ. യുദ്ധം, സമാധാനം, വിപ്ലവം എന്നിവയെ സംബന്ധിച്ചുള്ള സൈദ്ധാന്തികവും തന്ത്രപരവുമായ നിലപാട് ഇതാണ്. ഈ ധാരണയെ അടിസ്ഥാനമാക്കിയാണ് ബോൾഷെവിക്കുകൾ വിപ്ലവപ്രവർത്തനം മുന്നോട്ടുകൊണ്ടുപോയത്. സമ്രാജ്യത്വ മുതലാളിത്തത്തെ ബാധിച്ച രൂക്ഷമായ പൊതുക്കുഴപ്പത്തിൽനിന്നാണ് ഒന്നാം ലോകയുദ്ധമുണ്ടായത്. യുദ്ധം പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കുന്നതിനുപകരം അത് കൂടുതൽ മൂർച്ഛിപ്പിക്കുകയാണ് ചെയ്തത്. റഷ്യയിലെ ഭരണകൂടം ഇതുമൂലം കൂടുതൽ ദുർബലമായി. സാമ്രാജ്യത്വയുദ്ധം ജനങ്ങൾക്കുമേൽ വച്ചുകെട്ടിയത് ദുരിതങ്ങളും മരണങ്ങളും മാത്രം. ഈ സന്ദർഭത്തിലാണ് ലെനിൻ റഷ്യയിലെ തൊഴിലാളിവർഗ്ഗത്തെ സാറിസ്റ്റ് വാഴ്ചക്കെതിരെ അണിനിരത്തിയത്- യുദ്ധത്തിന്റെയും എല്ലാ കെടുതികളുടെയും കാരണക്കാരായ സാർ ഭരണത്തിന് അന്ത്യം കുറിക്കുംവിധം വർഗ്ഗസമരവും ബഹുജനപ്രക്ഷോഭങ്ങളും ശക്തമാക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. സാമ്രാജ്യത്വ യുദ്ധം ജനങ്ങളുടെ യുദ്ധമാണെന്ന കള്ളം ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള തത്രപ്പാടിലായിരുന്നു റഷ്യൻ മുതലാളിവർഗ്ഗം. റഷ്യൻ മുതലാളിവർഗ്ഗത്തിന് കപട ദേശസ്നേഹത്തിന്റെ പരിവേഷം ചാർത്താൻ മെൻഷെവിക്കുകൾ എല്ലാ ഒത്താശയും ചെയ്തു. എന്നാൽ മുതലാളിവർഗ്ഗ ഗൂഢാലോചന തുറന്നുകാട്ടി യുദ്ധത്തിനെതിരെ തൊഴിലാളികളെയും കർഷകരെയുമെല്ലാം അണിനിരത്താനുള്ള കഠിനപ്രയത്നത്തിലായിരുന്നു ബോൾഷെവിക്കുകൾ. നേവിയിലും ആർമിയിലുംവരെ ബോൾഷെവിക്കുകൾ പ്രചാരണം നടത്തി. സാമ്രാജ്യത്വ-മുതലാളിത്തം ജനങ്ങളുടെ ശത്രുവാണെന്ന യാഥാർത്ഥ്യം സൈന്യത്തെപ്പോലും ബോദ്ധ്യപ്പെടുത്താൻ അവർക്കായി. സമാധാനം സ്ഥാപിക്കണമെങ്കിൽ സാമ്രാജ്യത്വ യുദ്ധത്തെ ആഭ്യന്തരയുദ്ധമാക്കി മാറ്റിയെടുക്കണം. ഓരോ രാജ്യത്തെയും സൈന്യം അതാതിടത്തെ മുതലാളിവർഗ്ഗത്തിനുനേരെ തോക്കുതിരിക്കണം.

ബോൾഷെവിക്കുകളുടെ അഭിപ്രായം റഷ്യയിലെ സാധാരണ ജനങ്ങളുടെ അനുഭവങ്ങളുമായി പൊരുത്തപ്പെടുന്നതായിരുന്നു. യുദ്ധത്തിൽനിന്ന് ഭൂവുടമകളും മുതലാളിമാരും വൻനേട്ടമുണ്ടാക്കി. തൊഴിലാളികളുടെയും കർഷകരുടെയും ദുരിതങ്ങൾ അത് ഇരട്ടിപ്പിക്കുകയും ചെയ്തു. യുദ്ധത്തിൽ അനേകം പേർ കൊല്ലപ്പെട്ടു. യുദ്ധംകൊണ്ട് തകർന്ന രാജ്യത്ത് പകർച്ചവ്യാധികൾ പിടിപെട്ട് ലക്ഷക്കണക്കിന് മനുഷ്യജീവൻ പൊലിഞ്ഞു. റഷ്യൻ സമ്പദ്ഘടനയാകട്ടെ തകർച്ചയിലേയ്ക്ക് പതിക്കുകയായിരുന്നു. ഒന്നരക്കോടി യുവാക്കൾ സൈന്യത്തിൽ ചേരാൻ നിർബന്ധിതരായി. ഇതുമൂലം പണിയെടുക്കാൻ തൊഴിലാളികളെ കിട്ടാതായി. ഫാക്ടറികളും മില്ലുകളും ഒന്നൊന്നായി അടഞ്ഞു. കാർഷിക മേഖലയും മാന്ദ്യത്തിലായി. സാധാരണ ജനങ്ങളും യുദ്ധമുന്നണിയിലെ പട്ടാളക്കാരും ഒരുപോലെ ഭക്ഷണവും വസ്ത്രവും മറ്റും കിട്ടാതെ വലഞ്ഞു. രാജ്യത്തിന്റെ വിഭവങ്ങളുടെ നല്ലൊരു പങ്ക് യുദ്ധം വിഴുങ്ങി.

മറുവശത്ത്, സാറിസ്റ്റ് പട്ടാളം തുടർച്ചയായി പരാജയങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരുന്നു. അത്യാവശ്യത്തിനുപോലും പടക്കോപ്പുകളില്ലാത്ത അവർക്ക് ജർമ്മൻ സൈനിക ശക്തിക്കുമുന്നിൽ പിടിച്ചുനിൽക്കാനായില്ല. ഇതിനിടയിലാണ് സാറിസ്റ്റ് ഗവണ്മെന്റിലെ യുദ്ധമന്ത്രി സുലോമ്‌നിലോവും മറ്റുചില മന്ത്രിമാരും രാജ്യത്തെ വഞ്ചിച്ച് ജർമ്മനിക്ക് സഹായം ചെയ്തതായുള്ള വാർത്ത പുറത്തുവന്നത്. ഇതിന്റെയെല്ലാം ഫലമായി സാറിസ്റ്റ് പട്ടാളം പിൻവാങ്ങിക്കൊണ്ടിരിക്കുകയും ജർമ്മൻ സൈനികശക്തി പോളണ്ടും ബാൾട്ടിക് മേഖലയിലെ മറ്റുചില പ്രദേശങ്ങളും റഷ്യയിൽനിന്ന് പിടിച്ചെടുക്കുകയും ചെയ്തു.

സാറിസ്റ്റ് ഭരണത്തോടും പട്ടാളത്തോടുമുള്ള തൊഴിലാളികളുടെയും കർഷകരുടെയും ബുദ്ധിജീവികളുടെയുമൊക്കെ വെറുപ്പ് ഇതുമൂലം വർദ്ധിച്ചുകൊണ്ടിരുന്നു. സാറിസ്റ്റ് വാഴ്ചയ്ക്കെതിരായ ജനങ്ങളുടെ വിപ്ലവ പ്രസ്ഥാനം യുദ്ധമുന്നണിയിലും രാജ്യത്താകമാനവും ശക്തിപ്പെടാനും ഇതിടയാക്കി.

### കൊട്ടാര വിപ്ലവം

റഷ്യയിലെ മുതലാളിവർഗ്ഗത്തിനിടയിലും ക്രമേണ അസംതൃപ്തി പടർന്നുപിടിച്ചു. റാസ്പുട്ടിൻ എന്ന ആത്മീയ നേതാവും സാറിസ്റ്റ് മന്ത്രിസഭയിലെ മറ്റുചില പ്രമാണിമാരും ചേർന്ന് ജർമ്മനിയുമായി സമാധാന ഉടമ്പടിയുണ്ടാക്കാൻ നടത്തിയ നീക്കം റഷ്യൻ മുതലാളിവർഗ്ഗത്തെ പ്രകോപിപ്പിച്ചു. സാറിന്റെ യുദ്ധതന്ത്രങ്ങൾ പരാജയമടയുകയാണെന്ന കാര്യത്തിൽ അവർക്ക് സംശയമുണ്ടായിരുന്നില്ല. സാർ ജർമ്മനിയുമായി മാത്രം ഒരു പ്രത്യേക സമാധാന ഉടമ്പടിയുണ്ടാക്കുമോ എന്നവർ ആശങ്കപ്പെട്ടു. അങ്ങനെ വന്നാൽ, സാർ നിക്കോളാസ് രണ്ടാമന്റെ സഹോദരൻ മിഖായേൽ റൊമാനോവിനെ അധികാരത്തിൽ അവരോധിക്കാനാണ് റഷ്യൻ മുതലാളിവർഗ്ഗം പദ്ധതിയിട്ടത്. അതിനായി അവർ കരുനീക്കങ്ങൾ നടത്തി. ഒരു കൊട്ടാര വിപ്ലവത്തിലൂടെ സാറിനെ മാറ്റുന്നതുവഴി ഒരു വെടിക്ക് രണ്ടു പക്ഷികളെ കൊല്ലാമെന്നാണ് അവർ കണക്കുകൂട്ടിയത്. ഒന്ന്, ഗവണ്മെന്റിന്റെ അധികാരം ഉപയോഗിച്ച് യുദ്ധം തുടരാം. രണ്ട്, സാറിനെ മാറ്റുന്നതുവഴി ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി ജനങ്ങൾക്കിടയിൽ ശക്തി പ്രാപിച്ചുവരുന്ന വിപ്ലവ മുന്നേറ്റത്തെ അമർച്ചചെയ്യാം.

ജർമ്മനിയുമായി സാർ ഭരണം ഒരു പ്രത്യേക സമാധാന ഉടമ്പടിയുണ്ടാക്കിയാൽ ബ്രിട്ടീഷ്-ഫ്രഞ്ച് ഗവണ്മെന്റുകൾക്ക് യുദ്ധത്തിൽ ഒരു സഖ്യകക്ഷിയെ നഷ്ടപ്പെടുമെന്ന് മാത്രമല്ല, റഷ്യയിൽനിന്ന് നല്ല പോരാളികളെ റിക്രൂട്ട് ചെയ്ത് യുദ്ധമുന്നണിയിലെത്തിക്കാനുള്ള സാദ്ധ്യതയും ഇല്ലാതാകും. അതുകൊണ്ടവർ റഷ്യൻ മുതലാളിവർഗ്ഗത്തെ കയ്യയച്ച് സഹായിച്ചു. നിക്കോളാസ് രണ്ടാമനെ മാറ്റാനുള്ള കൊട്ടാര വിപ്ലവത്തിന് അവർ എല്ലാ പിന്തുണയും നൽകി.

റഷ്യൻ പട്ടാളം പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുമ്പോൾ രാജ്യത്തിന്റെ സാമ്പത്തിക പ്രതിസന്ധിയും അപായകരമായ നിലയിലെത്തിയിരുന്നു. 1917 ജനുവരി-ഫെബ്രുവരി ആയതോടെ ഭക്ഷ്യ വസ്തുക്കളുടെയും അസംസ്കൃത വിഭവങ്ങളുടെയും ഇന്ധനത്തിന്റെയുമൊക്കെ വിതരണം തകരാറിലായിരുന്നു. പെട്രോഗ്രാഡിലേയ്ക്കും മോസ്കോയിലേയ്ക്കുമുള്ള ഭക്ഷ്യവിതരണം ഏതാണ്ട് നിലച്ചിരുന്നു. മില്ലുകളും ഫാക്ടറികളും അടഞ്ഞുകൊണ്ടിരുന്നതിനാൽ തൊഴിലാളികൾ തൊഴിൽരഹിതരായി മാറിക്കൊണ്ടിരുന്നു. സാറിന്റെ ഏകാധിപത്യ വാഴ്ചയ്ക്ക് അന്ത്യം കുറിക്കുക മാത്രമാണ് അസഹനീയമായ ഈ

*(ശേഷം 7-ാം പേജിൽ)*

# നവംബർ വിപ്ലവശതാബ്ദി ആചരണം

## തൃപ്പൂണിത്തുറ

മഹത്തായ റഷ്യൻ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ആചരണത്തോടനുബന്ധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാനവശക്തി നവംബർ വിപ്ലവ ചരിത്രപ്രദർശനവും കാറൽ മാർക്സിന്റെ 200-ാം ജന്മദിനാചരണവും തൃപ്പൂണിത്തുറ ലായംകൂത്തമ്പലത്തിൽ സംഘടിപ്പിക്കപ്പെട്ടു.



മാനവശക്തി ചരിത്രപ്രദർശനത്തോടനുബന്ധിച്ച് നടന്ന സെമിനാർ ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

മെയ് 5 ന്, മെയ് 8 വരെ നടന്ന എക്സിബിഷന്റെ ഔപചാരിക ഉദ്ഘാടനവും മഹാനായ തൊഴിലാളിവർഗ്ഗാചാര്യൻ കാൾ മാർക്സിന്റെ 200-ാം ജന്മദിനാചരണപ്രഭാഷണവും പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് നിർവ്വഹിച്ചു. യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ സ്വാഗതവും ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.ബി.അശോകൻ നന്ദിയും പറഞ്ഞു. തുടർന്ന് 'മിഷൻ റ്റൂ മോസ്കോ' എന്ന സോവിയറ്റ് സിനിമ പ്രദർശിപ്പിക്കപ്പെട്ടു.

മേയ് 6ന്, രാവിലെ മാനവശക്തി ചരിത്രപ്രദർശനത്തിന്റെ ഭാഗമായി സംഘ ചിത്രരചന നടന്നു. പ്രശസ്ത ചിത്രകാരൻ ടി. കലാധരൻ ഉദ്ഘാടനം ചെയ്തു. പ്രമുഖ ചിത്രകാരന്മാരായ ആർ.പാർത്ഥസാരഥി വർമ്മ, സത്കലാ വിജയൻ, ആർട്ടിസ്റ്റ് വാസൻ, അഡ്വ. എരൂർ ബിജു, ബിജി ഭാസ്ക്കർ, ബിനു സി.മാധവ്, രശ്മി രവി തുടങ്ങിയവർ പങ്കെടുത്തു.

വൈകുന്നേരം, 'സോഷ്യലിസവും ലോകസമാധാനവും എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പാർട്ടി സംസ്ഥാന കമ്മിറ്റിയംഗവും എഐയുടിയുസി സംസ്ഥാന സെക്രട്ടറിയുമായ സഖാവ് വി.കെ. സദാനന്ദൻ വിഷയാവതരണം നടത്തി. ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.പി.അഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ചു. ആർഎസ്പി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് കെ.രജികുമാർ, എംസിപിഐ(യു) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് പി.പി.സാജു തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ഒ.സുധീർ സ്വാഗതവും കെ.പി. സാൽവിൻ നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന 'കലാസന്ധ്യ' പ്രശസ്ത കലാകാരി ശ്രീമതി ജ്യോതി ഉപേന്ദ്രറാവു ഉദ്ഘാടനം ചെയ്തു. സഖാവ് കെ.സി.ജയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സഖാവ് എ.റജീന സ്വാഗതവും സഖാവ് കെ.എൻ.രാജി നന്ദിയും പറഞ്ഞു. തുടർന്ന് നിരവധി കലാപരിപാടികൾ നടന്നു.

മേയ് 7 ന്, 'സ്ത്രീവിമോചനവും സോഷ്യലിസവും' സെമിനാർ സിപിഐ(എം) കേന്ദ്രകമ്മിറ്റിയംഗം സഖാവ് എം.സി.ജോസഫൈൻ ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.ശോഭ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ വിഷയവതരണം നടത്തി. കേരള മഹിളാ സംഘം സംസ്ഥാന പ്രസിഡന്റ് സഖാവ് കമലാസദാനന്ദൻ, മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ, എഐഎഫ്ഡിഡബ്ല്യു ജില്ലാ സെക്രട്ടറി സഖാവ് സെലീന ജോൺസൺ, സഖാവ് ബി.പി. ബിന്ദു എന്നിവർ പ്രസംഗിച്ചു. സഖാവ് എം.കെ.ഉഷ സ്വാഗതവും സഖാവ് എം.പി.സുധ നന്ദിയും പറഞ്ഞു.

സെമിനാറിനുശേഷം നടന്ന 'വിപ്ലവഗാനമേള' പ്രശസ്ത ഗായികയും ഗാനസംവിധായകയുമായ സഖാവ് പി.കെ.മേദിനി ഉദ്ഘാടനം ചെയ്തു. സഖാവ് ടി.കെ.സുധീർകുമാർ കോ-ഓർഡിനേറ്ററായിരുന്ന പരിപാടിയിൽ പുതുതായി തയ്യാറാക്കിയ വിപ്ലവഗാനങ്ങളുടെ സിഡി. പി.കെ.മേദിനി എഐഡിവൈഒ ജില്ലാ ജോയിന്റ് സെക്രട്ടറി സഖാവ് സന്തോഷ് വേലായുധന് നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു. വിപ്ലവഗാനമേളയിൽ സഖാക്കൾ പി.മണികണ്ഠൻ, കലാസുധാകരൻ, എം.കെ.കാഞ്ചനവല്ലി, സുജ ആന്റണി, എസ്.ശിൽപ്പ, ജിതിൻ തമ്പി, അനന്ദഗോപൻ, സുധിൻ രാജു, അനിലാ ബോസ് തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു. സാന്റി ആന്റണിയും സംഘവും ഓർക്കസ്ട്രേഷൻ നിർവ്വഹിച്ചു.

മേയ് 8ന്, രാവിലെ കവിയരങ്ങ് പ്രശസ്ത കവി മണർകാട് ശശികുമാർ ഉദ്ഘാടനം ചെയ്തു. അഡ്വ. പഞ്ഞിമല ബാലകൃഷ്ണൻ കോ-ഓർഡിനേറ്ററായിരുന്നു. സത്കലാ വിജയൻ, രാധാകൃഷ്ണൻ ചങ്ങമ്പുഴ, ഷാഹുൽ പൂച്ചാക്കൽ, ശശീന്ദ്രൻ കിങ്ങിണിമറ്റം ജയ്മാധവ് മാധവശ്ശേരി, രമണി ചെങ്ങറ തുടങ്ങി നിരവധി കവികൾ കവിതകൾ അവതരിപ്പിച്ചു. കവിയും നിരൂപകനുമായ അഡ്വ. എം.കെ.ശശീന്ദ്രൻ കവിതകളെ അവലോകനം ചെയ്തുകൊണ്ട് തുടർന്ന് സംസാരിച്ചു.

വൈകുന്നേരം, സമാപനസമ്മേളനവും 'ഫാസിസ്റ്റ് വിരുദ്ധ സമരത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ പങ്ക്' എന്ന വിഷയത്തിലുള്ള സെമിനാറും എസ്‌യുസിഐ(സി) കേന്ദ്ര സ്റ്റാഫ് മെമ്പറും സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.

ഫാസിസത്തിന്റെ കടന്നുവരവ്, നിലനിൽക്കുന്ന ചൂഷണാധിഷ്ഠിത സമ്പദ്ക്രമത്തെ സംരക്ഷിക്കാനാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. നാസി ജർമ്മനിയും ഇറ്റലിയും പ്രയോഗിച്ച രാഷ്ട്രീയായുധമെന്ന നിലയിൽ മാത്രം ഫാസിസത്തെ കാണുന്നത് അപകടമാണെന്ന് അദ്ദേഹം പറഞ്ഞു. ജനാധിപത്യത്തിന്റെ എല്ലാ കാഴ്ചപ്പാടുകളും സമീപനങ്ങളും അവസാനിപ്പിക്കാൻ സഹായിക്കുന്ന വിധം അന്ധതയും അക്രമണാത്മകമായ ചിട്ടയും അണികളിൽ നിറയ്ക്കുകയും ശാസ്ത്രീയകാഴ്ചപ്പാടിനും യുക്തിക്കുംപകരം പ്രാകൃതമായ ചിന്തകൾ ജനങ്ങളിൽ സന്നിവേശിപ്പിക്കുകയും ചെയ്യുന്നത് പണിയെടുക്കുന്നവരും പാവപ്പെട്ടവരുമായ ചൂഷിതജനവിഭാഗങ്ങളുടെ ഒരുമയെ ഭയക്കുന്നവരാണ്. ജനാധിപത്യം കശാപ്പുചെയ്തുകൊണ്ട് ഭരണകർത്താക്കളെടുക്കുന്ന ഏതൊരു നീക്കത്തെയും ഫാസിസ്റ്റ് സമീപനമായി കാണേണ്ടതുണ്ട്. ഫാസിസത്തിനെതിരായ പോരാട്ടത്തിൽ സോവിയറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥ നടത്തിയ ഐതിഹാസികമായ പോരാട്ടത്തിന്റെ ഓർമ്മകൾ, ഇന്ന് കൂടുതൽ പ്രതിസന്ധിഗ്രസ്തമായ ചുറ്റുപാടുകളിലൂടെ കടന്നുപോകുന്ന നമുക്ക് ഊർജ്ജദായകമാണെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

യോഗത്തിൽ ജില്ലാ സെക്രട്ടേറിയറ്റംഗം ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. പ്രമുഖ ഇടതുപക്ഷ നിരീക്ഷകനായ അപ്പുക്കുട്ടൻ വള്ളിക്കുന്ന്, ആർഎംപിഐ കേന്ദ്രകമ്മിറ്റിയംഗം കെ.എസ്.ഹരിഹരൻ, ടി.കെ.സുധീർകുമാർ എന്നിവരും പ്രസംഗിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ കെ.ഒ.ഷാൻ സ്വാഗതവും സി.കെ.രാജേന്ദ്രൻ നന്ദിയും പറഞ്ഞു.

മാനവശക്തി ചരിത്രപ്രദർശനത്തിന്റെ ഭാഗമായി മേയ് ദിനത്തിൽ വിളംബര ജാഥയും നടന്നു. ജാഥ പിറവം ടൗണിൽ, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ടി.കെ. സുധീർകുമാർ ജാഥാക്യാപ്റ്റൻ ജില്ലാ സെക്രട്ടേറിയറ്റംഗം പി.എം. ദിനേശന് പതാക കൈമാറി ഉദ്ഘാടനം ചെയ്തു. ഇരപ്പാംകുഴി, ആരക്കുന്നം, അരയൻകാവ്, മില്ലുപടി, പൂത്തോട്ട, നടക്കാവ്, മുളന്തുരുത്തി, ചോറ്റാനിക്കര, തിരുവാങ്കുളം, കരിങ്ങാച്ചിറ വഴി തൃപ്പൂണിത്തുറ ടൗണിൽ വിളംബരജാഥ സമാപിച്ചു. വിവിധ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ പാർട്ടി ജില്ലാ നേതാക്കളായ സി.ബി.അശോകൻ, കെ.ഒ. സുധീർ, കെ.പി.സാൽവിൻ, കെ.ഒ. ഷാൻ, കെ.കെ.ശോഭ, കെ.സി.ജയൻ, പി.പി.അഗസ്റ്റിൻ തുടങ്ങിയവർ പ്രസംഗിച്ചു. കലാസംഘം വിവിധ കേന്ദ്രങ്ങളിൽ വിപ്ലവഗാനങ്ങൾ ആലപിച്ചു. ജാഥയ്ക്ക് ജില്ലാ നേതാക്കളായ എം.കെ.ഉഷ, സി.കെ.രാജേന്ദ്രൻ, സി.കെ.തമ്പി, എ.സലീം, പി.പി.സജീവ് തുടങ്ങിയവർ നേതൃത്വം കൊടുത്തു.



സ്ത്രീവിമോചനവും സോഷ്യലിസവും എന്ന സെമിനാർ സിപിഐ(എം) കേന്ദ്രകമ്മിറ്റിയംഗം സഖാവ് എം.സി.ജോസഫൈൻ ഉദ്ഘാടനം ചെയ്യുന്നു



തൃപ്പൂണിത്തുറയിൽ മാനവശക്തി ചരിത്രപ്രദർശനം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

## തൃശൂർ

മാനവശക്തി ചരിത്ര പ്രദർശനവും നവംബർ വിപ്ലവ ശതാബ്ദിയാചരണവും തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ മെയ് 22, 23, 24 തീയതികളിൽ നടന്നു.

മെയ് 22ന് രാവിലെ മാനവശക്തി പ്രദർശനം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ ജില്ലാസെക്രട്ടറി ഡോ.പി.എസ്. ബാബു അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് 15 മീറ്റർ ദൈർഘ്യമുള്ള ക്യാൻവാസിൽ സംഘചിത്രരചന നടന്നു. പ്രമുഖ ചിത്രകാരൻ ഗിരീശൻ മാസ്റ്റർ സംഘചിത്രരചന ഉദ്ഘാടനം ചെയ്തു. ആർ.പാർത്ഥസാരഥി വർമ്മ അദ്ധ്യക്ഷത വഹിച്ചു. കെ.വി.ഗണേഷ്, ദാമോദരൻ നമ്പിടി എന്നിവർ പ്രസംഗിച്ചു. ഏങ്ങണ്ടിയൂർ കാർത്തികേയൻ കവിത ആലപിച്ചുകൊണ്ട് ചിത്രരചന നിർവ്വഹിച്ചു. സുരേഷ് മറ്റത്തൂർ, മൈക്കിൾ തുടങ്ങിയവരും ചിത്രരചനയിൽ പങ്കെടുത്തു. ബംഗാളി നാടകകൃത്ത് ബാദൽ സർക്കാരിന്റെ "ഹട്ടാമല നാടിനപ്പുറം" എന്ന നാടകത്തിന്റെ സ്വതന്ത്രാവിഷ്ക്കാരം "പണമില്ലാ നാട്" മാനവശക്തി പ്രദർശനവേദിയിൽ അരങ്ങേറി. തൃശ്ശൂർ ഒക്ടോബർ തിയേറ്ററിനുവേണ്ടി സ്കൂൾ ഓഫ് ഡ്രാമ ഗവേഷകൻ എം. പ്രദീപനാണ് നാടകാവതരണം ഒരുക്കിയത്.

വൈകിട്ട് 5 മണിക്ക് നടന്ന, "സോഷ്യലിസവും ലോകസമാധാനവും" എന്ന സെമിനാർ സി.എൻ. ജയദേവൻ എം.പി. ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ കമ്മറ്റി അംഗം അഡ്വ. ഇ.എൻ.ശാന്തിരാജ് സെമിനാറിൽ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയേറ്റംഗം ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. എംസിപിഐ(യു) സംസ്ഥാന കമ്മറ്റി അംഗം പി.എ. അബ്ദുൾ സമദ്, ടി.കെ.വാസു തുടങ്ങിയവർ പ്രസംഗിച്ചു.

മെയ് 23 രാവിലെ നടന്ന കവിസമ്മേളനം ജോയ് ചിറമ്മേൽ ഉദ്ഘാടനം ചെയ്തു. സി.ആർ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ബക്കർ മേത്തല, സെബാസ്റ്റ്യൻ, രാമചന്ദ്രൻ വേളേക്കാട്ട്, അജി ചെട്ടിക്കാട്, മണി സാരംഗ്, ലത്തീഫ് മമ്മിയൂർ, സുധർമ്മ കൊട്ടുവള്ളിക്കാട്, രാധാമണി കൊടകര, നഫീസ പുന്നയൂർ, സി.ജി.ഗീത, തായ്കൃഷ്ണ, സുബ്രഹ്മണ്യൻ, അശോകൻ പുത്തൂർ, സുകന്യ എം.കെ, വി.എ.ബേബി, ജയപ്രകാശ് ഒളരി, രാമചന്ദ്രൻ എരവിമംഗലം തുടങ്ങിയവർ കവിതകൾ അവതരിപ്പിച്ചു.

വൈകിട്ട് നടന്ന, സോവിയറ്റ് കലയും സാഹിത്യവും സൃഷ്ടിച്ച സ്വാധീനമെന്ന സെമിനാർ പാർവ്വതി പവനൻ ഉദ്ഘാടനം ചെയ്തു. ലോകത്ത് മറ്റൊരിടത്തും കണ്ടിട്ടില്ലാത്തത്ര സാമൂഹ്യ സുരക്ഷ റഷ്യയിൽ കാണുവാൻ കഴിഞ്ഞുവെന്ന് ദീർഘകാലം റഷ്യയിൽ പഠന-ഗവേഷണങ്ങളിൽ ഏർപ്പെട്ട ഡോ. എസ്. ശങ്കർ പറഞ്ഞു. ചലച്ചിത്രകലയ്ക്ക് മൗലികമായ സംഭാവന സോവിയറ്റ് റഷ്യ നൽകിയെന്ന് ചലച്ചിത്ര നിരൂപകൻ ഐ. ഷൺമുഖദാസ് അഭിപ്രായപ്പെട്ടു. എസ്‌യുസിഐ (സി) ജില്ലാകമ്മറ്റി അംഗം എം.പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ (സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡോ.വി. വേണുഗോപാൽ, എസ്‌യുസിഐ

(ശേഷം 7-ാം പേജിൽ)

# മാനവശക്തി ചരിത്രപ്രദർശനം ജില്ലകളിൽ




**തൃശൂരിൽ മാനവശക്തി ചരിത്രപ്രദർശനത്തോടനുബന്ധിച്ച് നടന്ന സെമിനാറുകൾ തൃശൂർ എം.പി. സഖാവ് സി.എൻ.ജയദേവനും ശ്രീമതി പാർവ്വതി പവനനും ഉദ്ഘാടനം ചെയ്യുന്നു**

*(6-ാം പേജിൽ നിന്ന്)*
(സി) സംസ്ഥാന കമ്മറ്റി അംഗം ടി.കെ. സുധീർകുമാർ, വി.കെ.ഷറഫുദ്ദീൻ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി.പ്രകാശ് തുടങ്ങിയവർ സെമിനാറിൽ സംസാരിച്ചു. ആർ. സുനിത സ്വാഗതവും സി.വി.പ്രേംരാജ് നന്ദിയും പറഞ്ഞു.

മെയ് 24 ന്, 'ഫാസിസ്റ്റ് വിപത്തും പ്രതിരോധവും' എന്ന സെമിനാർ നടന്നു. മാനവരാശിയുടെ എല്ലാ നേട്ടങ്ങളെയും അതിശയിക്കുന്നതായിരുന്നു സോവിയറ്റ് യൂണിയൻ ഒക്ടോബർ വിപ്ലവത്തിലൂടെ സാദ്ധ്യമാക്കിയതെന്ന് ആർഎംപി(ഐ) സംസ്ഥാനചെയർമാൻ ടി.എൽ. സന്തോഷ് പറഞ്ഞു. ഇന്ന് മറ്റൊരു മഹാമാന്ദ്യത്തെ നേരിടുന്ന മുതലാളിത്തം അന്തിമ ആശ്രയമായി ഫാസിസത്തിലേക്ക് വളരെ വേഗം നടന്നടുക്കുകയാണെന്നും അതിനെ ചെറുക്കാൻ ജനാധിപത്യ വിശ്വാസികൾ ഒന്നിക്കേണ്ടത് അടിയന്തിര ആവശ്യകതയാണെന്നും എസ്‌യുസിഐ (സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ജെയ്സൺ ജോസഫ് അഭിപ്രായപ്പെട്ടു. സെമിനാറിലും സമാപന സമ്മേളനത്തിലും ഡോ. പി.എസ്. ബാബു അദ്ധ്യക്ഷത വഹിച്ചു. സിപിഐ (എംഎൽ) നേതാവ് കെ.ശിവരാമൻ, എസ്‌യുസിഐ (സി) സംസ്ഥാന കമ്മറ്റി അംഗം ജ്യോതി കൃഷ്ണൻ, സാംസ്ക്കാരിക പ്രവർത്തകൻ ഇ.ഡി. ഡേവിസ് തുടങ്ങിയവർ പ്രസംഗിച്ചു. സഖാവ് എ.എം.സുരേഷ് സ്വാഗതം പറഞ്ഞു.

മാനവശക്തി ചരിത്രപ്രദർശനം കാണുവാൻ നൂറുകണക്കിന് വിദ്യാർത്ഥികളും ചരിത്രാന്വേഷികളും പുരോഗമന വിശ്വാസികളും തൊഴിലാളികളും മൂന്നുദിവസങ്ങളിലായി എത്തിച്ചേർന്നു.

## തൊടുപുഴ

നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ആചരണം 2017 മെയ് 18,19,20 തിയതികളിൽ തൊടുപുഴയിൽ നടന്നു. ഗാന്ധി സ്ക്വയറിനോട് ചേർന്ന് പഴയ ബസ് സ്റ്റാന്റിൽ പ്രത്യേകം തയാറാക്കിയ വിശാലമായ പന്തലിലാണ് മാനവശക്തി ചരിത്രപ്രദർശനം സംഘടിപ്പിച്ചത്.

മെയ് 18, രാവിലെ 10 മണിക്ക് പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ ചരിത്ര പ്രദർശനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് 5 ന് നടന്ന ഉദ്ഘാടന സമ്മേളനം പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജെയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. ജില്ലാ സംഘാടകകമ്മിറ്റി അംഗം സഖാവ് കെ.എൽ.ഈപ്പച്ചൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സംഘാടക കമ്മിറ്റി അംഗം സഖാവ് സിജു രാജാക്കാട് സ്വാഗതം പറഞ്ഞു.

ജിഷ്ണുവിന്റെ മാതാവ് മഹിജക്കൊപ്പം സമരം ചെയ്തതിന്റെ പേരിൽ ജയിലിലിലടക്കപ്പെട്ട പാർട്ടി സംഘാടകരായ സഖാക്കൾ എം.ഷാജർഖാൻ, എസ്.മിനി എന്നിവർക്ക് ഉദ്ഘാടന സമ്മേളനത്തിൽ സ്വീകരണം നൽകി. ഐഎൻപിഎ സംസ്ഥാന വൈസ്പ്രസിഡന്റ് കെ.ജെ. ജോസഫ്, എം.ഷാജർഖാൻ എന്നിവരും യോഗത്തിൽ പ്രസംഗിച്ചു.

മെയ് 19 വൈകിട്ട് 5 മണിക്ക്, 'സോഷ്യലിസവും ലോകസമാധാനവും' എന്ന വിഷയത്തിൽ സെമിനാർ നടന്നു. എസ്‌യുസിഐ (സി) തൊടുപുഴ ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് സിബി സി. മാത്യു അദ്ധ്യക്ഷത വഹിച്ചു. സഖാവ് എം.ബി.രാജശേഖരൻ സ്വാഗതം ആശംസിച്ചു. സെമിനാറിൽ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. എംസിപിഐ(യു) സംസ്ഥാന കമ്മിറ്റിയംഗം പി.സി.ജോളി സെമിനാറിൽ പങ്കെടുത്ത് പ്രസംഗിച്ചു.

മെയ് 20ന് വൈകിട്ട് നടന്ന സമാപന സമ്മേളനത്തിൽ ജില്ലാ സംഘാടക കമ്മിറ്റി സെക്രട്ടറി എൻ.വിനോദ് കുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ സിപിഐ ഇടുക്കി ജില്ലാസെക്രട്ടറി സഖാവ് കെ.കെ. ശിവരാമൻ, എസ്‌യുസിഐ(സി) ജില്ലാ സംഘാടക കമ്മിറ്റിയംഗം സഖാവ് പി.റ്റി. വർഗീസ് എന്നിവർ പ്രസംഗിച്ചു .

നവംബർ വിപ്ലവാചരണ പരിപാടി കാണുവാനും വിലയിരുത്തുവാനും എത്തിയ നൂറുകണക്കിന് ജനങ്ങൾക്കും ഇടതുപക്ഷ വിശ്വാസികൾക്കും പ്രദർശനം പുതിയ ആത്മവിശ്വാസവും കരുത്തും പകർന്നു നൽകി. ○



**തൊടുപുഴ മാനവശക്തിപ്രദർശനം എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു**



**സമാപന സമ്മേളനം എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

# നവംബർ വിപ്ലവപാഠങ്ങൾ

*(5-ാം പേജിൽ നിന്ന്)*
അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാനുള്ള പോംവഴി എന്ന ചിന്ത വലിയൊരു വിഭാഗമാളുകളെ സ്വാധീനിച്ചുകഴിഞ്ഞിരുന്നു.

സാറിസ്റ്റ് വാഴ്ചയുടെ അന്ത്യം ആസന്നമായിരുന്നു. കൊട്ടാര വിപ്ലവം നടത്തി ഈ പ്രതിസന്ധി മറികടക്കാമെന്നാണ് കരുതിയതെങ്കിലും സാധാരണ ജനങ്ങൾ മറ്റൊരു വഴിക്കാണ് നീങ്ങിയത്.

### ഫെബ്രുവരി വിപ്ലവവും സാർ ഭരണത്തിന്റെ പതനവും

1917ന്റെ തുടക്കത്തിൽ, ജനുവരി 9ന് ഒരു പണിമുടക്ക് നടന്നു. പെട്രോഗ്രാഡ്, മോസ്കോ, ബാക്കു, നിഷ്നി നവ്ഗൊറോദ് തുടങ്ങിയ നഗരങ്ങളൊക്കെ വമ്പൻ പ്രകടനങ്ങളാൽ പ്രകമ്പനംകൊണ്ടു. പോലീസ് അതിക്രമങ്ങളെയൊക്കെ അതിജീവിച്ചുകൊണ്ട് തൊഴിലാളികൾ രാജ്യവ്യാപകമായ പണിമുടക്ക് സമരം വിജയിപ്പിക്കാനായി വൻതോതിൽ അണിനിരന്നു.

ലിബറൽ ബൂർഷ്വാസിയുടെ താല്പര്യപ്രകാരം മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും ഈ സമരങ്ങളുടെ നേതൃത്വമേറ്റെടുക്കാൻ ശ്രമം നടത്തി. ഫെബ്രുവരി 14-ാം തീയതി ദ്യൂമയുടെ സമ്മേളനം തുടങ്ങുന്ന ദിവസമായിരുന്നു. ദ്യൂമയുടെ മുന്നിൽ ഒരു തൊഴിലാളി പ്രകടനം സംഘടിപ്പിക്കാൻ മെൻഷെവിക്കുകൾ പദ്ധതിയിട്ടു. എന്നാൽ, ദ്യൂമയിലേയ്ക്ക് മാർച്ച് ചെയ്യുന്നതിന് പകരം ഒരു പ്രതിഷേധ റാലി സംഘടിപ്പിക്കാനുള്ള ബോൾഷെവിക്കുകളുടെ ആഹ്വാനമാണ് തൊഴിലാളികൾ ഏറ്റെടുത്തത്.

1917 ഫെബ്രുവരി 18ന് പെട്രോഗ്രാഡിലെ പുട്ടിലോവ് ഫാക്ടറിയിൽ ഒരു പണിമുടക്ക് നടന്നു. ഫെബ്രുവരി 22 ആയപ്പോഴേയ്ക്കും വൻകിട ഫാക്ടറികളെല്ലാംതന്നെ പണിമുടക്കുമൂലം അടയ്ക്കേണ്ട സ്ഥിതിയിലായി. ഫെബ്രുവരി 23ന് (പുതിയ കലണ്ടർ പ്രകാരം മാർച്ച് 8) അന്തർദേശീയ വനിതാദിനത്തിൽ, പട്ടിണിയ്ക്കും യുദ്ധത്തിനും സാർഭരണത്തിനുമെതിരെ സ്ത്രീ തൊഴിലാളികൾ തെരുവിലിറങ്ങി. പെട്രോഗ്രാഡിലെ തൊഴിലാളികൾ ഈ സമരത്തിന് പിന്തുണ നൽകി. പിറ്റേന്ന് ഫെബ്രുവരി 24ന് ഏതാണ്ട് രണ്ടുലക്ഷം തൊഴിലാളികളുടെ പങ്കാളിത്തത്തിലേയ്ക്ക് പണിമുടക്ക് സമരം വളർന്നു.

ഫെബ്രുവരി 25ന് പെട്രോഗ്രാഡിലെ മുഴുവൻ തൊഴിലാളികളും പണിമുടക്കിയതോടെ നഗരം നിശ്ചലമായി. സാറിസ്റ്റ് പോലീസും പ്രകടനക്കാരും തമ്മിൽ നിരവധി സ്ഥലങ്ങളിൽ ഏറ്റുമുട്ടി. 'സാർ ഭരണം തുലയട്ടെ', 'യുദ്ധം നിർത്തുക', 'ഞങ്ങൾക്ക് ഭക്ഷണം തരൂ' തുടങ്ങിയ മുദ്രാവാക്യങ്ങൾ എഴുതിയ ബാനറുകളും ചെങ്കൊടികളുമായി തൊഴിലാളികൾ ഒന്നടങ്കം തെരുവിലണഞ്ഞു.

ഫെബ്രുവരി 26 രാവിലെ മുതൽ പ്രകടനങ്ങളും പണിമുടക്കുകളുമൊക്കെ ജനങ്ങളുടെ കലാപത്തിന്റെ രൂപമെടുത്തു. പോലീസിന്റെയും പട്ടാളത്തിന്റെയുമൊക്കെ ആയുധങ്ങൾ ജനങ്ങൾ പിടിച്ചെടുത്തു. സമൻസ്കയ സ്ക്വയറിൽ പോലീസ് തൊഴിലാളികൾക്കുനേരെ നിറയൊഴിച്ചു. സാറിസ്റ്റ് ജനറൽ തന്നെ അടിച്ചമർത്തലിന് നേതൃത്വം കൊടുത്തെങ്കിലും പരാജയത്തിൽ കലാശിച്ചു. അന്നേ ദിവസം സാറിസ്റ്റ് ഗവണ്മെന്റിന്റെ 4-ാം കമ്പനി പാവ്ലോവ്സ്കി റെജിമെന്റ് കുതിരപ്പട്ടാളത്തിന്റെ നേർക്ക് തിരിച്ച് വെടിവച്ചു. പോലീസിനെയും പട്ടാളത്തിനെയും തൊഴിലാളികളുടെ പക്ഷം ചേർക്കാൻ ആത്മാർത്ഥമായ ശ്രമം നടന്നു. സ്ത്രീ തൊഴിലാളികളും ഇക്കാര്യത്തിൽ സജീവമായ പങ്കുവഹിച്ചു. സാറിസ്റ്റ് വാഴ്ചയിൽ തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ എണ്ണിപ്പറഞ്ഞ് അവർ പോലീസിന്റെയും പട്ടാളത്തിന്റെയും പിന്തുണ അഭ്യർത്ഥിച്ചു. അന്നേദിവസം തന്നെ ബോൾഷെവിക് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി ഒരു മാനിഫെസ്റ്റോ തയ്യാറാക്കുകയും സായുധ സമരം തുടരാൻ ആഹ്വാനം നൽകുകയും ചെയ്തു. അതോടൊപ്പം ഒരു താത്ക്കാലിക വപ്ലവ ഗവണ്മെന്റിനും രൂപം നൽകി.

പിറ്റേന്ന്, ഫെബ്രുവരി 27ന്, തൊഴിലാളികളുടെ നേർക്ക് വെടിവയ്ക്കാൻ പെട്രോഗ്രാഡിൽ സൈന്യം തയ്യാറായില്ല. അസംതൃപ്തരായ പട്ടാളക്കാരെല്ലാം വിപ്ലവകാരികളോടൊപ്പം ചേർന്നു. 27-ന് രാവിലെ 10,000 പേരാണ് ഇവ്വിധം ചേർന്നതെങ്കിൽ വൈകുന്നേരമായപ്പോഴേയ്ക്കും അത് 60,000 ആയി ഉയർന്നു.

വിപ്ലവകാരികളും സൈനികരും ചേർന്ന് സാറിസ്റ്റ് മന്ത്രിമാരെയും പട്ടാള ജനറൽമാരെയും അറസ്റ്റ് ചെയ്യാൻ തുടങ്ങി. തടവിലായിരുന്ന വിപ്ലവകാരികളെ മോചിപ്പിക്കുകയും ചെയ്തു. അവരെല്ലാം വിപ്ലവ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. വെടിവയ്പ് കുറച്ചുനേരംകൂടി തുടർന്നെങ്കിലും സാറിസ്റ്റ് പട്ടാളം വിപ്ലവകാരികളോടൊപ്പം ചേർന്നതോടെ സാറിസ്റ്റ് വാഴ്ചയുടെ പതനം അനിവാര്യമായി.

പെട്രോഗ്രാഡിലെ വിപ്ലവകാരികളുടെ വിജയത്തിന്റെ വാർത്ത മറ്റ് നഗരങ്ങളിലേയ്ക്കും യുദ്ധമുന്നണിയിലേയ്ക്കുമൊക്കെ എത്തിയതോടെ എല്ലായിടത്തും തൊഴിലാളികളും പട്ടാളക്കാരും ചേർന്ന് സാറിസ്റ്റ് ഉദ്യോഗസ്ഥരെ അധികാരഭ്രഷ്ടരാക്കാൻ തുടങ്ങി. അങ്ങനെ ഫെബ്രുവരിയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവം വിജയം വരിച്ചു; സാറിസ്റ്റ് വാഴ്ചയ്ക്ക് അന്ത്യം കുറിക്കപ്പെട്ടു.

ഫെബ്രുവരിയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവം വിജയിക്കാൻ കാരണം തൊഴിലാളികൾ മുന്നണിപടയായി വർത്തിച്ചതാണ്. പട്ടാളയൂണിഫോമണിഞ്ഞ അവർ 'സമാധാനം, ഭക്ഷണം, സ്വാതന്ത്ര്യം' എന്ന ഡിമാന്റുകൾ ഉയർത്തിക്കൊണ്ട് ലക്ഷക്കണക്കിന് കർഷകരുടെ വിപ്ലവത്തിന് നേതൃത്വം നൽകി. വിപ്ലവത്തിന്റെ ഈ ആദ്യനാളുകളിൽ ലെനിൻ ഇങ്ങനെ കുറിച്ചു: "വിപ്ലവം നടത്തിയത് തൊഴിലാളിവർഗ്ഗമാണ്. അവർ വീരോചിതം പൊരുതി, രക്തം ചൊരിഞ്ഞു: ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാനിച്ചു ജീവിക്കുന്നവരെയും ദരിദ്രരെയും ഒപ്പം ചേർന്ന് മുന്നേറി." (സമാഹൃത കൃതികൾ, വാല്യം 20, പേജ്23-24).

*(ശേഷം 8-ാം പേജിൽ)*

# ഒരു നൂറ്റാണ്ടിനുശേഷവും വിമോചനപാതയെ ദീപ്തമാക്കി മഹത്തായ നവംബർ വിപ്ലവം

(7-ാം പേജിൽ നിന്ന്)

### തൊഴിലാളികളുടെയും പട്ടാളക്കാരുടെയും സോവിയറ്റുകൾ

‘സോവിയറ്റുകൾ’ക്ക് വലിയ പ്രാധാന്യമാണുള്ളത്. സാറിസ്റ്റ് വാഴ്ചയ്ക്കെതിരെ രൂക്ഷമായ പോരാട്ടം നടക്കുന്ന കാലത്ത് ഉദയം ചെയ്ത തൊഴിലാളി പ്രതിനിധികളടങ്ങുന്നതും തൊഴിലാളികളുടെ സ്വന്തം ജനകീയ സമരസംഘടനയുടെ സ്വഭാവത്തിലുള്ളതുമായ ഈ സോവിയറ്റുകൾ അതുവരെ ലോകം ദർശിച്ചിട്ടില്ലാത്ത ഒന്നാണ്. ജനങ്ങളുടെ വിപ്ലവാത്മകവും സർഗ്ഗാത്മകവുമായ മുൻകൈ പ്രവർത്തനത്തിന്റെ പ്രകടിതരൂപമായ സോവിയറ്റുകൾ 1905-ലാണ് നിലവിൽ വരുന്നത്. സാർഭരണത്തിന്റെ നിയമപരമായ വിലക്കുകളെയും ആജ്ഞകളെയും ഒക്കെ ലംഘിക്കുന്ന വിപ്ലവാനുകൂലികളായ ജനവിഭാഗങ്ങളാണ് ഇതിന് മുൻകൈയ്യെടുത്തത്. യഥാർത്ഥത്തിൽ ഇത് ഒരു ബദൽ ഭരണകൂടാധികാരമായി മാറുകയായിരുന്നു.

1905-ലെ വിപ്ലവത്തിൽ തുടക്കംമുതൽ സോവിയറ്റുകൾ സജീവമായി പങ്കെടുത്തു. ഒരു വശത്ത് അവ വിപ്ലവത്തിന്റെ സായുധ വിഭാഗമായി പ്രവർത്തിച്ചു. മറുവശത്ത് ഒരു പുതിയ വിപ്ലവാധികാരത്തിന്റെ ഗർഭസ്ഥശിശുവായി വളർന്നുവരികയും ചെയ്തു. സോവിയറ്റുകളിലൂടെയുള്ള പോരാട്ടത്തെ റഷ്യൻജനത ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. എന്നാൽ 1905-ലും 1917-ലും രൂപീകരിക്കപ്പെട്ട സോവിയറ്റുകൾക്ക് തമ്മിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. 1905-ൽ തൊഴിലാളികളുടെ പ്രതിനിധികൾ മാത്രമാണ് അതിലുണ്ടായിരുന്നതെങ്കിൽ 1917-ൽ പട്ടാളക്കാരും അതിൽ ചേർന്നു. ഫെബ്രുവരി വിപ്ലവം തുടങ്ങിയ അന്നുമുതൽ തൊഴിലാളികളും പട്ടാളക്കാരും സോവിയറ്റുകൾ രൂപീകരിച്ചുകൊണ്ടാണ് പോരാട്ടമാരംഭിച്ചത്. വിപ്ലവത്തിന്റെ വിജയത്തിൽ ഇത് നിർണ്ണായക പങ്കുവഹിക്കുകയും ചെയ്തു.

### താൽക്കാലിക ഗവൺമെന്റിന്റെ രൂപീകരണം

ഫെബ്രുവരി വിപ്ലവകാലത്ത്, ബോൾഷെവിക്കുകൾ തെരുവിൽ ജനങ്ങളുടെ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരുന്നപ്പോൾ, സന്ധി മനോഭാവക്കാരായ മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും സോവിയറ്റുകളിൽ ഭൂരിപക്ഷം ഉറപ്പാക്കാനുള്ള തിരക്കിലായിരുന്നു. ബോൾഷെവിക്കുകളുടെ നല്ലൊരുപങ്കും ജയിലിലും നാടുകടത്തപ്പെട്ട അവസ്ഥയിലുമായിരുന്നു എന്നതും ഇതിനൊരു കാരണമായി. അങ്ങനെ പെട്രോഗ്രാഡ്, മോസ്കോ തുടങ്ങിയ നഗരങ്ങളിലെ സോവിയറ്റുകളിലൊക്കെ ഈ സന്ധിമനോഭാവക്കാരായ മെൻഷെവിക്കുകളും മറ്റും നേതൃത്വം കയ്യടക്കാനിടയായി. അപൂർവ്വം ചില സ്ഥലങ്ങളിൽ മാത്രമാണ് ബോൾഷെവിക്കുകൾക്ക് നേതൃത്വം നിലനിർത്താനായത്.

വിപ്ലവകാരികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സോവിയറ്റുകൾ ഉപകരിക്കുമെന്ന് തൊഴിലാളികളിലെയും പട്ടാളക്കാരിലെയും വിപ്ലവകാരികൾ ഉറച്ചുവിശ്വസിച്ചു. സമാധാനം സ്ഥാപിക്കുക എന്നതിനായിരുന്നു ഒന്നാമത്തെ പരിഗണന. എന്നാൽ മെൻഷെവിക്കുകൾക്കും സോഷ്യലിസ്റ്റ് റവലൂഷണറികൾക്കും യുദ്ധം അവസാനിപ്പിക്കുവാനോ സമാധാനം സ്ഥാപിക്കുവാനോ യാതൊരു താൽപ്പര്യവുമുണ്ടായിരുന്നില്ല. വിപ്ലവാനന്തരം അധികാരം മുതലാളിവർഗ്ഗത്തിന് കൈമാറാനായി ഈ അവസരം ഉപയോഗപ്പെടുത്താമെന്നാണ് അവർ കണക്കുകൂട്ടിയത്. ഇതനുസരിച്ച് ഫെബ്രുവരി 27 ന് (പുതിയ കലണ്ടറിൽ മാർച്ച് 12) 4-ാം സ്റ്റേറ്റ് ദ്യൂമയിലെ ലിബറലുകളും മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും തമ്മിൽ ഒരു കരാറുണ്ടാക്കി. അതിൻപ്രകാരം സ്റ്റേറ്റ് ദ്യൂമയുടെ ഒരു താൽക്കാലിക കമ്മിറ്റി രൂപീകരിച്ചു. തുടർന്ന് സോവിയറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും ഇവരും ചേർന്ന് ഒരു താൽക്കാലിക ഗവൺമെന്റുണ്ടാക്കാൻ കരാറായി. ഇക്കാര്യങ്ങളെല്ലാം ബോൾഷേവിക്കുകളിൽനിന്ന് മറച്ചുവച്ചു. മുതലാളിമാരിലെ ചില പ്രമാണികളും ‘ജനാധിപത്യ’ത്തിന്റെ പ്രതിനിധികളും സോഷ്യലിസ്റ്റ് റവലൂഷണറിയായ കെരൻസ്കിയുമാണ് ഈ താൽക്കാലിക ഗവൺമെന്റിൽ അംഗങ്ങളായത്. ഈ താൽക്കാലിക ഗവൺമെന്റിന്റെ രൂപീകരണത്തോടെ അധികാരം സോവിയറ്റുകളിൽനിന്ന് മുതലാളിവർഗ്ഗത്തിന്റെ കൈകളിലേയ്ക്ക് മാറ്റപ്പെട്ടു. ഇതോടെ ഒരു പുതിയ അധികാരസംവിധാനം ഉയർന്നുവന്നു. ലെനിന്റെ ഭാഷയിൽ, “മുതലാളിവർഗ്ഗവും മുതലാളിമാരായിമാറിയ ഭൂവുടമകളും” അടങ്ങിയ അധികാരസംവിധാനം.

### താൽക്കാലിക ഗവൺമെന്റിന്റെയും സോവിയറ്റുകളുടെയും രണ്ട് അധികാരകേന്ദ്രങ്ങൾ

1917-ലെ ഫെബ്രുവരി വിപ്ലവത്തിനുശേഷം താൽക്കാലിക ഗവൺമെന്റിനോടൊപ്പം മറ്റൊരു അധികാരസംവിധാനം കൂടി പ്രൗഢിയോടെ ഉയർന്നുവന്നു. തൊഴിലാളികളുടെയും പട്ടാളക്കാരുടെയും പ്രതിനിധികളടങ്ങിയ സോവിയറ്റുകളുടെ, ജനകീയ കമ്മിറ്റികളുടെതായ അധികാരസംവിധാനമായിരുന്നു അത്. സോവിയറ്റുകളിലെ സൈനിക പ്രതിനിധികൾ ഒട്ടുമിക്കവരും യുദ്ധത്തിനു മുമ്പ് കർഷകരായിരുന്നു. സാർ ചക്രവർത്തിയുടെ ആജ്ഞപ്രകാരമാണ് അവർ പട്ടാളത്തിൽ ചേർന്നത്. അങ്ങനെ തൊഴിലാളികളുടെയും കർഷകരുടെയും പട്ടാളക്കാരുടെയും പ്രതിനിധികളടങ്ങിയ സോവിയറ്റുകൾ സാർവാഴ്ചയ്ക്കെതിരായി പോരാടുന്നതിനുള്ള തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ സംഘടനകളായി മാറി.

അങ്ങനെ റഷ്യയിൽ ഒരേ സമയം രണ്ട് സർവ്വാധിപത്യങ്ങൾ നിലനിൽക്കുന്ന അവസ്ഥ വന്നു. ഒരുവശത്ത് താൽക്കാലിക ഗവൺമെന്റ്, മറുവശത്ത് തൊഴിലാളികളുടെയും കർഷകരുടെയും സർവ്വാധിപത്യം. ഇത് വിശദമാക്കിക്കൊണ്ട് ലെനിൻ എഴുതി: താൽക്കാലിക ഗവൺമെന്റിനോടൊപ്പം, ദുർബലവും ശൈശവാവസ്ഥയിലുള്ളതുമെങ്കിലും നിസ്സംശയം നിലനിൽക്കുന്ന തൊഴിലാളികളുടെയും പട്ടാളക്കാരുടെയും സോവിയറ്റുകളും. (സമാഹൃത കൃതികൾ, വാല്യം 14).

ഫെബ്രുവരി വിപ്ലവത്തിനുമുമ്പുള്ള സമയത്ത് ബോൾഷെവിക്കുകൾ പോരാട്ടത്തിലായിരുന്നപ്പോൾ, മെൻഷെവിക്കുകളും മറ്റും സോവിയറ്റുകൾ പിടിച്ചടക്കാൻ ശ്രമിച്ചകാര്യം മുമ്പ് പറഞ്ഞുവല്ലോ. ഒരു ഗൂഢനീക്കത്തിലൂടെ, താൽക്കാലികഗവൺമെന്റ് വഴി അധികാരം മുതലാളിവർഗ്ഗത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടപ്പോൾ, ബോൾഷെവിക്കുകൾ എതിർത്തെങ്കിലും ഭൂരിഭാഗം സോവിയറ്റുകളും ആ നീക്കത്തെ പിന്തുണയ്ക്കാനിടയായത് അങ്ങനെയാണ്. ഈ വസ്തുത ലെനിൻ ഇങ്ങനെയാണ് വിശദീകരിച്ചത്: ലക്ഷക്കണക്കിന് തൊഴിലാളികളും ചെറുകിട ഉടമകളും കർഷകരുമൊക്കെ രാഷ്ട്രീയ പ്രവർത്തനത്തിൽ പങ്കാളികളായെങ്കിലും അവർക്ക് കാര്യമായ രാഷ്ട്രീയ ജ്ഞാനമോ പ്രവർത്തനപരിചയമോ ഉണ്ടായിരുന്നില്ല. അന്ന് യൂറോപ്പിലാകെയും പ്രത്യേകിച്ച് റഷ്യയിലും പെറ്റി ബൂർഷ്വാ മനോഭാവം തരംഗമായി വീശിയടിക്കുന്ന കാലമായിരുന്നതിനാൽ അവർ അതിന്റെ സ്വാധീനത്തിൽപെട്ടുപോകുകയാണുണ്ടായത്. എന്നുമത്രമല്ല, തൊഴിലാളികളിൽ 40 ശതമാനം പേരെങ്കിലും പട്ടാളത്തിൽ ചേർക്കപ്പെട്ടതിനാൽ ആ സ്ഥാനത്തേയ്ക്ക് പുതിയ ആളുകൾ കടന്നുവരികയുണ്ടായി. അവരാകട്ടെ പട്ടാളത്തിൽ ചേരുന്നത് ഒഴിവാക്കാനായി തൊഴിലാളികളായി മാറിയ ചെറുകിട ഭൂവുടമകളും കൈവേലക്കാരും കച്ചവടക്കാരുമൊക്കെയായിരുന്നു. അവർക്ക് തൊഴിലാളിവർഗ്ഗ മനോഭാവം അന്യമായിരുന്നുതാനും. മെൻഷെവിക്കുകളെയും സോഷ്യലിസ്റ്റ് റവലൂഷണറികളെയും പോലുള്ളവർക്ക് വളക്കൂറുള്ള മണ്ണായി മാറിയത് ഇക്കൂട്ടരാണ്. ആദ്യവിപ്ലവത്തിന്റെ ലഹരിയിൽ, തുടക്കത്തിൽ, വലിയൊരുവിഭാഗമാളുകൾ, സന്ധിമനോഭാവക്കാരായ പാർട്ടികളാൽ സ്വാധീനിക്കപ്പെടുകയും ഭരണകൂടാധികാരം മുതലാളിവർഗ്ഗത്തിന് കൈമാറുന്നതിനെ അനുകൂലിക്കുകയും ചെയ്തിട്ടുണ്ട്. മുതലാളിവർഗ്ഗം സോവിയറ്റുകളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയില്ലെന്നാണ് ഈ സാധുക്കൾ കരുതിയത് എന്നും ലെനിൻ വിശദീകരിക്കുന്നു.

ഈ സാഹചര്യത്തിലാണ് താൽക്കാലിക ഗവൺമെന്റിന്റെ സാമ്രാജ്യത്വ സ്വഭാവവും മെൻഷെവിക്കുകളുടെയും സോഷ്യലിസ്റ്റ് റവലൂഷണറികളുടെയും വഞ്ചനയും തുറന്നുകാട്ടാൻ ബോൾഷെവിക്കുകൾ നിർബന്ധിതരായത്. താൽക്കാലിക ഗവൺമെന്റിനെ തൂത്തെറിഞ്ഞ് അധികാരമെല്ലാം സോവിയറ്റുകളിൽ നിക്ഷിപ്തമാക്കാതെ രാജ്യത്ത് സമാധാനം സ്ഥാപിക്കപ്പെടുകയോ ഭക്ഷണത്തിനും ഭൂമിയ്ക്കുംവേണ്ടിയുള്ള അവരുടെ മുറവിളിക്ക് പരിഹാരമുണ്ടാകുകയോ ചെയ്യില്ലെന്ന് ക്ഷമയോടെ ബോൾഷെവിക്കുകൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുത്തു.

ജനങ്ങളെ സത്യം ബോധ്യപ്പെടുത്താനുള്ള കഠിന യത്നത്തിൽ മുഴുകിയ ബോൾഷെവിക്കുകൾ ഫെബ്രുവരി വിപ്ലവം കഴിഞ്ഞ് വെറും 5 ദിവസങ്ങൾ പിന്നിട്ടപ്പോഴേയ്ക്കും പാർട്ടി പത്രമായ ‘പ്രവദ’യുടെ പ്രസിദ്ധീകരണം പുനരാരംഭിച്ചു. ഏതാനും ദിവസംകഴിഞ്ഞപ്പോഴേയ്ക്കും ‘സോഷ്യൽ ഡെമോക്രാറ്റും’ പുറത്തുവന്നു. ക്രമേണ മെൻഷെവിക്കുകളടക്കമുള്ള ചാഞ്ചാട്ടക്കാരിലും ലിബറൽ ബൂർഷ്വപ്രസ്ഥാനങ്ങളിലും ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടുകയും അവരുടെ മനസ്സിൽ വീണ്ടും ബോൾഷെവിക് പാർട്ടി ഇടംപിടിക്കുകയും ചെയ്തു. തൊഴിലാളികളുമായി ചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോൾഷെവിക്കുകൾ കർഷകരെയും പട്ടാളക്കാരെയും ബോദ്ധ്യപ്പെടുത്തി. ഒരു വിപ്ലവത്തിലൂടെ താൽക്കാലിക ഗവൺമെന്റിനെ സ്ഥാനഭ്രഷ്ടമാക്കി സോവിയറ്റുകളുടെ അധികാരം സ്ഥാപിച്ചെടുക്കുന്നതിലൂടെ മാത്രമേ ജനങ്ങളുടെ ആവശ്യങ്ങൾക്ക് പൂർത്തീകരണമുണ്ടാകുകയുള്ളുവെന്നും അവർ ചൂണ്ടിക്കാണിച്ചു.

ബോൾഷെവിക് പാർട്ടിയുടെ ലൈൻ ശരിയായിരുന്നു എന്ന് തെളിയിക്കുന്ന നടപടികളാണ് ഓരോ ദിവസവും താൽക്കാലിക ഗവൺമെന്റിൽനിന്ന് ഉണ്ടായിക്കൊണ്ടിരുന്നത്. താൽക്കാലിക ഗവൺമെന്റ് ജനങ്ങളുടെ താൽപ്പര്യാർത്ഥമല്ല പ്രവർത്തിക്കുന്നത് എന്ന് ക്രമേണ വ്യക്തമായി. അവർ യുദ്ധത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്. സമാധാനം സ്ഥാപിക്കാൻ അവർക്ക് താൽപ്പര്യമില്ല. ജനങ്ങൾക്ക് അപ്പവും ഭൂമിയും സമാധാനവും ഉറപ്പാക്കാൻ ഒരു നടപടിയും അവർ കൈക്കൊള്ളാൻ പോകുന്നില്ല എന്നും വ്യക്തമായി. സാറിസ്റ്റ് വാഴ്ചയെ കടപുഴക്കാൻ തൊഴിലാളികളും പട്ടാളക്കാരും ചോരയൊഴുക്കിക്കൊണ്ടുള്ള വിപ്ലവപോരാട്ടമാണ് നടത്തിയതെന്നും താൽക്കാലിക ഗവൺമെന്റാകട്ടെ രാജവാഴ്ചയുടെ സംരക്ഷണമാണ് അഭിലഷിക്കുന്നതെന്നും കൂടി അവർ തിരിച്ചറിഞ്ഞു. മുതലാളിമാരുടെയും ഭൂവുടമകളുടെയും പ്രാതിനിധ്യമുണ്ടായിരുന്ന താൽക്കാലിക ഗവൺമെന്റ് കർഷകർക്ക് ഭൂമി തിരിച്ചുകൊടുക്കാൻ വിസമ്മതിച്ചു. സാധാരണക്കാർക്ക് ഭക്ഷണമുറപ്പാക്കുന്ന കാര്യം അവർ ചിന്തിച്ചതേയില്ല. കാരണം, വൻകിട ധാന്യ കച്ചവടക്കാരുടെയും ഭൂവുടമകളുടെയും ധനിക കർഷകരായ കുലാക്കുകളുടെയുമൊക്കെ താൽപ്പര്യം ഹനിച്ചുകൊണ്ടേ അത്തരമൊരു നടപടി കൈക്കൊള്ളാനാകുമായിരുന്നുള്ളു. സമ്പന്ന വർഗ്ഗത്തിന്റെ പ്രതിനിധിയായി പ്രവർത്തിച്ച താൽക്കാലികഗവൺമെന്റ് ഒരിക്കലും അത്തരമൊരു നടപടി സ്വീകരിക്കുകയില്ലായിരുന്നു. എന്നുമാത്രമല്ല, ബ്രിട്ടീഷ്, ഫ്രഞ്ച് സാമ്രാജ്യത്വങ്ങളുമായി ബന്ധത്തിലായിരുന്ന താൽക്കാലിക ഗവൺമെന്റിന് യുദ്ധം അവസാനിപ്പിക്കാനും യാതൊരുദ്ദേശവുമില്ലായിരുന്നു. യുദ്ധത്തിലൂടെ റഷ്യൻ സാമ്രാജ്യത്വത്തിന്റെ പദ്ധതി നടപ്പിലാക്കിയെടുക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. ഫെബ്രുവരി വിപ്ലവത്തിനുശേഷം നിലവിൽ വന്ന ഇരട്ട അധികാരം അങ്ങനെ അധികകാലം മുന്നോട്ടുപോകില്ല എന്ന് ക്രമേണ വ്യക്തമായിത്തുടങ്ങി. ഒന്നുകിൽ അധികാരം താൽക്കാലിക ഗവൺമെന്റിന്, അല്ലെങ്കിൽ സോവിയറ്റുകൾക്ക് എന്നത് അനിവാര്യമായി.

### ഫെബ്രുവരിവിപ്ലവാനന്തര റഷ്യ

ഇങ്ങനെയൊക്കെയാണെങ്കിലും വലിയൊരുവിഭാഗമാളുകൾ മെൻഷെവിക്കുകളെയും സോഷ്യലിസ്റ്റ് റവലൂഷണറികളെയും പിന്തുണച്ചിരുന്നു. താൽക്കാലിക ഗവൺമെന്റ് എല്ലാപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കും എന്നായിരുന്നു അവരുടെ വിശ്വാസം. ഇതിനിടയിൽ വിപ്ലവപ്രസ്ഥാനത്തിനെതിരെ താൽക്കാലിക ഗവൺമെന്റ് പല ഗൂഢനീക്കങ്ങളും നടത്തുകയും ചെയ്തു. എന്നുമാത്രമല്ല, ക്രമസമാധാനവും അച്ചടക്കവും പാലിക്കാനെന്ന പേരിൽ അവർ ജനങ്ങളുടെ പല ജനാധിപത്യാവകാശങ്ങളും വെട്ടിച്ചുരുക്കാനും തുടങ്ങി. എന്നാൽ അതൊന്നും വിലപ്പോയില്ല. നിലനിൽക്കുന്ന ജനാധിപത്യാന്തരീക്ഷം തൊഴിലാളികളും പട്ടാളക്കാരും ശരിക്കും ഉപയോഗപ്പെടുത്തി. അഭിപ്രായസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, പ്രകടനങ്ങളും യോഗങ്ങളും നടത്താനുള്ള സ്വാതന്ത്ര്യം എന്നിവയൊക്കെ ഉപയോഗിച്ച് രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ സജീവമായ പങ്കുവഹിക്കാനും സ്വന്തം ബുദ്ധി ഉപയോഗിച്ച് സാഹചര്യം വിലയിരുത്തി ഭാവിപരിപാടികൾ ആവിഷ്ക്കരിക്കാനും അവർക്കുകഴിഞ്ഞു.

സാർ ഭരണകാലത്ത് എല്ലാ വൈതരണികളെയും നേരിട്ടുകൊണ്ട് രഹസ്യമായി പ്രവർത്തിക്കാനേ ബോൾഷെവിക് പാർട്ടിക്ക് കഴിഞ്ഞുള്ളൂ. ഫെബ്രുവരി വിപ്ലവത്തിനുശേഷം അവർ പരസ്യമായ പ്രവർത്തനം ആരംഭിക്കുകയും സംഘടനകെട്ടിപ്പടുക്കാൻ തുടങ്ങുകയും ചെയ്തു. ബോൾഷെവിക് പാർട്ടിയുടെ മെമ്പർഷിപ്പ് നാൽപ്പതിനായിരമോ നാൽപ്പത്തയ്യായിരമോ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിൽപോലും അവരെല്ലാം വിപ്ലവാഗ്നിയിൽ അചഞ്ചലമായ കൂറ് പുലർത്തുന്നവർ ആയിരുന്നു.

○

എന്നാൽ 1905-ലും 1917-ലും രൂപീകരിക്കപ്പെട്ട സോവിയറ്റുകൾക്ക് തമ്മിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. 1905-ൽ തൊഴിലാളികളുടെ പ്രതിനിധികൾ മാത്രമാണ് അതിലുണ്ടായിരുന്നതെങ്കിൽ 1917-ൽ പട്ടാളക്കാരും അതിൽ ചേർന്നു. ഫെബ്രുവരി വിപ്ലവം തുടങ്ങിയ അന്നുമുതൽ തൊഴിലാളികളും പട്ടാളക്കാരും സോവിയറ്റുകൾ രൂപീകരിച്ചുകൊണ്ടാണ് പോരാട്ടമാരംഭിച്ചത്. വിപ്ലവത്തിന്റെ വിജയത്തിൽ ഇത് നിർണ്ണായക പങ്കുവഹിക്കുകയും ചെയ്തു.

# വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികളും രക്ഷിതാക്കളും ഐഎൻപിഎ യുടെ ആഭിമുഖ്യത്തിൽ കേരള മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന നിവേദനം

സർ,

വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലകപ്പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനായി സർക്കാർ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്ന നടപടിയെ ഞങ്ങൾ ഹൃദയപൂർവ്വം സ്വീകരിക്കുന്നു. കേരളത്തിൽ മാത്രം 7 ലക്ഷത്തോളം വിദ്യാർത്ഥികളും അവരുടെ കുടുംബാംഗങ്ങളുമാണ് ഇപ്പോൾ ഈ കടക്കെണിയിൽ അകപ്പെട്ടിരിക്കുന്നത്. സർക്കാരിന്റെ വായ്പാ തിരിച്ചടവ് സഹായ പദ്ധതി കുറച്ചുപേർക്കെങ്കിലും ആശ്വാസം നൽകുന്നതാണ്. ആശ്വാസം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കാൻ പദ്ധതിയിലെ ചില നിബന്ധനകൾ ഒഴിവാക്കുകയോ മാറ്റം വരുത്തുകയോ വേണം. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിൽ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് വായ്പയുടെ തിരിച്ചടവ് മുടങ്ങിയത്. അതിനാൽ ഈ പദ്ധതി തികച്ചും ആശ്വാസമാകണമെങ്കിൽ താഴെ പറയുന്ന ഡിമാന്റുകൾ കൂടി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. വായ്പാ കെണിയിൽ നിന്നും രക്ഷിക്കുന്നതിനായി 2013-ൽ (50,000 മുതൽ 2,50,000 വരെ ഇത്തരത്തിൽ അക്കൗണ്ടുകളിലായി ബാങ്കിന് ലഭിച്ചിട്ടുണ്ട്.) കേന്ദ്രസർക്കാർ അനുവദിച്ച് അക്കൗണ്ടുകളിലേക്ക് വകയിരുത്തിയ തുകയും ബേസ് എമൗണ്ടിന്റെ 40 ശതമാനത്തിൽ തിരിച്ചടച്ച തുകയായി പരിഗണിയ്ക്കുക.
2. നിഷ്ക്രിയ ആസ്തിയുടെ നാൽപ്പതു ശതമാനം അടയ്ക്കുന്നവർക്ക് 60 ശതമാനം ഇളവ്. ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഇത് ഫലപ്രദമാകില്ല.
   ഉദാഹരണം- 4 ലക്ഷം രൂപ വായ്പയെടുത്ത ഒരു വിദ്യാർത്ഥി ഈ വ്യവസ്ഥ പ്രകാരം 1 ലക്ഷത്തി 60,000 രൂപ മുൻകൂർ അടച്ചാൽ മാത്രമേ ബാക്കി തുക ഇളവായി ലഭിക്കുകയുള്ളൂ. ബാങ്ക്, ഏതെങ്കിലും തരത്തിലുള്ള നിയമനടപടിയെടുത്തിട്ടുണ്ടെങ്കിൽ ആ തുകയും ഇതോടൊപ്പം തിരിച്ചടയ്ക്കണം.
   വരുമാനമില്ലാത്ത ഒരു വിദ്യാർത്ഥിക്കോ അവന്റെ പാവപ്പെട്ട കുടുംബത്തിനോ ഈ തുക അടയ്ക്കാൻ സാധിക്കുകയില്ല. അത്തരം വിദ്യാർത്ഥികൾക്ക് തിരിച്ചടവിനായി മറ്റൊരു വായ്പയെ ആശ്രയിക്കേണ്ടിവരും. അത് പുതിയൊരു കടക്കെണിയിലേക്ക് അവരെ തള്ളിവിടും.
3. കഴിഞ്ഞ ഏറെ നാളായി നിഷ്ക്രിയ ആസ്തി വിഭാഗത്തിലായിരുന്ന വായ്പയെ ബാങ്കുകൾ ഏകപക്ഷീയമായി നിഷ്ക്രിയ ആസ്തി അല്ലാതെയാക്കി മാറ്റിയിട്ടുണ്ട്. വിദ്യാർത്ഥികൾ വായ്പടുത്ത സമയത്ത് ഒപ്പിട്ട പേപ്പറുകൾ ഉപയോഗിച്ചാണ് ഈ ക്രമക്കേട് നടത്തിയിട്ടുള്ളത്. ഇത് പരിശോധിക്കുകയും പദ്ധതി കാലയളവിലെ എൻപിഎ അക്കൗണ്ടുകളെ അങ്ങിനെ തന്നെ നിലനിർത്തുകയും ചെയ്യുക.
4. സർക്കാരിന്റെ പുതിയ പദ്ധതി പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ, ബാങ്ക് കോടതികളിൽ സമർപ്പിച്ചിട്ടുള്ള എല്ലാ കേസുകളും പിൻവലിച്ച് നിയമ നടപടികൾ അവസാനിപ്പിക്കാൻ ബാങ്കുകളോട് ആവശ്യപ്പെടുക, സർക്കാരിന്റെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുക.
5. വിദ്യാഭ്യാസ ആവശ്യത്തിന് വായ്പ നൽകിയിട്ടുള്ള ധനകാര്യ സ്ഥാപനങ്ങളെയെല്ലാം ഈ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തുക (ഉദാ: ജില്ലാ സഹകരണ ബാങ്ക്, പിന്നാക്ക ക്ഷേമ കോർപ്പറേഷൻ, മത്സ്യത്തൊഴിലാളി കോർപ്പറേഷൻ തുടങ്ങിയവ)
6. മാനേജ്മെന്റ് ക്വാട്ടയിൽ നേഴ്സിംഗ് കോഴ്സ് പഠിച്ചവർക്ക് നൽകിയിരിക്കുന്ന ആനുകൂല്യം ഇതര കോഴ്സുകൾ പഠിച്ചവർക്കും നൽകണം.
   മാനേജ്മെന്റ് ക്വാട്ടയിൽ പഠിക്കേണ്ടിവന്നവരും സാമ്പത്തികമായി ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നവരാണ്. മെറിറ്റ് സീറ്റിന്റെ എണ്ണം വെട്ടിക്കുറച്ചാണ് അത്തരം പേയ്മെന്റ് സീറ്റുകൾ രൂപികരിച്ചത്. ഇത്തരം സീറ്റുകൾ അനുവദിച്ചത് സർക്കാർ തന്നെയാണ്. മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സ് പഠിച്ചവർക്ക് സർക്കാരിന്റെ സഹായ പദ്ധതിയിൽ ആനുകൂല്യം നൽകുന്നുണ്ട്. എന്നാൽ അത് ഇതര കോഴ്സുകളിൽ പഠിച്ചവർക്ക് നിഷേധിച്ചിരിക്കുകയാണ്. ഈ വിവേചനം അവസാനിപ്പിക്കുകയും എല്ലാവർക്കും ഒരേപോലെയുള്ള പരിഗണന നൽകുകയും വേണം.
7. മെച്ചപ്പെട്ട തൊഴിലും ശമ്പളവും ഉറപ്പാക്കി ഇപ്പോൾ പഠനം നടത്തുന്നവരുടെ വായ്പാ ബാധ്യത ലഘൂകരിക്കുക. അതിനായി സർക്കാർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും സ്വകാര്യ മേഖലയിൽ തൊഴിൽ രംഗത്തെ ചൂഷണം അവസാനിപ്പിക്കാനുള്ള നിയമനിർമ്മാണം നടത്തുകയും ചെയ്യുക.
8. വിദ്യാഭ്യാസ വായ്പയ്ക്ക് ഈടാക്കുന്ന പലിശനിരക്ക് കുറയ്ക്കുവാൻ(12%- 17.5 % വരെയുള്ളത്) ബാങ്കുകളോട് ആവശ്യപ്പെടുക.
   ആത്യന്തികമായി പൊതുഖജനാവിലെ പണം ബാങ്കുകൾ വഴി സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റ് മാഫിയകളിലേക്ക് ഒഴുകിയെത്താതിരിക്കാൻ വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുക. ○

## ഐഎൻപിഎ കൊല്ലം ജില്ലാ കൺവൻഷൻ

**വി**ദ്യാഭ്യാസ വായ്പാ തിരിച്ചടവിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സഹായ പദ്ധതി വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് അപ്രാപ്യമാണെന്ന് ഇന്ത്യൻ നേഴ്സസ് പേരന്റ്സ് അസോസിയേഷൻ കൊല്ലം ജില്ലാ കൺവൻഷൻ വിലയിരുത്തി. പദ്ധതി ആനുകൂല്യം അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും കിട്ടത്തക്കവിധം നിബന്ധനകൾ ഉദാരമാക്കണം. കേന്ദ്രസർക്കാർ പലിശയിളവിനായി നേരത്തെ അനുവദിച്ച 2600 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ സഹായപദ്ധതിയിലെ തുകയും ഉപയോഗിച്ച് വായ്പാബാദ്ധ്യതയിൽനിന്നും തൊഴിൽ രഹിതരായ വിദ്യാർത്ഥികളെ പൂർണ്ണമായും ഒഴിവാക്കണമെന്നും കൺവൻഷൻ ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച ഇളവിൽ മാനേജുമെന്റ് ക്വാട്ടക്കാരെ ഒഴിവാക്കിയത് അംഗീകരിക്കാനാവില്ലെന്നും, വായ്പയെടുത്ത മുഴുവൻ ആളുകൾക്കും ഇളവ് നൽകണമെന്നും കൺവൻഷൻ ആവശ്യപ്പെട്ടു. കൊട്ടാരക്കര വ്യാപാരഭവൻഹാളിൽ നടന്ന കൺവൻഷൻ ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്. മിനി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സി.എം.ജോയി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എസ്.രാഘവൻ, ജോയിന്റ് സെക്രട്ടറി എം.ഗോപകുമാർ, വൈസ്പ്രസിഡന്റ് ജി.ധ്രുവകുമാർ, ശശിധരൻ പൂത്തൂർ, സിനി പൊന്നച്ചൻ, പി.പി.പ്രശാന്ത്കുമാർ എന്നിവർ പ്രസംഗിച്ചു. ○



ഐഎൻപിഎ കൊല്ലം ജില്ലാ കൺവൻഷൻ സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്യുന്നു

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ നിർബന്ധിത സേവന ഉത്തരവ് സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കാൻ

**സ്വാ**ശ്രയ മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് ഗ്രാജ്യൂവേഷൻ പൂർത്തിയാക്കുന്നവർ അതത് കോളേജുകളിൽ ഒരു വർഷം നിർബന്ധിത സേവനം അനുഷ്ഠിക്കണമെന്ന സംസ്ഥാന സർക്കാർ ഉത്തരവ് സ്വാശ്രയ കോളേജുകളെ സഹായിക്കാൻ വേണ്ടിയുള്ളതാണെന്നന് സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അഭിപ്രായപ്പെട്ടു.

സ്വകാര്യആശുപത്രികളിൽ തുച്ഛമായ ശമ്പളത്തിന് ഡോക്ടർമാരെ ലഭ്യമാക്കുന്നതിനും മെഡിക്കൽ കൗൺസിൽ നടത്തുന്ന പരിശോധനയിൽ ഫാക്കൽറ്റികളെ തലയെണ്ണി കാണിക്കുന്നതിനുമാണ് നിർബന്ധിത സേവനത്തിന് സർക്കാർ ഉത്തരവിട്ടിരിക്കുന്നത്. ബോണ്ട് സമ്പ്രദായത്തിനെതിരെ നടന്ന വിദ്യാർത്ഥി പ്രക്ഷോഭത്തെതുടർന്ന്, ബോണ്ട് സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് നിലനിൽക്കെയാണ് സർക്കാർ സ്വാശ്രയ മാഫിയയുടെ ഇംഗിതത്തിന് വഴങ്ങി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ബോണ്ട് സമ്പ്രദായം വിദ്യാർത്ഥിവിരുദ്ധവും പൗരാവകാശലംഘനവുമാണെന്ന് കോടതി ചൂണ്ടികാണിച്ചിട്ടുണ്ട്. മെഡിക്കൽ പിജി. ഫീസ് ആറര ലക്ഷത്തിൽ നിന്ന് പതിനാല് ലക്ഷം രൂപയായി ഉയർത്തിയ സർക്കാർ വീണ്ടും മെഡിക്കൽ വിദ്യാർത്ഥിസമൂഹത്തിനെതിരെ നടത്തുന്ന വെല്ലുവിളിയാണ് നിർബന്ധിത സേവന ഉത്തരവ്. ഈ ബോണ്ട് സമ്പ്രദായം യഥാർത്ഥത്തിൽ 'ബോണ്ടഡ് ലേബർ' ആണ്. ഫീസിന്റെ കാരത്തിൽ, മെഡിക്കൽ രംഗത്ത് മുൻ യുഡിഎഫ് സർക്കാർ ഏർപ്പെടുത്തിയ വാർഷിക വർദ്ധനവുപോലും 10 ശതമാനം മാത്രമായിരുന്നു. എന്നാൽ, മെഡിക്കൽ പി.ജി.കോഴ്സുകൾക്ക് 230 ശതമാനം വരെ വർദ്ധനവാണ് പിണറായി സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ വർഷമാദ്യം എംബിബിഎസ് കോഴ്സുകൾക്ക്, സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകളുമായുണ്ടാക്കിയ കരാർ പ്രകാരം 35 ശതമാനം വർദ്ധനവ് ഏർപ്പെടുത്തി സമൂഹത്തെ ഞെട്ടിച്ച പിണറായി സർക്കാർ, തീർത്തും സ്വാശ്രയക്കാരോടൊപ്പമാണെന്ന് വീണ്ടും തെളിയിച്ചിരിക്കുന്നു. ഈ ആക്രമണങ്ങൾക്കെതിരെ മെഡിക്കൽ സമൂഹവും വിദ്യാഭ്യാസ സ്നേഹികളും ഒന്നടങ്കം രംഗത്തുവരണം. ○

# തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനപ്രത്യയശാസ്ത്രത്തിനും സമരസംഘടനകൾക്കും മാർക്സ് രൂപംനൽകി

*(11-ാം പേജിൽ നിന്ന്)*

**മാർക്സിന്റെ ജീവിത സമരം**

മാർക്സ് ഒരു ആജീവനാന്ത സമരത്തിന്റെ ഉൽപ്പന്നമായിരുന്നു. മുതലാളിത്ത ധാരണയനുസരിച്ചുള്ള വ്യക്തിഗത സമരമല്ല, നേരെമറിച്ച് സമൂഹത്തിന്റെ അഭിലാഷങ്ങൾക്ക് മൂർത്തരൂപം നൽകാനും അടിസ്ഥാന സാമൂഹ്യാവശ്യകതകൾ നിറവേറ്റാനുമുള്ള സമരമായിരുന്നു അത്. മാർക്സ് 1818 മേയ് 5 ന് പ്രഷ്യയിലെ റൈൻ പ്രവിശ്യയിലെ ടയെർ എന്ന സ്ഥലത്ത് ജനിച്ചു. അന്ന് തൊഴിലാളിവർഗ്ഗം മുതലാളിത്തത്തിൻ കീഴിൽ നരകയാതനകൾ അനുഭവിക്കുകയായിരുന്നു. സെന്റ് സൈമൺ, ചാൾസ് ഫുരിയർ, റോബർട്ട് ഓവൻ, പ്രുധോൺ തുടങ്ങിയവർ സോഷ്യലിസ്റ്റ് ആശയങ്ങൾ അവതരിപ്പിക്കുന്ന കാലമായിരുന്നു അത്. എന്നാൽ അവ ആത്മനിഷ്ഠ ചിന്താഗതികളെ അടിസ്ഥാനമാക്കിയ സാങ്കൽപ്പിക സോഷ്യലിസ്റ്റ് ആശയങ്ങളായിരുന്നു. മറുവശത്ത്, ഹെഗൽ തന്റെ വൈരുദ്ധ്യവാദ സിദ്ധാന്തം മുന്നോട്ടുവച്ചു. എന്നാൽ ഫൊയർബാഹ് ആ സിദ്ധാന്തം അതിഭൗതികവാദപരമായ ആശയവാദമാണെന്നുപറഞ്ഞ് തള്ളിക്കളഞ്ഞു. ഹെഗലിന്റെ സ്വാധീനംമൂലം ഒരു ഉത്പതിഷ്ണു ജനാധിപത്യവാദിയായാണ് മാർക്സ് രംഗപ്രവേശം ചെയ്തത്. മുതലാളിത്ത വ്യവസ്ഥയിൻ കീഴിൽ അടിച്ചമർത്തപ്പെടുന്ന തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി അദ്ദേഹത്തിൽ അന്വേഷണ മനോഭാവം വളർത്തുകയും ആ സ്ഥിതിക്ക് കാരണമാകുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങൾ പുറത്തുകൊണ്ടുവരാൻ പ്രേരണ ചെലുത്തുകയും ചെയ്തു. ഈ ശ്രമത്തിനിടയിൽ അദ്ദേഹത്തിന് ഒരു കാര്യം മനസ്സിലായി. തൊഴിലാളിവർഗ്ഗം അനുഭവിക്കുന്ന യാതനകളുടെ കാരണമെന്തെന്ന് മനസ്സിലാക്കുന്നതിന് സഹായകരമായ എന്തെങ്കിലും ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നതോ മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള ശത്രുത അവസാനിപ്പിക്കുന്നതിലേയ്ക്ക് സൈദ്ധാന്തികമായ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകുന്നതോ അല്ല ഹെഗലിന്റെ തത്വചിന്ത. അദ്ദേഹത്തിന്റെ ആശയങ്ങൾ യുക്തിബോധവും ശാസ്ത്രത്തിന്റെ പ്രയോഗരീതിയും പിന്തുടർന്ന് മൂർച്ച കൂട്ടുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനും നടത്തിയ നിരന്തര പരിശ്രമങ്ങളിലൂടെ ഹെഗലിന്റെ തത്വചിന്തയുടെ നിരർത്ഥകതമാത്രമല്ല, ഫൊയർബാഹിന്റെ കണ്ടെത്തലുകളുടെ അപര്യാപ്തതയും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. തുടർന്ന് എല്ലാ ആശയവാദ ധാരണകളെയും യുക്തിയുടെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്തുകൊണ്ടും നിരാകരിച്ചുകൊണ്ടുമുള്ള ലേഖനങ്ങൾ മാർക്സ് പ്രസിദ്ധീകരിക്കാൻ തുടങ്ങി. അദ്ദേഹം തന്റെ പുരോഗമനപരമായ ആശയങ്ങൾ അവതരിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങളും പുറത്തിറക്കി. ഇതേ തുടർന്ന് 1843-ൽ അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചു. "ആയുധത്തിന്റെ വിമർശനം നേരിടുന്നതിനുപകരം വയ്ക്കാൻ തീർച്ചയായും വിമർശനമെന്ന ആയുധത്തിനാകില്ല: ഭൗതികശക്തിയെ ഭൗതികശക്തി കൊണ്ടേ തൂത്തെറിയാനാകൂ. എന്നാൽ ബഹുജനങ്ങളിൽ സ്വാധീനം ചെലുത്തുന്നതോടെ ആശയവും ഒരു ഭൗതികശക്തിയായി മാറും. തത്വചിന്ത തൊഴിലാളിവർഗ്ഗത്തിൽ അതിന്റെ ഭൗതികമായ ആയുധം കണ്ടെത്തുകയും ചെയ്യും. ജനങ്ങളാകുന്ന പുതുമണ്ണിൽ ചിന്തയാകുന്ന ഇടിമിന്നൽ പതിക്കുന്നതോടെ അവർ സ്വയം മോചനം നേടി യഥാർത്ഥ മനുഷ്യരായിത്തീരുന്നു (എ കോൺട്രിബ്യൂഷൻ ടു ദി ക്രിട്ടിക്ക് ഓഫ് ദി ഹെഗൽസ് ഫിലോസഫി ഓഫ് റൈറ്റ്). ജീവിത പ്രാരാബ്ധങ്ങൾ പൊറുതിമുട്ടിക്കാൻ തുടങ്ങിയതോടെ മാർക്സ് നിലനിൽപ്പിനായി എഴുത്തിലേയ്ക്കും പത്രപ്രവർത്തനത്തിലേയ്ക്കും തിരിഞ്ഞു. 1842-ൽ കോളോണിലെ ലിബറൽ ന്യൂസ് പേപ്പറായ 'റെയിനിഷെ സെയ്തുങ്'-ന്റെ എഡിറ്ററായി അദ്ദേഹം ചാർജെടുത്തു. എന്നാൽ അതിന്റെ പ്രസിദ്ധീകരണം ബർലിൻ സർക്കാർ നിരോധിച്ചു. 1845 ജനുവരിയിൽ പ്രഷ്യൻ ഗവൺമെന്റിന്റെ ഇടപെടൽ മൂലം മാർക്സ് ഫ്രാൻസിൽ നിന്ന് പുറത്താക്കപ്പെട്ടു. തുടർന്നദ്ദേഹം ബൽജിയത്തിലെ ബ്രസൽസിലേയ്ക്ക് പോകുകയും അവിടെ ജർമ്മൻ വർക്കേഴ്സ് പാർട്ടിക്ക് രൂപംകൊടുക്കുകയും കമ്മ്യൂണിസ്റ്റ് ലിഗിൽ സജീവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1848-ൽ ബൽജിയം ഗവൺമെന്റും പുറത്താക്കിയതോടെ അദ്ദേഹം കൊളോണിൽ തിരിച്ചെത്തി ജൂൺമാസത്തിൽ 'ന്യൂ റെയ്നിഷെ സെതുങ്'ന്റെ എഡിറ്ററായി ചുമതലയേറ്റു. ഒരു വർഷം തികയുന്നതിനുമുമ്പു തന്നെ പ്രഷ്യൻ ഗവൺമെന്റ് പത്രം നിരോധിക്കുകയും മാർക്സ് കൊളോൺ വിട്ടുപോകാൻ നിർബന്ധിതനാകുകയും ചെയ്തു. അദ്ദേഹം പാരീസിലേയ്ക്ക് പോയി. എന്നാൽ ഫ്രഞ്ച് ഗവൺമെന്റ് വീണ്ടും അദ്ദേഹത്തെ പുറത്താക്കി. ഒടുവിലദ്ദേഹം ലണ്ടനിൽ താമസമാക്കി. ജീവിതാന്ത്യംവരെ അദ്ദേഹം ഒരു പ്രത്യേകരാജ്യക്കാരനായല്ലാതെ പ്രവാസിയായിട്ടാണ് അവിടെ ജീവിച്ചത്. ബ്രിട്ടൺ അദ്ദേഹത്തിന് പൗരത്വം നിരസിക്കുകയും പ്രഷ്യ അദ്ദേഹത്തെ സ്വന്തം പൗരനായി സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. രാഷ്ട്രീയ കാരണങ്ങളാൽ നാടുകടത്തപ്പെട്ട മാർക്സിന്റെ ജീവിതം ഏറെ കഠിനമായിരുന്നു. പട്ടിണി അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ജീവിതത്തെ ഉലച്ചിരുന്നതായി മാർക്സും എംഗൽസും തമ്മിലുള്ള കത്തിടപാടുകൾ വെളിവാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിജീവിതവും യാതനാനിർഭരമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ കാൻസർരോഗം ബാധിച്ച് മരിച്ചു. അദ്ദേഹത്തിന്റെ ഏഴുമക്കളിൽ നാലുപേരും വളരെ കുട്ടിക്കാലത്തുതന്നെ മരിച്ചു. നിലനിന്നിരുന്ന പെറ്റിബൂർഷ്വ സോഷ്യലിസ്റ്റ് ആശയങ്ങളും തൊഴിലാളിവർഗ്ഗേതരമായ സോഷ്യലിസ്റ്റ് ചിന്താഗതികളും, അവയ്ക്കെതിരെയുള്ള നിരന്തരവും നിർദ്ദാക്ഷിണ്യവുമായ പോരാട്ടത്തിന് അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടിരുന്നു. പലപ്പോഴും ഹീനവും പൈശാചികവുമായ വ്യക്തിഹത്യകളെയും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. എന്നാൽ മാർക്സിന് ഒരു കൂസലുമുണ്ടായിരുന്നില്ല. അദ്ദേഹത്തെ അലോസരപ്പെടുത്താൻ ഇവയ്ക്കൊന്നുമായില്ല. കടുത്ത പട്ടിണിയും ദുരിതങ്ങളുമൊക്കെ അവഗണിച്ചുകൊണ്ട്, എല്ലാ ആശയവാദചിന്താധാരകളുടെയും നിരർത്ഥകതയും പൊള്ളത്തരവും തുറന്നുകാണിക്കാനുള്ള പോരാട്ടം അദ്ദേഹം തുടർന്നു. മാനവരാശിയെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ എല്ലാത്തരം അടിച്ചമർത്തലുകളിൽനിന്നും മോചിപ്പിക്കാനുള്ള മാർഗ്ഗം അദ്ദേഹം വരച്ചുകാട്ടി. അതോടൊപ്പം തന്നെ തൊഴിലാളിവർഗ്ഗത്തിന്റെ സമരസംഘടനകൾ കെട്ടിപ്പടുക്കാനുള്ള പ്രായോഗിക കടമകൾ ഏറ്റെടുക്കുകയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിന്റെ സംഘടനകൾ രൂപീകരിക്കാനും വികസിപ്പിച്ചെടുക്കാനുമുള്ള കഠിനമായ പരിശ്രമങ്ങളും അവയ്ക്ക് ആശയാടിത്തറ പ്രദാനം ചെയ്യാനുള്ള അതിനേക്കാൾ കഠിനതരമായ പരിശ്രമങ്ങളും മൂലം മാർക്സിന്റെ ആരോഗ്യം വല്ലാതെ ക്ഷയിച്ചുവന്നു. തന്റെ മാസ്റ്റർപീസായ മൂലധനംപോലും പൂർത്തിയാക്കാൻ അനാരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ല. 1883 മാർച്ച് 14 ന് സ്വന്തം ചാരുകസേരയിൽ ശാന്തനായി കിടന്ന് അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

മാർക്സിന്റെ മരണശേഷം തൊഴിലാളിവർഗ്ഗത്തിന്റെ ദീപശിഖ ഏറ്റുവാങ്ങി അതിനെ നയിക്കാനുള്ള ഉത്തരവാദിത്വം ഏംഗൽസിന്റെ ചുമലിലായി. അദ്ദേഹമാകട്ടെ, മാർക്സിന്റെ പിൻഗാമിയെന്ന നിലയിൽ അദ്ദേഹത്തിന്റെ ശാസ്ത്രീയവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങൾ പിന്തുടർന്നു. മാർക്സിന്റെ മൂലധനത്തിന്റെ രണ്ടും മൂന്നും വാല്യങ്ങളുടെ രചന പൂർത്തിയാക്കി. എന്നുമാത്രമല്ല, മാർക്സിസത്തിന്റെ വിജ്ഞാനഭണ്ഡാഗാരത്തിലേയ്ക്ക് നിരവധി തത്വചിന്താപരമായ സംഭാവനകൾ നൽകിക്കൊണ്ട് അദ്ദേഹം അതിനെ ദൃഢപ്പെടുത്തുകയും സമ്പുഷ്ടമാക്കുകയും ചെയ്തു. എന്നിട്ടും ഏംഗൽസ് എപ്പോഴും പറഞ്ഞതിപ്രകാരമാണ്: "മാർക്സ് എപ്പോഴും തലയുയർത്തിപ്പിടിച്ച് ഉയർന്നുനിന്നു, കൂടുതൽ അകലെ കണ്ടു. ഞങ്ങളേക്കാളെല്ലാം വിശാലമായും ദ്രുതഗതിയിലും കാര്യങ്ങളെ വീക്ഷിച്ചു. മാർക്സ് ഒരു പ്രതിഭാശാലിയായിരുന്നു: ഞങ്ങളെല്ലാം ഏറിപ്പോയാൽ ബുദ്ധിമാന്മാർ മാത്രം. അദ്ദേഹമില്ലായിരുന്നെങ്കിൽ ഈ സിദ്ധാന്തം ഇന്നത്തേ നിലയിലെങ്ങുമെത്തില്ലായിരുന്നു. അതുകൊണ്ടാണ് അത് അദ്ദേഹത്തിന്റെ നാമധേയം വഹിക്കുന്നത്".

**മാർക്സും ഏംഗൽസും തമ്മിലുള്ള ചരിത്രപ്രധാനമായ സമാഗമം**

1842-ൽ കൊളോണിൽവച്ച് മാർക്സും ഏംഗൽസും കണ്ടുമുട്ടിയിരുന്നുവെങ്കിലും ഐതിഹാസികമായ ആ സമാഗമം നടന്നത് 1844-ൽ പാരീസിൽവച്ചാണ്. ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗത്തിന്റെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് ഏറെ ശ്രമകരവും ആഴത്തിലുള്ളതുമായ ഒരു പഠനം നടത്തി "ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി" എന്ന ലേഖനം ഏംഗൽസ് തയ്യാറാക്കിയത് അതിനു തൊട്ടുമുമ്പായിരുന്നു. സ്വതന്ത്രമായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിലും കാഴ്ചപ്പാടിലും നിഗമനങ്ങളിലും പൂർണ്ണമായ യോജിപ്പാണ് ഇരുവർക്കും ഉള്ളതെന്ന് അവർ തിരിച്ചറിഞ്ഞു. മാനവരാശിയുടെ വിമോചനം എന്ന ആശയം വികസിപ്പിച്ചെടുക്കുന്നതിൽ യോജിച്ച് പ്രവർത്തിക്കുവാൻ ഇരുവരും അവിടെവച്ച് തീരുമാനിച്ചു. ദാരിദ്ര്യവും പട്ടിണിയുമടക്കമുള്ള എല്ലാ പ്രതികൂലാവസ്ഥകളെയും തരണംചെയ്ത് വിപ്ലവപ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ മാർക്സിന് കഴിയുന്നു എന്നുറപ്പുവരുത്താനുള്ള ഉത്തരവാദിത്വം എംഗൽസ് സ്വയം ഏറ്റെടുത്തു. ഏംഗൽസിന്റെ നിരന്തരവും നിസ്വാർത്ഥവുമായ സാമ്പത്തിക സഹായം ഉണ്ടായിരുന്നില്ലെങ്കിൽ, മൂലധനം എന്ന കൃതി രചിക്കാൻ മാർക്സിന് കഴിയുമായിരുന്നില്ല. എന്നുമാത്രമല്ല, കഷ്ടപ്പാടുകളിൽപ്പെട്ട് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളാകെ താറുമാറായേനെ.

ഇരുവരും സജീവ രാഷ്ട്രീയത്തിൽ മുഴുകുകയും 1846-ന്റെ തുടക്കത്തിൽത്തന്നെ ജർമ്മൻ വർക്കേഴ്സ് സൊസൈറ്റിക്ക് ബ്രസൽസിൽവച്ച് രൂപം നൽകുകയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിന്റെ ഒരു വിപ്ലവസംഘടനയ്ക്ക് രൂപംകൊടുക്കാനും വിവിധ രാജ്യങ്ങളിൽനിന്നുള്ള വിപ്ലവകാരികൾക്കിടയിൽ ആശയപ്പൊരുത്തം വളർത്തിയെടുക്കാനുമുദ്ദേശിച്ചായിരുന്നു ഈ നടപടി. 1847-ൽ ഇരുവരും 'നീതിമാന്മാരുടെ സഖ്യം' എന്ന രഹസ്യസംഘടനയിൽ ചേർന്നു. ഇത് പിന്നീട് കമ്മ്യൂണിസ്റ്റ് ലീഗ് എന്നറിയപ്പെട്ടു. 1847-ൽ എംഗൽസ് അതിന്റെ ഒന്നാം കോൺഗ്രസ്സിൽ പങ്കെടുത്തുകൊണ്ട് മാർക്സിന്റെ കാഴ്ചപ്പാടുകൾ വിശദമായി അവതരിപ്പിക്കുകയും പ്രധാനപ്പെട്ട നിരവധി വിഷയങ്ങളിൽ പ്രതിനിധികളുടെ അംഗീകാരം നേടിയെടുക്കുകയും സംഘടനാ തത്വങ്ങളെ സംബന്ധിച്ച് നിലനിന്നിരുന്ന പല വിഭാഗീയ കാഴ്ചപ്പാടുകളും ദൂരീകരിക്കുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാനിഫെസ്റ്റോ തയ്യാറാക്കാൻ കോൺഗ്രസ് ഇരുവരെയും ചുമതലപ്പെടുത്തി. പിന്നീട് ഐതിഹാസികമായ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യ്ക്ക് അടിത്തറയായത് ഈ കരട് രേഖയാണ്. 1847 ഒടുവിൽ നടന്ന രണ്ടാംകോൺഗ്രസിൽ മാർക്സ് തന്റെ പുതിയ വിപ്ലവസിദ്ധാന്തം വിശദമായി അവതരിപ്പിച്ചു. അതിന് വ്യാപകമായ അംഗീകാരം ലഭിച്ചു. "എല്ലാ മനുഷ്യരും സഹോദരന്മാരാണ്" എന്ന ലീഗിന്റെ പഴയ ആദർശവാക്യത്തിനുപകരം "സർവ്വരാജ്യത്തൊഴിലാളികളേ സംഘടിക്കുവീൻ" എന്ന പുതിയ മുദ്രാവാക്യം സ്വീകരിക്കപ്പെട്ടു. തുടർന്ന്, യൂറോപ്പിന്റെ പല ഭാഗങ്ങളിലും തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തിയെടുക്കാനും തത്വചിന്തയെയും തൊഴിലാളിസമരങ്ങളെയും സംബന്ധിച്ച് ലേഖനങ്ങളും ഉപന്യാസങ്ങളും മറ്റും പ്രസിദ്ധീകരിക്കാനുമുള്ള ശ്രമകരമായ ഉത്തരവാദിത്വം മാർക്സും എംഗൽസും ഏറ്റെടുത്തു. ഏംഗൽസുമായി ചേർന്ന് 'ഇന്റർനാഷണൽ വർക്കിംഗ് മെൻസ് അസോസിയേഷൻ' രൂപീകരിക്കാനുള്ള ദൗത്യവും മാർക്സ് ചുമലിലേറ്റി. 1864-ൽ രൂപീകരിക്കപ്പെട്ട ഈ സംഘടന ഒന്നാം ഇന്റർനാഷണൽ എന്നാണറിയപ്പെട്ടത്. അതിന്റെ ഒന്നാം കോൺഫറൻസിൽ മാർക്സ് ഉജ്ജ്വലമായ ഒരു പ്രഭാഷണമാണ് നടത്തിയത്.

പിന്നീട് ഫ്രങ്കോ-ജർമ്മൻ യുദ്ധത്തിൽ ഫ്രാൻസ് പരാജയപ്പെടുകയും നെപ്പോളിയൻ മൂന്നാമന്റെ രണ്ടാം സാമ്രാജ്യം (1852–70) തകരുകയും ചെയ്തതോടെ, ഫ്രഞ്ച് ഗവൺമെന്റിനെതിരായി പാരീസിലെ തൊഴിലാളികളുടെ ഐതിഹാസികമായ കലാപമുണ്ടായി. 1871 മാർച്ച് 18 മുതൽ മേയ് 28 വരെ നടന്ന ആ വിപ്ലവമാണ് പാരീസ് കമ്മ്യൂൺ എന്നറിയപ്പെടുന്നത്. രണ്ടുമാസത്തിലേറെക്കാലം പാരീസിലെ തൊഴിലാളിവർഗ്ഗം അധികാരം നിലനിർത്തി. അതിനുശേഷം മുതലാളിവർഗ്ഗം അതിന്റെ ദംഷ്ട്രകൾ പുറത്തെടുത്തു. കമ്മ്യൂണിനുമേൽ ഭീകരമായ അടിച്ചമർത്തൽ നടത്തി. ഒടുവിൽ കമ്മ്യൂണിന്റെ പതനം സംഭവിക്കുകയും ചെയ്തു. കമ്മ്യൂൺ നിലനിൽക്കുമ്പോൾ മാർക്സ് രചിച്ച 'സിവിൽ വാർ ഇൻ ഫ്രാൻസ്' (1871) എന്ന കൃതിയിൽ, കമ്മ്യൂണിന്റെ നേട്ടങ്ങളെ പ്രകീർത്തിക്കുകയും ഭാവിയിലെ വിപ്ലവ ഗവൺമെന്റിന്റെ ഒരു ബീജരൂപമാണ് അതെന്നും തൊഴിലാളിവർഗ്ഗ വിമോചനത്തിന്റെ രൂപം ഒടുവിൽ കണ്ടെത്തിയിരിക്കുന്നുവെന്നും വിശദീകരിക്കുകയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിന്റെ പാരീസും അതിന്റെ കമ്മ്യൂണും ഒരു പുതിയ സമൂഹത്തിന്റെ മഹത്തായ സന്ദേശവാഹകരെന്ന നിലയിൽ എക്കാലവും കൊണ്ടാടപ്പെടും. അതിന്റെ രക്തസാക്ഷികൾ തൊഴിലാളിവർഗ്ഗത്തിന്റെ ഹൃദയങ്ങളിൽ എന്നും ജ്വലിച്ചുനിൽക്കും. കമ്മ്യൂണിന്റെ ഘാതകരുടെ കാര്യമാകട്ടെ, എന്നെന്നേയ്ക്കുമായി ചരിത്രം അവരെ മുക്കാലിയിൽ കെട്ടിയിട്ടിരിക്കുന്നു. ഒരു പുരോഹിതന്റെ പ്രാർത്ഥനയ്ക്കും അവർക്ക് പാപമുക്തി നേടിക്കൊടുക്കാനാവില്ല''. പക്ഷെ മുതലാളിത്ത ഭരണകൂടം തകർക്കാതെ തൊഴിലാളിവർഗ്ഗത്തിന് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം എന്ന സ്വന്തം ഭരണകൂടം സ്ഥാപിക്കാനോ സോഷ്യലിസമെന്ന അന്തരാളഘട്ടം തരണം ചെയ്ത് അന്തിമമായി വർഗരഹിത കമ്മ്യൂണിസ്റ്റ് സമൂഹത്തിൽ ചെന്നെത്താനോ കഴിയില്ലെന്ന പാഠം കമ്മ്യൂണിന്റെ തകർച്ചയിൽനിന്ന് പഠിക്കേണ്ടതുണ്ടെന്നും മാർക്സ് ചൂണ്ടിക്കാണിച്ചു.

1871-ൽ കമ്മ്യൂണിന്റെ പതനത്തെത്തുടർന്ന് മാർക്സ് രചിച്ച "സിവിൽ വാർ ഇൻ ഫ്രാൻസ്" എന്ന കൃതിയിൽ അതു സംബന്ധിച്ച് അധികാരികവും സുവ്യക്തവും ഉജ്ജ്വലവും ഫലപ്രദവും വിപ്ലവകരവുമായ ഒരു വിശകലനം അവതരിപ്പിക്കുകയുണ്ടായി. ബക്കുനിനിസം മേൽക്കൈ നേടുന്നതിനെക്കുറിച്ചും മാർക്സ് വിശദമാക്കുന്നുണ്ട്. (മിഖായേൽ ബക്കുനിൻ എന്ന അരാജകവാദ സൈദ്ധാന്തികന്റെ പേരിലാണ് ഈ പ്രവണത അറിയപ്പെടുന്നത്). മാർക്സിസത്തിനും ശാസ്ത്രീയ സോഷ്യലിസത്തിനും എതിരായ അരാജക വാദത്തിന്റെ സ്വാധീനംമൂലം ഒന്നാം ഇന്റർനാഷണൽ സോഷ്യലിസ്റ്റുകളും അരാജകവാദികളുമെന്ന നിലയിൽ നെടുകെ പിളർന്നു. തുടർന്ന് 1876-ൽ ഒന്നാം ഇന്റർനാഷണൽ പിരിച്ചുവിടപ്പെട്ടു. മാർക്സിന്റെ മരണശേഷം, അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, എംഗൽസ് മുൻകൈയെടുത്താണ് 1889-ൽ രണ്ടാം ഇന്റർനാഷണൽ രൂപീകരിക്കുന്നത്.

○

# ദേശീയപാത 30 മീറ്ററിൽ 4 വരി പാതയായി വികസിപ്പിക്കുക



കണ്ണൂർ ധർമ്മശാലയിൽ നടന്ന പൊതുയോഗം എൻഎച്ച് സ്റ്റേറ്റ് ആക്ഷൻ കൗൺസിൽ സംസ്ഥാന വൈസ്പ്രസിഡന്റ് ഹാഷിംചേന്ദാമ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

**ദേ**ശീയപാത 30 മീറ്ററിനുള്ളിൽ നാലുവരിയായി വികസിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻഎച്ച് 17 ആക്ഷൻ കൗൺസിൽ കണ്ണൂർ ധർമ്മശാല മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മേയ് 25 ന് ധർമ്മശാലയിൽ വിശദീകരണപൊതുയോഗം സംഘടിപ്പിച്ചു. സംസ്ഥാന വൈസ്പ്രസിഡന്റ് ഹാഷിം ചേന്ദാമ്പള്ളി പൊതുയോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡോ. ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കൺവീനർ പോൾ ടി.സാമുവൽ, ധർമ്മശാല മേഖലാ കൺവീനർ കരുണാകരൻ ധർമ്മശാല തുടങ്ങിയവർ പ്രസംഗിച്ചു.

45 മീറ്റർ വീതിയിൽ സ്ഥലമെടുത്തുകൊണ്ട് വൻതോതിലുള്ള കുടിയൊഴിപ്പിക്കൽ നീക്കവുമായി 'ഇടത്' എന്നവകാശപ്പെടുന്ന ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഈ പദ്ധതിക്കെതിരായ പ്രതിഷേധവുമായി കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ ജനങ്ങൾ സമരരംഗത്ത് വന്നിരിക്കുകയാണ്. അധികൃതരുടെ ഭാഗത്തുനിന്നും ഭൂമിയിൽ സർവ്വേ നടത്താനും ആധാരമുൾപ്പെടെയുള്ള രേഖകൾ കൈക്കലാക്കാനും നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. വൻതോതിൽ നഷ്ടപരിഹാരം നൽകുമെന്നും പുനരധിവാസം നൽകുമെന്നുമുള്ള വ്യാജപ്രചാരണങ്ങളാണ് ജനങ്ങളെ പദ്ധതിക്കനുകൂലമാക്കുന്നതിനുവേണ്ടി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള വ്യാജ പ്രചാരണങ്ങൾക്കെതിരെ വ്യാപകമായി പൊതുയോഗങ്ങളും മറ്റ് സമര പരിപാടികളും സംഘടിപ്പിക്കുവാനും കണ്ണൂർ-കാസർഗോഡ് ജില്ലാ കമ്മിറ്റികൾ തീരുമാനിച്ചു. ○

# മദ്യവിരുദ്ധ സമരം



ഉള്ള്യേരി ഷാപ്പുവിരുദ്ധ സമരത്തിൽ എസ്‌യുസിഐ(സി) കോഴിക്കോട് ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ പ്രസംഗിക്കുന്നു

**കോ**ഴിക്കോട് ജില്ലയിലെ ഉള്ള്യേരി എന്ന ഗ്രാമപ്രദേശത്തെ കുടുംബങ്ങളുടെ സമാധാനം കെടുത്തിക്കൊണ്ടാണ് സർക്കാർ, വിദേശ മദ്യഷാപ്പ് തുടങ്ങാനുള്ള തീരുമാനം പുറത്ത് വന്നത്. എന്നാൽ കക്ഷിരാഷ്ട്രീയത്തിനതീതമായി സ്ഥലവാസികൾപ്രത്യേകിച്ച് സ്ത്രീകളും കുട്ടികളും സംഘടിച്ച് രാപ്പകലില്ലാതെ പോരാടുകയാണിവിടെ. പോലീസ് സംരക്ഷണത്തോടെ മദ്യവുമായെത്തിയ വാഹനം ജനങ്ങൾ തടഞ്ഞതോടെ തിരിച്ചുപോകേണ്ടിവന്നു. ഇരുപത്തിനാലുമണിക്കൂറും പോലീസ് സേന കാവൽ നിൽക്കുന്നുണ്ട്. മദ്യവർജ്ജന മുദ്രാവാക്യത്തിന്റെ വക്താക്കളായ സമരവിരുദ്ധരും പരിസരത്ത് കറങ്ങിനടക്കുന്നതിനാൽ പോലീസ് സേന ആർക്കുവേണ്ടിയാണ് നിലയുറപ്പിച്ചതെന്നറിയാത്തിനാലാണ് രാപ്പകൽ വ്യത്യാസമില്ലാതെ സ്ത്രീകളും കുട്ടികളും ഇവിടെ സമരത്തിലുറച്ചുനിൽക്കുന്നത്.

ജൂൺ മാസം മൂന്നാം തീയതി വൈകിട്ട് നടന്ന പൊതുയോഗത്തിൽ സമരസമിതി ചെയർമാൻ ദേവസ്യമാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ എസ്‌യുസിഐ(സി) കോഴിക്കോട് ജില്ലാ സെക്രട്ടറി സഖാവ് എസ്.ശേഖർ സംസ്ഥാന സർക്കാരിന്റെ മദ്യനയത്തെ ശക്തമായിവിമർശിച്ചു.




**കേ**രളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള പിണറായി സർക്കാരിന്റെ തീരുമാനത്തിനെതിരെ ആലപ്പുഴയിൽ മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും എഐഎംഎസ്എസ്, എഐഡിവൈഒ, എഐഡിഎസ്ഒ എന്നീ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ നടന്നപ്രകടനം

നാടെമ്പാടും മദ്യഷാപ്പുകൾ ആരംഭിച്ചുകൊണ്ട് മദ്യവർജ്ജനം പറയുന്നവർ ജനങ്ങളെ വഞ്ചിക്കുകയാണെന്നും മദ്യശാലകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള പഞ്ചായത്തിന്റെ അധികാരം എടുത്തുകളയാനുള്ള പിണറായി സർക്കാരിന്റെ തീരുമാനം ജനവിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. ആർഎംപിഐ ജില്ലാസെക്രട്ടറി കെ.പി. പ്രകാശൻ, ബിജെപി നേതാവ് ജയകുമാർ, മദ്യവിരുദ്ധജനകീയ സമര സമിതി നേതാവ് പി.കെ.മധു, രവീന്ദ്രൻ എന്നിവരും പ്രസംഗിച്ചു. ○

# ജനാധിപത്യ-പൗരാവകാശ സംരക്ഷണ സമ്മേളനം

**ജി**ഷ്ണുവിന്റെ മാതാവ് മഹിജയുടെ സമരത്തെ സഹായിച്ചതിന്റെ പേരിൽ പൊതുപ്രവർത്തകരെ അന്യായമായി അറസ്റ്റുചെയ്ത് ജയിലിലടയ്ക്കുകയും കള്ളക്കേസ്സുകൾ ചുമത്തുകയും ചെയ്ത നടപടി ഭരണകൂട ഭീകരതയാണെന്നും ഇടതുപക്ഷമെന്നറിയപ്പെടുന്ന ഒരു ഗവൺമെന്റ് അത് ചെയ്തത് തീർത്തും നിർഭാഗ്യകരമായിപ്പോയെന്നും പ്രൊഫ.കെ.അരവിന്ദാക്ഷൻ അഭിപ്രായപ്പെട്ടു. മേയ് 19 ന് എറണാകുളം മേനകയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംഘടിപ്പിച്ച ജനാധിപത്യ-പൗരാവകാശ സംരക്ഷണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ നേരിൽ കണ്ട സംഭവത്തെയാണ് വളച്ചൊടിച്ച് കള്ളക്കേസ്സുചുമത്താനായി സർക്കാർ ഉപയോഗപ്പെടുത്തിയത്. സമരം ചെയ്യുന്നവർ ഉയർത്തിയ ആവശ്യങ്ങളിൽനിന്ന് മുഖം തിരിക്കുകയും അവർക്ക് നീതി നടപ്പാക്കികിട്ടുന്നതിന് സമയബന്ധിതവും മതിയായതുമായ ഇടപടൽ ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇത്തരമൊരു നടപടിയിലൂടെ സർക്കാർ ആരുടെ ഭാഗത്താണ് എന്നത് സംശയരഹിതമായി തെളിയിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

ജിഷ്ണുവിന്റെ അമ്മയെ സഹായിച്ചതിന്റെ പേരിൽ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ച പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും എസ്‌യുസിഐ(സി) നേതാവുമായ എം.ഷാജർഖാൻ സമ്മേളനത്തിൽ മുഖ്യപ്രസംഗം നടത്തി. സമരത്തെ പൊളിക്കാൻ സംസ്ഥാന സർക്കാരാണ് ഗൂഢാലോചന നടത്തിയത്. സമരം എന്തുനേടിയെന്നും സിപിഐ(എം) കുടുംബത്തെ റാഞ്ചിയെന്നുമൊക്കെ പറയുന്നതുവഴിതന്നെ മുൻകൂട്ടി ഉറപ്പിച്ച വഴികളിലൂടെയാണ് ഭരണസംവിധാനം നീങ്ങിയതെന്ന് വ്യക്തമായെന്ന് അദ്ദേഹം പറഞ്ഞു. രക്തബന്ധുക്കൾ മാത്രമേ വിഷയങ്ങളിൽ ഇടപെടാൻ പാടുള്ളുവെന്ന അപഹാസ്യമായ അഭിപ്രായം ഫാസിസ്റ്റുകൾക്കു മാത്രമേ പറയാനാകൂ. സ്വാശ്രയ മാഫിയ സംസ്ഥാനത്ത് ശക്തിപ്പെട്ടതിനുപിന്നിൽ അവരുമായി അവിഹിത ബന്ധം പുലർത്തുന്ന മുഖ്യധാരാ രാഷ്ട്രീയ സംവിധാനത്തിന്റെ അകമഴിഞ്ഞ പിന്തുണയാണ് ഉള്ളത്. കേരളത്തിലെ ഒരൊറ്റ വിദ്യാർത്ഥിക്കുപോലും ഇനി ഇത്തരമനുഭവം ഉണ്ടാകാതെ നോക്കാൻ ശക്തമായ വിദ്യാഭ്യാസ സംരക്ഷണപ്രസ്ഥാനം രൂപപ്പെട്ടുവന്നിരിക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ഹാഷിംചേന്ദാമ്പിള്ളി, പി.പി.സാജു, കെ.കെ.ഗോപിനായർ, കുരുവിള മാത്യൂസ്, ഏലൂർ ഗോപിനാഥ്, ജബ്ബാർ മേത്തർ, ജയ്മാധവ് മാധവശ്ശേരി, അഡ്വ. പഞ്ഞിമല ബാലകൃഷ്ണൻ, ബാബു പള്ളിക്കപ്പറമ്പിൽ, പയസ് തുരുത്തേൽ, ഫ്രാൻസിസ് കളത്തുങ്കൽ, പി.എം.ദിനേശൻ, സി.ബി.അശോകൻ, കെ.കെ.ശോഭ, കെ.ഒ.സുധീർ, കെ.പി.സാൽവിൻ, എം.കെ.ഉഷ തുടങ്ങിയവർ പ്രസംഗിച്ചു. ○




എറണാകുളത്ത് നടന്ന ജനാധിപത്യ പൗരാവകാശ സംരക്ഷണ സമ്മേളനം ജനകീയപ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/06/2017
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY

MALAYALAM MONTHLY

Vol 44 No.3
Price : Rs 5.00
June 2017

# കോസലരാമദാസ് അനുസ്മരണ സമ്മേളനം

സഖാവ് കെ.പി. കോസലരാമദാസിന്റെ നാലാം ചരമവാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ ജൂൺ 3 ന് അനുസ്മരണസമ്മേളനം നടന്നു. സി.പി.ഐ അഖിലേന്ത്യാ എക്സിക്യൂട്ടീവ് അംഗം പന്ന്യൻ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

കെ.പി.കോസലരാമദാസ് തൊഴിലാളികൾക്കുവേണ്ടി അചഞ്ചലം നിലകൊണ്ട നേതാവായിരുന്നുവെന്നും അത്തരമാളുകൾ ട്രേഡ് യൂണിയൻ രംഗത്ത് ഇപ്പോൾ വിരളമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡോ.എ.സമ്പത്ത് എം.പി മുഖപ്രഭാഷണം നടത്തി. പ്രതിലോമകരമായ സാഹചര്യത്തിലൂടെയാണ് രാജ്യം കടന്നുപോകുന്നതെന്നും മുൻഗാമികളിൽ നിന്നും പാഠമുൾക്കൊണ്ടുകൊണ്ടു മാത്രമേ തൊഴിലാളികൾക്ക് മുന്നേറാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. അനുസ്മരണ സമിതി കൺവീനർ സഖാവ് എസ്.സീതിലാൽ അധ്യക്ഷത വഹിച്ചു. അഡ്വ.കെ.എസ്.മധുസൂദനൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ, എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ, ബി.ഹരിലാൽ, എച്ച്. നന്ദലാൽ എന്നിവർ പ്രസംഗിച്ചു. സഖാവ് ഡി.ഹരികൃഷ്ണൻ സ്വാഗതവും സഖാവ് പി.എം.ദിനേശൻ കൃതജ്ഞതയും പറഞ്ഞു. ○




തിരുവനന്തപുരത്ത് നടന്ന സഖാവ് കെ.പി.കോസലരാമദാസ് അനുസ്മരണ സമ്മേളനം
സിപിഐ അഖിലേന്ത്യാ എക്സിക്യൂട്ടീവംഗം സഖാവ് പന്ന്യൻ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

## സംസ്ഥാനത്ത് മദ്യം കുത്തിയൊഴുക്കാനുള്ള തീരുമാനത്തിൽനിന്ന് സർക്കാർ പിന്തിരിയണം

സംസ്ഥാനത്ത് മദ്യം കുത്തിയൊഴുക്കുന്നതിന് വേണ്ടിയുള്ള നീക്കത്തെ മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും സംസ്ഥാന നേതാക്കൾ അപലപിച്ചു. കഴക്കൂട്ടം-ചേർത്തല, കുറ്റിപ്പുറം-കണ്ണൂർ റോഡുകൾ ദേശീയപാതകളല്ലെന്ന ബാറുടമകളുടെ വസ്തുതാവിരുദ്ധമായ വാദത്തെ കോടതിയിൽ ഫലപ്രദമായി ചോദ്യം ചെയ്യാൻ തയ്യാറാകാതിരുന്ന സർക്കാർ, അടച്ചുപൂട്ടിയ മദ്യശാലകൾ തുറന്നുപ്രവർത്തിക്കാൻ സൗകര്യമൊരുക്കാൻ ഉത്സാഹം കാട്ടുകയാണ്. മദ്യശാലകൾക്ക് പ്രവർത്തനാനുമതി നൽകാൻ നിലവിൽ പഞ്ചായത്തുകൾക്കുള്ള അധികാരം ഇല്ലായ്മചെയ്തുകൊണ്ട് പഞ്ചായത്തീരാജ്-നഗരപാലിക ആക്ട് ഭേദഗതി ചെയ്യാനും സർക്കാർ മുതിരുന്നു.

കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന മദ്യനയം പിൻവലിക്കുക, അടച്ചുപൂട്ടിയ മദ്യശാലകൾ തുറക്കരുത് എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് മദ്യവിരുദ്ധജനകീയ സമരസമിതിയുടെയും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും സംയുക്താഭിമുഖ്യത്തിൽ മേയ് 8-ന് നിയമസഭാമാർച്ച് നടത്തും. ○

## കാശ്മീരിൽ മനുഷ്യത്വവിരുദ്ധ പ്രവൃത്തിചെയ്ത പട്ടാള ഉദ്യോഗസ്ഥന് പാരിതോഷികം നൽകിയതിനെ എസ്‌യുസിഐ(സി) ശക്തമായി അപലപിക്കുന്നു

*2017 മേയ് 24 ന് എസ്‌യുസിഐ (സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന.*

ഏപ്രിൽ 9 ന് കാശ്മീരിൽ ഒരു ആർമി മേജർ ചെയ്ത ക്രൂരവും മനുഷ്യത്വരഹിതവുമായ നടപടി രാജ്യത്തെ നേരായി ചിന്തിക്കുന്ന മുഴുവനാളുകളെയും നടുക്കിക്കളഞ്ഞു. ജനങ്ങളുടെ കല്ലേറിൽനിന്ന് രക്ഷപ്പെടാൻ ഒരു സാധാരണപൗരനെ ജീപ്പിനുമുന്നിൽ മനുഷ്യകവചമായി കെട്ടിവച്ചുകൊണ്ട് പോകുകയാണുണ്ടായത്. ജനങ്ങളിൽ വലിയ പ്രതിഷേധമാണ് ഇതുണ്ടാക്കിയത്. എന്നാൽ, ജനങ്ങളുടെ പ്രതിഷേധത്തിന് പുല്ലുവില കൽപ്പിച്ചുകൊണ്ട്, മനുഷ്യാവകാശ ലംഘനത്തിന് വിചാരണചെയ്യേണ്ട ഒരു പട്ടാള ഉദ്യോഗസ്ഥനെ "കലാപകാരികളെ നേരിടുന്നതിൽ കാണിച്ച ശുഷ്കാന്തിയുടെയും നിരന്തരപരിശ്രമത്തിന്റെയും" പേരിൽ ബഹുമതി പത്രം നൽകി ആദരിച്ച നടപടി ആശങ്കാകുലരായ ജനങ്ങളെ അക്ഷരാർത്ഥത്തിൽ സ്തബ്ധരാക്കിക്കളഞ്ഞു. മുറിവേറ്റവനെ അപമാനിക്കുകകൂടി ചെയ്യുന്ന നടപടിയായിരുന്നു അത്. കാശ്മീരിൽ നിലനിൽക്കുന്ന സ്ഫോടനാത്മകമായ സാഹചര്യത്തെ കൂടുതൽ അപകടകരമാക്കിത്തീർക്കാനും ഇന്ത്യൻ പട്ടാളത്തോടും ഗവൺമെന്റിനോടും കാശ്മീരി ജനതയ്ക്കുള്ള ശത്രുത വർദ്ധിപ്പിക്കാനും മാത്രമേ ഈ നടപടി ഉപകരിക്കൂ. അങ്ങേയറ്റം നിന്ദ്യമായ ഈ നടപടിയെ നമ്മുടെ പാർട്ടി ശക്തമായി അപലപിക്കുന്നതോടൊപ്പം ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ○

# ആശ വർക്കർമാരുടെ ഡിഎംഒ ഓഫീസ് മാർച്ച്

കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ ആശവർക്കർമാർ ജൂൺ 6ന് ഡിഎംഒ ഓഫീസ് മാർച്ച് നടത്തി.

സംഘടനയുടെ സംസ്ഥാന വൈസ് പ്രസിഡന്റ് ജി.ആർ.സുഭാഷ് മാർച്ച് ഉദ്ഘാടനം ചെയ്തു.

ആശ വർക്കർമാരുടെ ദിവസവേതനം 600 രൂപയാക്കുക. മിനിമം മാസവേതനം 18,000 രൂപ ഉറപ്പാക്കുക; ആശവർക്കർമാരെ ആരോഗ്യവകുപ്പിൻകീഴിൽ സ്ഥിരം ജീവനക്കാരായി പരിഗണിക്കുകയും ലീവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കുകയും ചെയ്യുക; വെട്ടിക്കുറച്ച ഇൻസെന്റീവുകൾ പുനഃസ്ഥാപിക്കുക; അടിയന്തിര ഘട്ടങ്ങളിലെ ഫീൽഡ് വർക്കിന് ഇൻസെന്റീവ് ഏർപ്പെടുത്തുക, വേതനവും ഇൻസെന്റീവുകളും അതത് മാസം തന്നെ നൽകുക; വേതനവും ഇൻസെന്റീവുകളും മാനുഷികപരിഗണന പോലുമില്ലാതെ നിഷേധിക്കുന്ന സമീപനം തിരുത്തുക; ആശവർക്കർമാരുടെയും കുടുംബത്തിന്റെയും ആരോഗ്യപരിപാലനത്തിനും ചികിത്സയ്ക്കുമായി സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുക (ഉദാ: കർണ്ണാടക മോഡൽ ആശഫണ്ട്); യൂണിഫോം, ഡയറി, ബാഗ്, കുട, ഫോൺ ചാർജ് ചെയ്യാനുള്ള നിശ്ചിത തുക എന്നിവ അനുവദിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള നിവേദനം ഡിഎംഒയ്ക്ക് സമർപ്പിച്ചു. മാർച്ചിന് ഭാരവാഹികളായ എസ്.മിനി, സുനിതകുമാരി, അനിതകുമാരി, ശ്രീലത, പ്രസന്നകുമാരി, അജിതകുമാരി, പ്രേമ എന്നിവർ നേതൃത്വം നൽകി. ○




ആശാ വർക്കർമാർ തിരുവനന്തപുരത്ത് നടത്തിയ ഡിഎംഒ ഓഫീസ് മാർച്ച് ജി.ആർ.സുഭാഷ് ഉദ്ഘാടനം ചെയ്യുന്നു

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.